POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدۡ نَصَرَكُمُ اللّٰهُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّةٌ

വാള്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 35

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ആഗസ്റ്റ് 31/ഹി:ശം:1396 സുഹൂർ 31/ഹി:ഖ: 1438 ദുൽഹജ്ജ് 8


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 28-07-2017 ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ (ലണ്ടൻ)നിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴുംഹുദൂർഅൻവറിന്റെസംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

## അബ്ദുല്ലാ ആഥിമിനെ സംബന്ധിച്ച പ്രവചനം പൂർത്തിയായി. ഇത്ര സ്പഷ്ടമായ അടയാളങ്ങളെപ്പറ്റി ആക്ഷേപം ഉന്നയിക്കുന്നതിൽ നിന്ന് പിന്മാറാത്തവരുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ ശാപമാണ് ഉള്ളത്

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഇരുപത്തി മൂന്നാമത്തെ അടയാളം ഡപ്യൂട്ടി അബ്ദുല്ലാഹ് ആഥമിനെക്കുറിച്ചുള്ളതാണ്. വളരെ വ്യക്തമായി ആ പ്രവചനം പുലർന്നു. വാസ്തവത്തിൽ അത് രണ്ടു പ്രവചനങ്ങളായിരുന്നു. ഒന്ന്, അയാൾ പതിനഞ്ചു മാസത്തിനകം മരിക്കുന്നതാണ്. രണ്ട്, നഊദുബില്ലാഹ് നബി(സ) തിരുമേനി ദജ്ജാലായിരുന്നുവെന്ന് അയാൾ എഴുതി പ്രസിദ്ധീകരിച്ച വചനങ്ങളിൽ നിന്ന് പിന്മാറുന്ന പക്ഷം ഞാൻ എഴുതിയതു പോലെ പതിനഞ്ചുമാസത്തിനകം അയാൾ മരിക്കുകയില്ല. അബ്ദുല്ലാഹ് ആഥിം തന്റെ അന്തറൂനയെ ബൈബിൾ എന്ന ഗ്രന്ഥത്തിൽ നമ്മുടെ നബി(സ)തിരുമേനിയെ ദജ്ജാൽ എന്നുവിളിച്ച സംഗതിയായിരുന്നു പ്രവചനത്തിന്റെ അടിസ്ഥാനം. ആഥിം മരിക്കാൻ പതിനഞ്ചുദിവസത്തെ കാലയളവാണ് പ്രവചനത്തിലുണ്ടായിരുന്നത് എന്നത് ശരിയാണ്. എന്നാൽ അതോടൊപ്പം ഒരു നിബന്ധന കൂടിയുണ്ടായിരുന്നു. ആ വാക്കുകൾ ഇപ്രകാരമാണ്: സത്യത്തിലേക്ക് മടങ്ങാത്ത പക്ഷം. എന്നാൽ ആഥിം അതേ സദസ്സിൽ തന്നെ മടങ്ങുകയുണ്ടായി. നാവു പുറത്തിട്ട് ഇരുകൈകളും ചെവിയിൽ വെച്ചുകൊണ്ട് അങ്ങേയറ്റം താഴ്മയോടെ അയാൾ പാശ്ചാതാപം പ്രകടിപ്പിക്കുകയുണ്ടായി. ഒന്നോരണ്ടോ അല്ല, അറുപതോ എഴുപതോ പേർ ഇതിനു സാക്ഷികളാണ്. അതിൽ പകുതിയോളം ക്രിസ്ത്യാനികളും പകുതിയോളം മുസ്ലിംകളും ഉൾപ്പെടുന്നു.താൻ ദജ്ജാലെന്ന് വിളിച്ചിട്ടില്ലെന്ന് ഏതൊരു കൂട്ടരുടെ മുൻപിൽ വെച്ചാണോ പറഞ്ഞത് അവരിൽ അമ്പതോളം പേർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നാണ് ഞാൻ കരുതുന്നത്. പിന്നീടയാൾ മരണംവരെ അങ്ങനെയുള്ള വാക്ക് ഉച്ചരിച്ചിട്ടില്ല. ആഥിം ഇത്ര വ്യക്തമായി അറുപത് എഴുപത് ആളുകളുടെ മുൻപാകെ പറഞ്ഞിട്ടും അയാൾ പിന്മാറിയില്ലെന്ന് പറയുന്നത് ദുഷ്ടത്തരവും വഞ്ചനയുമാണ്! ദൈവകോപത്തിന് നിദാനം ദജ്ജാൽ എന്ന പദത്തിലായിരുന്നു. അതിന്റെ അടിസ്ഥാനത്തിലായിരുന്നു പ്രവചനമുണ്ടായിരുന്നത്. ആ പദപ്രയോഗത്തിൽ നിന്ന് പിന്മാറണമെന്നായിരുന്നു നിബന്ധന. മുസ്ലിം ആകണമെന്ന് പ്രവചനത്തിൽ പരാമർശമില്ല. അങ്ങനെ അയാൾ അങ്ങേയറ്റം താഴ്മയോടെ പിന്മാറിയപ്പോൾ അല്ലാഹുവും കാരുണ്യത്തോടെ മടങ്ങി. ആഥിം ഇസ്ലാം സ്വീകരിക്കുന്നതുവരെ നാശത്തിൽ നിന്നും രക്ഷപ്പെടില്ല എന്നായിരുന്നില്ല ദൈവികവെളിപാടിന്റെ ഉദ്ദേശ്യം. എന്തെന്നാൽ, ഇസ്ലാമിനെ നിഷേധിക്കുന്ന കാര്യത്തിൽ ക്രിസ്ത്യാനികളെല്ലാം ഉൾപ്പെടുന്നു. ഇസ്ലാം സ്വീകരിക്കാൻ ബലം പ്രയോഗിക്കുന്നവനല്ല ദൈവം. ഇന്ന വ്യക്തി ഇത്ര കാലത്തിനുള്ളിൽ ഇസ്ലാം സ്വീകരിച്ചില്ലെങ്കിൽ മരിക്കുമെന്ന് പ്രവചിക്കുന്നത് തികച്ചും യുക്തിരഹിതമാണ്. ഇസ്ലാമിനെ നിഷേധിക്കുന്നവരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ് ലോകം. ഇസ്ലാമിനെ നിഷേധിച്ചതു കൊണ്ടു മാത്രം ലോകത്ത് ആരുടെമേലും ശിക്ഷയിറങ്ങാവതല്ലെന്ന് ഞാൻ പലവട്ടം എഴുതിയിട്ടുള്ളതാണ്. ആ പാപത്തിന്റെ ശിക്ഷ ഖിയാമത്തിലാണുണ്ടാവുക. ഇസ്ലാം നിഷേധം കാരണം മറ്റുള്ളവരെ അപേക്ഷിച്ച് അയാളുടെ മരണം പ്രവചിക്കാൻ ആഥിമിന് എന്തു പ്രത്യേകതയാണുള്ളത്?. അയാൾ നബി(സ)തിരുമേനിയുടെ പരിശുദ്ധ അസ്തിത്വത്തെക്കുറിച്ചു ദജ്ജാൽ എന്ന് പ്രയോഗിച്ചത് മാത്രമായിരുന്നുകാരണം. അറുപത് എഴുപത് ആളുകളുടെ മുൻപിൽ വെച്ചാണ് അയാൾ അതുചെയ്തത്. ഒരുപാട് മാന്യവ്യക്തികൾ ആ സദസ്സിൽ സന്നിഹിതരായിരുന്നു. എന്നാൽ പിന്നീടയാൾ ആ പദപ്രയോഗത്തിൽ നിന്ന് പിന്മാറിയപ്പോൾ, എന്നല്ല കരഞ്ഞുകൊണ്ടിരുന്നപ്പോൾ ദൈവസമക്ഷം അയാൾ കാരുണ്യത്തിനർഹനായി. അതും അയാളുടെ മരണത്തിൽ ഏതാനും മാസം കാലതാമസം ഉണ്ടായി എന്നു മാത്രം. എന്റെ ജീവിതത്തിൽതന്നെ അയാൾ മരണപ്പെടുകയും ചെയ്തു. ആ സംവാദം ഒരു മുബാഹലയുടെ രൂപത്തിലായിരുന്നതിനാൽ അതനുസരിച്ച് തന്റെ മരണംകൊണ്ട് അയാൾ വ്യാജനെന്ന് തെളിയിക്കപ്പെട്ടിരിക്കെ ഇതുവരെയും ആ പ്രവചനം പൂർത്തിയായില്ലെന്നാണോ? തീർച്ചയായും പൂർത്തിയായി; അതും വളരെ സ്പഷ്ടമായി. ഇത്ര സ്പഷ്ടമായ അടയാളങ്ങളെപ്പറ്റി ആക്ഷേപം ഉന്നയിക്കുന്നതിൽ നിന്ന് പിന്മാറാത്തവരുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ ശാപമാണ് ഉള്ളത്. അവർ ആഗ്രഹിക്കുകയാണെങ്കിൽ ആഥിം പിന്മാറി എന്നതിന് ഏതാണ്ട്നാല്പത് ആളുകളെ സാക്ഷികളായി അവതരിപ്പിക്കാൻ എനിക്ക് കഴിയും. അക്കാരണം കൊണ്ട് തന്നെയാണ് അയാൾ സത്യം ചെയ്യാതിരുന്നതും. എല്ലാ ക്രിസ്ത്യാനികളും സത്യം ചെയ്തു പോന്നിട്ടുണ്ട്. യേശു സ്വയംതന്നെ സത്യം ചെയ്തിട്ടുണ്ട്. ഈ ചർച്ച നമുക്ക് നീട്ടിക്കൊണ്ടു പോകേണ്ടതില്ല. ആഥിം ഇപ്പോൾ ജീവിച്ചിരിപ്പില്ലല്ലോ. പതിനൊന്ന് വർഷത്തിലധികമായി അയാൾ മരണപ്പെട്ടിട്ട്.

#### അടിക്കുറിപ്പ്

ആഥിമിന് ഇൽഹാമിലെ നിബന്ധനപ്രകാരം കാലവിളംബം ആഥിമിന് നല്കപ്പെട്ടപ്പോൾ അയാൾ അതിന് നന്ദി പറഞ്ഞില്ല എന്നത് ആയിരക്കണക്കിന് ആളുകൾക്ക് അറിവുണ്ടായിരിക്കുമല്ലോ. ഈ വിപത്ത് തലയിൽ നിന്ന് ഊരിയല്ലോ എന്നുകരുതി അയാൾ സത്യം മറച്ചുവെച്ചുകൊണ്ട് താൻ ഭയപ്പെട്ടില്ലെന്ന് പറഞ്ഞുകൊണ്ട് സത്യം ചെയ്യാൻ വിസമ്മതിച്ചു. എന്നാൽ, ഇഞ്ചീലിലെ എല്ലാ മഹത്തുക്കളും സത്യം ചെയ്തുവന്നിട്ടുണ്ട്. യേശു സ്വയം സത്യം ചെയ്തിട്ടുള്ളതായി ഇഞ്ചീലിൽ നിന്ന്വ്യക്തമാണ്. പൗലോസും പത്രോസും സത്യംചെയ്തിട്ടുണ്ട്. അങ്ങനെ അയാൾ സത്യം മറച്ചുവെച്ചതിനു ശേഷം ഉടനെ അയാൾ മരണപ്പെടുമെന്ന് ദൈവം എനിക്ക് വെളിപ്പെടുത്തിതന്നു. അങ്ങനെ ഇതുസംബന്ധമായി ഞാൻ ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. അയാളുടെ മരണത്തെക്കുറിച്ച് എന്റെ രണ്ടാമത്തെ ഇൽഹാം പ്രസിദ്ധം ചെയ്ത തീയതിമുതൽ പതിനഞ്ചു മാസത്തിനകംതന്നെ അയാൾ മരണപ്പെട്ടു. അങ്ങനെ സന്മാർഗം ഉപേക്ഷിക്കുകയും സത്യം മറച്ചുവെയ്ക്കുകയും ചെയ്ത ആഥിമിന് അതേ പതിനഞ്ചു മാസംതന്നെ നിലനിർത്തി. അതിനെപ്പറ്റി നമ്മുടെ എതിരാളികളുടെ വീടുകളിൽ വിലാപമാണ് ഉള്ളത്.

## 123-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 123-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2017 ഡിസംബർ 29,30,31(വെള്ളി, ശനി, ഞായർ)തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജർമൻ പര്യടനം ഏപ്രിൽ 2017

## ഖലീഫയുടെ വ്യക്തിത്വം വളരെ മാസ്മരികവും നീതി ന്യായത്തിൽ അധിഷ്ഠിതവും പക്ഷപാതിത്വമില്ലാത്തതുമാണ്

**★ഖലീഫയുടെ പ്രസംഗം വളരെ സ്വാധീനമുളവാക്കുന്നതും ഹൃദയത്തിന്റെ ഉള്ളറയിൽ വരെ സ്വാധീനമുണ്ടാക്കുന്നതുമാണ്. പ്രത്യേകിച്ചും ശാന്തി സന്ദേശ വിഷയത്തിൽ. നാം ഏവരും ഖലീഫ പറഞ്ഞതുപോലെ തങ്ങളുടെ അയൽവാസികളെ പരിഗണിക്കുന്നവരായിരുന്നെങ്കിൽ ലോകം എത്രയോ സുന്ദരമാകും. ★ഖലീഫത്തുൽ മസീഹ് ഇത്ര നല്ല രീതിയിൽ ഇസ്‌ലാമികധ്യാപനങ്ങൾ സമർപ്പിക്കുമെന്ന് നമുക്ക് ഗണിക്കാൻ സാധിച്ചിരുന്നില്ല. പ്രത്യേകിച്ചും, രാജ്യത്തെ നിയമങ്ങളെ പാലിക്കുന്നതിനെ സംബന്ധിച്ച അധ്യാപനങ്ങൾ. ഹുസൂറിന്റെ പരിശുദ്ധ വ്യക്തിത്വത്തിന്റെ സ്വാധീനം ടെന്റിൽ പ്രവേശിച്ച സമയം മുതൽ പുറത്തു പോകുന്നതു വരെ അനുഭവപ്പെട്ടു. ★ഖലീഫയുടെ വാക്കുകൾ അത്യന്തം സ്വാധീനമുളവാക്കുന്നതാണ്. ★ഖലീഫയുടെ വ്യക്തിത്വം വളരെ മാസ്മരികവും നീതിന്യായത്തിൽ അധിഷ്ഠിതവും പക്ഷപാതിത്വമില്ലാത്തതുമാണ്. ★ഒരു മതനേതാവിനു വേണ്ട എല്ലാ സവിശേഷതകളും അദ്ദേഹത്തിൽ കാണപ്പെടുന്നു. ★ഖലീഫത്തുൽ മസീഹിൽ നിന്ന് സംതൃപ്തിയുടെയും സമാധനത്തിന്റെയും അന്തരീക്ഷം അനുഭവപ്പെടുന്നു. ഇതര മുസ്‌ലിംകളെ അപേക്ഷിച്ച് വളരെ നല്ല രൂപത്തിൽ തന്റെ പ്രസംഗത്തൽ ഇസ്‌ലാമികാധ്യാപനങ്ങൾ അദ്ദേഹം സമർപ്പിക്കുകയുണ്ടായി. ★ഖലീഫ ഊഷ്മള മനസ്സിന്റെ ഉടമയായ മൗനിയായ മനുഷ്യനാണ്. കാര്യങ്ങളെ വളരെ നല്ല രൂപത്തിലാണ് സമർപ്പിക്കുന്നത്. ഒരു ആത്മീയ വ്യക്തിയിൽ നിന്ന് പ്രതീക്ഷിക്കുന്നതെല്ലാം നിങ്ങളുടെ ഖലീഫയിൽ ഉണ്ട്.**

**(ഹുസൂർ അൻവർ അയ്യദഹുല്ലായുടെ ആത്മീയത പ്രസരിക്കുന്ന പ്രഭാഷണം ശ്രവിച്ചതിന് ശേഷം അതിഥികളുടെ പ്രതികരണങ്ങൾ)**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

**(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)**

**2017 ഏപ്രിൽ 18 ചൊവ്വാഴ്ച**

**പള്ളിയുടെ തറക്കലിടുന്ന ചടങ്ങ്**

ശേഷം ഹുസൂർ മാർക്കിയിലെത്തി.പള്ളിയുടെ തറക്കലിടുന്ന ചടങ്ങിന് തുടക്കം കുറിച്ചു.ഹാഫിസ് ഫഖ്ർ അഹ്മദ് സാഹിബിന്റെ തിലാവത്തിന് ശേഷം കാമറാൻ വഡായിച്ച് സാഹിബ് ജർമൻ തർജ്ജമ കേൾപ്പിച്ചു.

**ജർമൻ അമീറിന്റെ ആമുഖ പ്രസംഗം**

ജർമൻ അമീർ അബ്ദുല്ലാ വാഗസ് ഹൗസ് തന്റെ ആമുഖ പ്രഭാഷണം നിർവഹിച്ചു കൊണ്ട് എല്ലാ അതിഥികൾക്കും സ്വാഗതം പറഞ്ഞു. ഇന്ന് അഹ്മദികളുടെ സന്തോഷദിനമാണെന്നും പറഞ്ഞു. ഹദ്റത്ത് ഇബ്റാഹീം നബി കഅബ രണ്ടാമത് പുതുക്കി പണിഞ്ഞപ്പോൾ ചെയത ദുആയാണ് ഇവിടെ തിലാവത്തിൽ കേട്ടത്. എന്റെ പ്രാർത്ഥനയും ഇതു തന്നെയാണ്.അല്ലാഹു ഈ പള്ളിയെ ഒരു സമാധാന ഗേഹമാക്കട്ടെ. പിന്നീടദ്ദേഹം റോഹൈം പട്ടണത്തെക്കുറിച്ച് ഒരു ലഘുവിവരണം നല്കി. തുടർന്ന് റോൻഹൈം പട്ടണ മേയർ മിസ്റ്റർ. തോമസ് ജൂഹെ അതുപോലെ സംസ്ഥാന പാർലമെന്റംഗം മിസിസ്.സാബിനെ സ്കോൾ സാഹിബ സദസ്സിനെ അഭിസംബോധന ചെയ്തു സംസാരിച്ചു.

**ഹുസൂറിന്റെ പ്രഭാഷണം.**

6.27 ന് ഹുസൂറിന്റെ പ്രഭാഷണം.ആരംഭിച്ചു.തശഹുദും തഅവ്വുദും തസ്മിയയും ഓതിയതിന് ശേഷം ഹുസൂർ പറഞ്ഞു: ആദരണീയ അതിഥികളേ.

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹ് വബർക്കാത്തുഹു.

ഉന്നതനായ ദൈവം നിങ്ങളെയെല്ലാം ശാന്തി സമാധാനത്തിൽ വെക്കട്ടെ. പ്രത്യേകിച്ചും, ഇന്നുണ്ടായിരിക്കുന്ന ലോകത്തിന്റെ അവസ്ഥകളുടെ സാഹചര്യത്തിൽ. ഇന്ന് കേവലം മതപരമായ വിഭാഗങ്ങളിൽ നിന്നോ അഥവാ ഇപ്പോൾ പറയപ്പെടുന്നതു പോലെ ചില മുസ്‌ലിം തീവ്രവാദ സംഘടനകളിൽ നിന്നും മാത്രമല്ല ഭയവും അപകടവും പതിയിരിക്കുന്നത്. ഇന്നു ലോകത്ത് സംഭവിച്ചു കൊണ്ടിരിക്കുന്ന പുതിയ സംഭവവികാസങ്ങളും രാഷ്ട്രങ്ങൾ തമ്മിൽ രൂപപ്പെട്ടു വരുന്ന ശത്രുതകളും കാരണത്താൽ വലിയ ഭീതി ഉണ്ടായിക്കൊണ്ടിരിക്കുന്നു. യൂറോപ്പിലും കൊറിയൻ പ്രദേശങ്ങളിലും വിദൂര കിഴക്കൻ പ്രദേശങ്ങളിലും അമേരിക്കയിലും യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടാവുന്നതാണ്. അതിനാൽ നാമേവരും സമാധാനത്തിന്റെ വഴിയിൽ വളരെ ശ്രമങ്ങൾ ചെയ്യേണ്ടതുണ്ട്. ഇതിനു വേണ്ടി പ്രാർത്ഥിക്കേണ്ടതുമുണ്ട്. അതുകൊണ്ടാണ് ഞാനാദ്യം സമാധാനത്തിന്റെ സന്ദേശം നല്കുകയുണ്ടായത്. മനുഷ്യത്വത്തെ സ്നേഹിക്കുന്ന ഏതൊരു വ്യക്തിയും ഇക്കാര്യം മനസ്സിലാക്കേണ്ടതാണ്. അതിനു വേണ്ടി പരിശ്രമിക്കേണ്ടതാണ്. രാഷ്ട്രീയക്കാർ തങ്ങളുടെ ഭരണകൂടങ്ങളെ യുദ്ധങ്ങൾക്കു പകരം സമാധാനത്തിനു വേണ്ടി പരിശ്രമിക്കാൻ പ്രേരിപ്പിക്കേണ്ടതുണ്ട്. അത് വ്യാപിപ്പിക്കാൻ വേണ്ടി നാം കൂടുതൽ ശ്രമിക്കേണ്ടതാണ്

ഇസ്‌ലാമിന്റെ അർഥം തന്നെ സമാധാനമെന്നാണ്. ചില വിഭാഗങ്ങൾ, ചില തീവ്രവാദ വിഭാഗങ്ങൾ ഇസ്‌ലാമിന്റെ നാമത്തെ അപകീർത്തിപ്പെടുത്തിയിരിക്കുന്നു. മുസ്‌ലിം രാജ്യങ്ങളിലും ഇതു കാരണത്താൽ കൊല്ലും കൊലപാതകവും നടന്നു കൊണ്ടിരിക്കുന്നു.

ഭരണകൂടത്തിന്റേയും പൊതുജനങ്ങളുടേയും ഇടയിലും തീവ്രവാദ വിഭാഗങ്ങൾക്കിടയിലും യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു. ഇതേ തീവ്രവാദ വിഭാഗങ്ങളിൽ ചിലർ പടിഞ്ഞാറൻ രാജ്യങ്ങളിലും ഇതേ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ജർമനിയിലും ചില സംഭവങ്ങളുണ്ടായി. ഫ്രാൻസിലും ബെൽജിയത്തിലും സംഭവിച്ചു.ഇതുകാരണത്താൽ അമുസ്‌ലിം രാഷ്ട്രങ്ങളിൽ ഇസ്‌ലാമിനെതിരെ തെറ്റായ ചിന്താഗതികൾ വളർന്നു വരുന്നു. അതുകൊണ്ടാണ് ഇസ്‌ലാമിന്റെ യാഥാർഥ്യം തിരിച്ചറിയാൻ സാധിക്കാതെ പോകുന്നത്. ഇവിടിരിക്കുന്നവരുടെ മനസ്സിലും ചിലപ്പോൾ ഇസ്‌ലാം തീവ്രവാദത്തിന്റെ മതമാണെന്ന ചിന്ത ഉണ്ടായേക്കാം. പള്ളി നിർമിക്കപ്പെടുമ്പോൾ നിങ്ങളുടെയുള്ളിലും ഭയങ്ങൾ വരാൻ കാരണമതാണ്. എന്നാലിവിടെ വന്ന പ്രസംഗകർ അഹ്മദിയ്യാ ജമാഅത്തിലെ വ്യക്തികൾക്ക് ഇവിടുത്തെ സമൂഹത്തിൽ നല്ല സ്വാധീനമുണ്ടെന്ന് പറയുകയുണ്ടായി.എനിക്കതിൽ വളരെ സന്തോഷമുണ്ട്.

അഹ്മദിയ്യാ മുസ്‌ലിംകൾ ശാന്തിസമാധാനവും സ്നേഹാദരവും വ്യാപിപ്പിക്കുന്നതിനും സമൂഹവുമായി ലയിക്കുന്നതിനും തങ്ങളുടേതായ മാതൃക കാണിക്കാറുണ്ട്. യഥാർഥ ഇസ്‌ലാമും ഇതു തന്നെ. പള്ളി നിർമാണത്തിന് ശേഷം ഉന്നതനിലയിൽ ഈ മാതൃകകൾ ഉയർന്നു വരുന്നതാണ്. പള്ളി ഇവിടെ സ്ഥാപിതമായി കഴിയുമ്പോൾ ഇതിന്റെ മിനാരങ്ങളിൽ നിന്നും വെറുപ്പിന്റെ ആർപ്പുവിളികളല്ല വരുന്നതെന്നും മറിച്ച് ശാന്തി സമാധാനത്തിന്റെ ശബ്ദമാണ് മുഖരിതമാകുന്നതെന്നും മനസ്സിലാകുന്നതാണ്. സ്നേഹത്തിന്റെ ആർത്തനാദം ഇവിടുന്നുയരുന്നതാണ്. പാരായണം ചെയ്ത വചനത്തിൽ ഇബ്രാഹീം നബിയുടെ കാര്യം സ്മരിക്കപ്പെട്ടിരുന്നു. നമ്മുടെ അമീർ സാഹിബും സൂചിപ്പിച്ചിരുന്നു. ഇസ്മായീൽ നബിയോടൊപ്പം അദ്ദേഹം കഅ്ബാലയത്തിന് അസ്തിവാരം ഇടുകയുണ്ടായി. ഇതേ മാതൃകയെ പിൻപറ്റിക്കൊണ്ടാണ് നമ്മുടെ പള്ളിയും സ്ഥാപിതമാകുന്നത്. ഏകദൈവത്തെ ആരാധിക്കുവാനും ഈ സ്ഥലത്തെ സാന്തി സമാധാനത്തിന്റെ ഗേഹം ആക്കേണമേ എന്നായിരുന്നു അവർ പ്രാർഥിച്ചത്.

നമ്മുടെ പള്ളി ഈ മാതൃകയനുസരിച്ച് സ്ഥാപിതമാകുന്നു. അങ്ങനെ തന്നെയാകേണ്ടതുമാണ്. ഇബ്റാഹീം നബി ഇസ്മായീൽ നബിയോടൊപ്പം കഅ്ബാലയത്തിന് അസ്തിവാരം ഇട്ടതുപോലെയാണ് ഈ ഭവനത്തിനും ഇടപ്പെട്ടത്.അപ്പോൾ നമ്മുടെ പള്ളികൾക്കും ശാന്തി സമാധാനത്തിന്റെ സ്ഥാനമുണ്ടാകേണ്ടതാണ്. ഇതു തന്നെയാണ് ഇതിന്റെ ലക്ഷ്യവും.

മേയർ സാഹിബിന്റെ വികാരങ്ങൾക്ക് നന്ദി രേഖപ്പെടുത്തുകയാണ്. അദ്ദേഹം അയൽവാസികളുടെ അവകാശങ്ങളെ കുറിച്ച് പരാമർശിച്ചു കൊണ്ട് അഹ്മദികൾ അയൽവാസികളുടെ അവകാശങ്ങൾ നിർവഹിക്കുന്നവാണെന്ന് സൂചിപ്പിക്കയുണ്ടായി. പരസ്പര ബന്ധങ്ങൾ നിലനിർത്തുന്നവരാണ്. അയൽവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതുമായി ഇസ്‌ലാമിൽ എത്രമാത്രം കൽപ്പനയും താക്കീതുമുണ്ടെന്നാൽ ഇസ്‌ലാം മത സ്ഥാപകരായ നബി തിരുമേനി(സ) ഇപ്രകാരം അരുളുകയുണ്ടായി: ഉന്നതനായ അല്ലാഹു ആവർത്തിച്ചാവർത്തിച്ച് എന്നോട് അയൽവാസികളുടെ അവകാശങ്ങളിലേക്ക് ശ്രദ്ധ തിരിക്കുകയുണ്ടായി. ഒരു സമയത്ത് എനിക്ക് അയൽവാസികളെ അനന്തരാവകാശ സ്വത്തവകാശത്തിലും ഉൾപ്പെടുത്തിയേക്കുമോ എന്ന ചിന്ത വന്നു. എന്നല്ല വിശുദ്ധ ഖുർആനിലും അയൽവാസികളുടെ അവകാശങ്ങളെ കുറിച്ച് വളരെ വിശദീകരിച്ചിട്ടുണ്ട്. അയൽപക്കത്തിന്റെ പ്രാധാന്യമാണിത്. ഇതിന്റെ അവകാശങ്ങൾക്ക് ഒരു വൃത്തമുണ്ട്. ഇതിന്റെ വിശാലത എത്രമാത്രമെന്നാൽ കേവലം തൊട്ടടുത്ത് താമസിക്കുന്നവർ മാത്രമല്ല അയൽവാസിയുടെ ഗണത്തിൽ വരിക. ചുറ്റിലും താമസിക്കുന്ന എല്ലാവരും ഈ വൃത്തത്തിൽ വരുന്നു.നിങ്ങളോടൊപ്പം യാത്ര ചെയ്യുന്നവരും നിങ്ങളുടെ അയൽവാസിയുടെ ഗണത്തിൽ വരും. നിങ്ങളോടൊപ്പം ജോലി ചെയ്യുന്നവരും അയൽവാസിയാണ്. ഇപ്രകാരം ഈ വൃത്തം വ്യാപിച്ചുകൊണ്ടേയിരിക്കുന്നു. എന്നല്ല മറ്റൊരിടത്തിൽ ആ മഹാത്മാവ് നിങ്ങളുടെ അയൽപക്കം 40 വീടുകൾ വരെയാണെന്ന് പറയുകയുണ്ടായി. നാലു ഭാഗവും 40 വെച്ച് നോക്കുമ്പോൾ ഒരഹ്മദിക്ക് 160 അയൽ പക്കം ഉണ്ടായിത്തീരുന്നു.ഇപ്രകാരം ഓരോ അഹ്മദിയുടേയും അയൽപക്കം വ്യാപിച്ചു കൊണ്ടേ പോയാൽ പട്ടണം മുഴുവനും അവരുടെ അയൽവാസികളായി മാറുന്നു. ഇതേ അവസ്ഥ ദൈവനിശ്ചയമുണ്ടെങ്കിൽ നമ്മുടെ പള്ളിയുടേയും ആയിരിക്കും.

പള്ളി നിർമ്മിതമായി കഴിഞ്ഞാൽ ഇതിൽ വരുന്നവരുടെ മേൽ നിർബന്ധമായും അയൽവാസികളുടെ അവകാശങ്ങളെ കുറിച്ചുള്ള വികാരം ഉണ്ടാകേണ്ടതുണ്ട്. പള്ളി അവർക്ക് ഒരു വിധത്തിലും പ്രയാസത്തിന് കാരണമാകരുത്. ഇവിടെ താമസിക്കുന്നവരുടെ ഉള്ളിൽ വരാൻ സാധ്യതയുള്ള

ശേഷം പേജ് 6ൽ

# ഖുത്ബ ജുമുഅ

**അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജൽസ സാലാന യു.കെ. ഇന്ന് ആരംഭിക്കുകയാണ്. ഈ ദിനങ്ങളിൽ ദുആകളിൽ ഊന്നൽ നല്കുക. അല്ലാഹു ഈ ജൽസയെ എല്ലാവിധത്തിലുംവിജയപ്രദവും അനുഗ്രഹ പൂർണവും ആക്കിത്തീർക്കുന്നതിനു വേണ്ടി കഴിവുള്ളവർ സദഖകളും നല്കുക. ഇവിടെജൽസയിൽ പങ്കെടുക്കുന്നവരും എംടിഎയിലൂടെ ജൽസയുടെ പരിപാടികൾ കേൾക്കുന്ന ലോകത്തെ വിവിധ രാജ്യങ്ങളിലെ അഹ്മദികളും ജൽസ എല്ലാ നിലയിലും വിജയകരമാകുന്നതിനും ശത്രുക്കളുടെ എല്ലാകുഴപ്പങ്ങളിൽ നിന്ന് രക്ഷ നേടുന്നതിനും ദുആചെയ്യുക.**

**ജൽസയിൽ അതിഥികൾക്ക് ആതിഥ്യമരുളുന്നതിലേക്ക് ഞാൻ കഴിഞ്ഞ ഖുതുബയിൽ പ്രവർത്തകരെ ഉപദേശിച്ചിരുന്നു. ഇന്ന് ഞാൻ അതിഥികളോട് അവർക്കും ചെയ്യേണ്ടതായ കടമകളും ചുമതലകളുമുണ്ടെന്നതിലേക്ക് ചുരുങ്ങിയ നിലയിൽ അവരുടെ ശ്രദ്ധ തിരിക്കുകയാണ്.**

**അതിഥിക്ക് ഇസ്‌ലാമിൽ ഒരുപാട് അവകാശങ്ങൾ ഉണ്ടെന്നത് ശരിതന്നെ. പക്ഷേ, വളരെ സന്തുലിതമായ അധ്യാപങ്ങൾ നല്കുന്ന മതമാണ് ഇസ്‌ലാം. അത് ഒരു വിഭാഗത്തിന്റെ ഉത്തരവാദിത്തങ്ങളിലേക്ക് മാത്രമല്ല ശ്രദ്ധ ചെലുത്തുന്നത്. മറിച്ച്, മറ്റേവിഭാഗത്തോടും അവരുടെ കടമകളും ചുമതലകളും നിർവഹിക്കുവാൻ പറിയുകയും അതു ചെയ്യാൻ അനുശാസിക്കുകയുംചെയ്യുന്നു. കാരണം, ഇതിലൂടെയാണ് സ്നേഹത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ ഒരുസമൂഹത്തെ കെട്ടിപ്പടുക്കാൻ സാധിക്കുകയുള്ളു.**

**ജൽസയിൽ വരുന്നതിന്റെ ഉദ്ദേശ്യം തഖ്‌വയിൽ പുരോഗതി പ്രാപിക്കുകഎന്നതാണ്; ദൈവവുമായുള്ള തന്റെ ബന്ധത്തെ സുദൃഢമക്കുകയാണ്; പരസ്പരമുള്ള കടമകളെ നിർവ്വഹിക്കലാണ്; പരസ്പരം ത്യാഗം ചെയ്യാനുള്ള വികാരത്തെയും അതിന്റെ നിലവാരത്തെയും വർദ്ധിപ്പിക്കലാണ്.**

**ജൽസയിൽ പങ്കെടുക്കാൻ വരുന്നവർ അതിഥി എന്ന നിലക്ക് തങ്ങളർഹിക്കുന്നതിനേക്കാൾ കൂടുതൽ പെരുമാറ്റവും സുഖസൗകര്യങ്ങളും പ്രതീക്ഷിക്കുന്ന അതിഥികൾ മാത്രമല്ല. മറിച്ച്, ത്യാഗത്തിന്റെ ഉന്നത നിലവാരം കരസ്ഥമാക്കുന്നവരും ആയിത്തീരേണ്ടതാണ്. ജൽസ സംഘടിപ്പിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ അവർ എപ്പോഴും മുന്നിൽ വെയ്ക്കേണ്ടതാണ്. ആ ലക്ഷ്യം, ഞാൻ പറഞ്ഞതു പോലെ, അല്ലാഹുവുമായുള്ള ബന്ധവും ആത്മീയാഭിവൃദ്ധിയും പരസ്പരമുള്ള കടമകൾ നിർവ്വഹിക്കലുമാണ്.**

**അനഹ്മദികളായ അതിഥികളെ സംബന്ധിച്ചിടത്തോളം തീർച്ചയായും നാം അവരുടെആവശ്യങ്ങളെ ശ്രദ്ധിക്കുകയും ലഭ്യമായ സൗകര്യങ്ങളനുസരിച്ച് എത്രമാത്രം നല്കാൻ സാധിക്കുമോ ആതിഥ്യമര്യാദയുടെ കടമ നിർവഹിക്കാൻ സാധിക്കുമോ അത് നിവഹിക്കുകയും ചെയ്യേണ്ടതാണ്. ഒരു അഹ്മദി ജൽസയിൽ പങ്കെടുക്കാൻ വരുമ്പോൾ അവൻ തന്നെക്കുറിച്ച് അതിഥിയും ആതിഥേയനുമാണെന്ന് മനസ്സിലാക്കണം. അപ്പോഴാണ് ത്യാഗത്തിന്റെ നിലവാരം വർദ്ധിക്കുകയും ജൽസയുടെ അന്തരീക്ഷം സമാധാനനിർഭരവും സ്നേഹനിർഭരവും ആയിത്തീരുന്നത്.**

**ജൽസ സാലാനയിൽ പങ്കെടുക്കുന്നവർക്ക് വാഗ്ദത്ത മസീഹി(അ)ന്റെ ഉപദേശങ്ങളുടെ വെളിച്ചത്തിൽ സുപ്രധാന നിർദേശങ്ങൾ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

2017 ജൂലൈ 28/1396 വഫാ 28

**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ(യു.കെ)**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ- اِهْدِنَا

الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജൽസ സാലാന യു.കെ. ഇന്ന് ആരംഭിക്കുകയാണ്. ഈ ദിനങ്ങളിൽ ദുആകളിൽ ഊന്നൽ നല്കുക. അല്ലാഹു ഈ ജൽസയെ എല്ലാവിധത്തിലും വിജയപ്രദവും അനുഗ്രഹപൂർണവും ആക്കിത്തീർക്കുന്നതിനു വേണ്ടി കഴിവുള്ളവർ സദഖകളും നല്കുക. ഇവിടെ ജൽസയിൽ പങ്കെടുക്കുന്നവരും എംടിഎയിലൂടെ ജൽസയുടെ പരിപാടികൾ കേൾക്കുന്ന ലോകത്തെ വിവിധ രാജ്യങ്ങളിലെ അഹ്മദികളും ജൽസ എല്ലാ നിലയിലും വിജയകരമാകുന്നതിനും ശത്രുക്കളുടെ എല്ലാ കുഴപ്പങ്ങളിൽ നിന്ന് രക്ഷ നേടുന്നതിനും ദുആ ചെയ്യുക. ജൽസയിൽ അതിഥികൾക്ക് ആതിഥ്യമരുളുന്നതിലേക്ക് ഞാൻ കഴിഞ്ഞ ഖുതുബയിൽ പ്രവർത്തകരെ ഉപദേശിച്ചിരുന്നു. ഇന്ന് ഞാൻ അതിഥികളോട് അവർക്കും ചെയ്യേണ്ടതായ കടമകളും ചുമതലകളുമുണ്ടെന്നതിലേക്ക് ചുരുങ്ങിയ നിലയിൽ അവരുടെ ശ്രദ്ധ തിരിക്കുകയാണ്. അതിഥിക്ക് ഇസ് ലാമിൽ ഒരുപാട് അവകാശങ്ങൾ ഉണ്ടെന്നത് ശരിതന്നെ. പക്ഷേ, വളരെ സന്തുലിതമായ അധ്യാപനങ്ങൾ നല്കുന്ന മതമാണ് ഇസ്‌ലാം. അത് ഒരു വിഭാഗത്തിന്റെ ഉത്തരവാദിത്തങ്ങളിലേക്ക് മാത്രമല്ല ശ്രദ്ധ ചെലുത്തുന്നത്. മറിച്ച്, മറ്റേവിഭാഗത്തോടും അവരുടെ കടമകളും ചുമതലകളും നിർവഹിക്കുവാൻ പറിയുകയും അതു ചെയ്യാൻ അനുശാസിക്കുകയും ചെയ്യുന്നു. കാരണം, ഇതിലൂടെയാണ് സ്നേഹത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കാൻ സാധിക്കുകയുള്ളു.

വാഗ്ദത്ത മസീഹ്(അ) അതൃപ്തി പ്രകടിപ്പിച്ചു കൊണ്ട് ഒരു വർഷം ജൽസ നടത്തിയില്ല. അതിനു കാരണം ജൽസയിൽ പങ്കെടുത്തവരുടെ ചീത്ത മനോഭാവമായിരുന്നു. അതായത്, വന്ന അതിഥികൾ തങ്ങളുടെ കടമകളും ചുമതലകളും നിർവഹിക്കാത്തതിനാൽ അത് വാഗ്ദത്ത മസീഹി(അ)ന്റെ മനോവേദനയ്ക്കും അതൃപ്തിക്കും കാരണമായി. ജൽസയിൽ പങ്കെടുത്തവരിൽ നിന്ന് നേരിട്ട് വല്ല പ്രയാസവും ഉണ്ടായതു കൊണ്ടല്ല അവിടുന്ന് അതൃപ്തി പ്രകടിപ്പിച്ചത്. മറിച്ച്, ജൽസയിൽ പങ്കെടുക്കുന്നവർ പരസ്പരമുള്ള കടമകൾ നിർവഹിക്കുന്നില്ലെന്ന് മാത്രമല്ല സ്വാർഥതയും തന്നിഷ്ടവുമാണ് പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നതെന്ന് അവിടുന്ന് തുറന്നു പറഞ്ഞു. സ്വന്തം സുഖത്തിനെ മറ്റുള്ളവരുടെ സുഖത്തിനേക്കാൾ പ്രാമുഖ്യം നല്കുന്നു. ജൽസയെ അവർ ഒരു ഭൗതിക മേള പോലെയാണ് കാണുന്നത്. എന്നാൽ ജൽസയിൽ വരുന്നതിന്റെ ഉദ്ദേശ്യം തഖ്‌വയിൽ പുരോഗതി പ്രാപിക്കുക എന്നതാണ്; ദൈവവുമായുള്ള തന്റെ ബന്ധത്തെ സുദൃഢമാക്കുകയാണ്; പരസ്പരമുള്ള കടമകളെ നിർവ്വഹിക്കലാണ്; പരസ്പരം ത്യാഗം ചെയ്യാനുള്ള വികാരത്തെയും അതിന്റെ നിലവാരത്തെയും വർദ്ധിപ്പിക്കലാണ്. ഈ നിലവാരത്തിലേക്ക് ചിലയാളുകൾ വരുന്നില്ലെന്ന് അദ്ദേഹം കണ്ടപ്പോൾ അതദ്ദേഹത്തെ വല്ലാതെ വേദനിപ്പിക്കുകയും അദ്ദേഹം അത് തുറന്ന് പ്രകടിപ്പിക്കുകയും ചെയ്തു. അതിനാൽ ജൽസയിൽ പങ്കെടുക്കാൻ വരുന്നവർ അതിഥി എന്ന നിലക്ക് തങ്ങളർഹിക്കുന്നതിനേക്കാൾ കൂടുതൽ പെരുമാറ്റവും സുഖസൗകര്യങ്ങളും പ്രതീക്ഷിക്കുന്ന അതിഥികൾ മാത്രമല്ല. മറിച്ച്, ത്യാഗത്തിന്റെ ഉന്നതനിലവാരം കരസ്ഥമാക്കുന്നവരും ആയിത്തീരേണ്ടതാണ്. ജൽസ സംഘടിപ്പിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ അവർ എപ്പോഴും മുന്നിൽ വെയ്ക്കേണ്ടതാണ്. ആ ലക്ഷ്യം, ഞാൻ പറഞ്ഞതു പോലെ, അല്ലാഹുവുമായുള്ള ബന്ധവും ആത്മീയാഭിവൃദ്ധിയും പരസ്പരമുള്ള കടമകൾ നിർവ്വഹിക്കലുമാണ്.

അനഹ്മദികളായ അതിഥികളെ സംബ

ന്ധിച്ചിടത്തോളം തീർച്ചയായും നാം അവരുടെ ആവശ്യങ്ങളെ ശ്രദ്ധിക്കുകയും ലഭ്യമായ സൗകര്യങ്ങളനുസരിച്ച് എത്രമാത്രം നല്കാൻ സാധിക്കുമോ ആതിഥ്യമര്യാദയുടെ കടമ നിർവഹിക്കാൻ സാധിക്കുമോ അത് നിർവഹിക്കുകയും ചെയ്യേണ്ടതാണ്. പ്രത്യേകിച്ചും ചില ജനനേതാക്കളും അതിഥികളായി വന്നിരിക്കുകയാണ്. അവരെ പ്രത്യേകമായി ശ്രദ്ധ നല്കി സത്ക്കരിക്കേണ്ടതാണ്. എന്തെന്നാൽ, ജനനേതാക്കളും സമൂഹത്തിലെ ബഹുമാന്യ വ്യക്തികളും നിങ്ങളുടെ അടുക്കൽ വന്നാൽ അവരെ ബഹുമാനാദരങ്ങൾ നല്കിക്കൊണ്ട് സത്ക്കരിക്കണമെന്ന് നബി(സ)തിരുമേനി നിർദേശിച്ചിട്ടുണ്ട്.(സുനൻ ഇബ്നു മാജ, കിതാബു അദ്ബ് ഹദീസ് 3712)

അതുപോലെ സത്യാന്വേഷിയായി കൊണ്ട് ഒരുപാട് ആളുകൾ വരാറുണ്ട്. അവർ ആരായാലും എല്ലാ നിലയിലും നാം അവരെ സത്ക്കരിക്കേണ്ടതാണ്. അതാണല്ലോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ പഠിപ്പിച്ചതും. ലങ്കർഖാനയിലെ പ്രവർത്തകർക്ക് നിർദേശം നല്കിക്കൊണ്ട് അവിടുന്ന് പറയുന്നു:

'പരിചയമുള്ളവരോ പരിചയമില്ലാത്തവരോ വലിയവനോ ചെറിയവനോ ധനികനോ ദരിദ്രനോ ആരായിരുന്നാലും നിങ്ങൾ എല്ലാവർക്കും ആതിഥ്യമരുളേണ്ടതാണ്.' (മൽഫൂസാത്ത് വാള്യം.6 പേ. 226)

എന്നാൽ ഒരു അഹ്മദി ജൽസയിൽ പങ്കെടുക്കാൻ വരുമ്പോൾ അവൻ തന്നെക്കുറിച്ച് അതിഥിയും ആതിഥേയനുമാണെന്ന് മനസ്സിലാക്കണം. അപ്പോഴാണ് ത്യാഗത്തിന്റെ നിലവാരം വർദ്ധിക്കുകയും ജൽസയുടെ അന്തരീക്ഷം സമാധാനനിർഭരവും സ്നേഹനിർഭരവും ആയിത്തീരുന്നത്. അതിഥി വീട്ടുകാർക്ക് പ്രയാസമല്ല; എളുപ്പം ഉണ്ടാക്കാനാ ണ് എപ്പോഴും ശ്രമിക്കേണ്ടത്. നബി(സ) തിരുമേനിയുടെ നിർദേശവും അതാണ്.(സഹീഹുൽ ബുഖാരി, കിതാബും അദബ് ഹദീസ് 6135) ജൽസയുടെ ദിനങ്ങളിൽ ഇവിടെ താത്ക്കാലിക സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്. അതുകൊണ്ട്തന്നെ ഇവിടെ താമസിക്കുന്നവർക്ക് ഒരു സ്ഥിരസംവിധാനത്തിൽ ഏർപ്പാടു ചെയ്യുന്ന സുഖസൗകര്യങ്ങൾ നല്കാൻ കഴിയില്ല. എല്ലാവർക്കും ഒരുമിച്ചാണ് താമസ സൗകര്യം ഏർപ്പാടാക്കിയിരിക്കുന്നത്. കുടുംബങ്ങൾക്ക് കൂടാരങ്ങളിലാണ് താമസം ഏർപ്പാട് ചെയ്തിരിക്കുന്നത്. ഇതിൽ ഒരുപാട് കുറവുകളുണ്ടാകും. ജമാഅത്തിന്റെ അതിഥിസത്കാര വകുപ്പുകൾക്ക് ജൽസയിൽ വരുന്ന അതിഥികളെ സംബന്ധിച്ചിടത്തോളം വീട്ടുകാരുടെ സ്ഥാനമാണുള്ളത്. അതുകൊണ്ട് ജമാഅത്തിന്റെ ഈ വകുപ്പുകൾ തങ്ങളുടെ സേവനത്തിനായി നിശ്ചയിക്കപ്പെട്ടിരിക്കയാണെന്നും അവരിൽ വല്ല കുറവോ ന്യൂനതയോ ഉണ്ടെങ്കിൽ അവരോട് തോന്നിയ പോലെ പറയാനും സൗകര്യങ്ങൾ കരസ്ഥമാക്കാനും അവകാശമുണ്ടെന്നും ആരെങ്കിലും ചിന്തിക്കുന്നുണ്ടെങ്കിൽ തെറ്റായ ചിന്താഗതിയാണത്. ഖിദ്മത്ത് ചെയ്യുന്ന സ്ത്രീകളും പുരുഷന്മാരും നമ്മുടെ ജോലിക്കാരല്ല. വിനയവും ഖിദ്മത്ത് ചെയ്യാനുള്ള ആവേശവും കാരണത്താലാണ് ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ അതിഥികളെ സേവിക്കാൻ അവർ തങ്ങളെ സ്വയം അർപ്പിക്കുന്നത്. ഈ പ്രവർത്തകരിൽ വിദ്യാസമ്പന്നരും സമൂഹത്തിൽ പദവികളുള്ളവരുമുണ്ട്. അതുകൊണ്ട് എന്തെങ്കിലും ആവശ്യം വരുമ്പോൾ പ്രവർത്തകരോട് സ്നേഹത്തോടും മൃദുഭാവത്തോടും കൂടിയാണ് അതിഥികൾ ചോദിക്കേണ്ടത്. ഇനി വല്ല നിർബന്ധിതസാഹചര്യത്തിൽ പ്രവർത്തകൻ തന്റെ കഴിവില്ലായ്മ അറിയിച്ചാൽ അതു സന്തോഷത്തോടെ സ്വീകരിക്കുക. അതുപോലെ നമ്മുടെ യുവാക്കളും യുവതികളും വളരെ ഉത്സാഹത്തോടെയാണ് ഡ്യൂട്ടി ചെയ്യുന്നത്. ചിലപ്പോൾ വലിയവരുടെ തെറ്റായ പെരുമാറ്റങ്ങൾ ഈ യുവാക്കളെ നേർമാർഗത്തിൽ നിന്ന് വ്യതിചലിപ്പിക്കുന്നു. മുതിർന്നവർ അവരുടെ വ്യതിചലനത്തിന് കാരണമാകുന്നു. അതുകൊണ്ട് ഈ രീതിയിലും നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. മുതിർന്നവർ ചെറിയവരോട് സ്നേഹത്തോടെ പെരുമാറേണ്ടതാണ്.

അതിഥിയായിവരുന്ന ഓരോ അഹ്മദിയും, ഞാൻ പറഞ്ഞതു പോലെ, താൻ അതിഥി മാത്രമാണെന്നു കരുതരുത്. മറിച്ച്, ഈ ജൽസയിൽ പങ്കെടുത്ത്കൊണ്ട് താൻ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ദുആകൾക്ക് അവകാശിയാവുകയും ജൽസയുടെ അനുഗ്രഹങ്ങളെ പ്രയോജനപ്പെടുത്തുകയും ആത്മീയതയിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യണമെന്ന ഉദ്ദേശ്യത്തോടെയായിരിക്കണം ജൽസയിൽ പങ്കെടുക്കേണ്ടത്. അല്ലാതെ, ചെറിയ ചെറിയ ഭൗതികസൗകര്യങ്ങളുടെയും സംഗതികളുടെയും പിന്നാലെ സമയം പാഴാക്കുകയും ജൽസയുടെ ചുറ്റുപാടിനെ മലീമസമാക്കുകയും ചെയ്യരുത്. അതേസമയം, പ്രവർത്തകരോട് ഈ സന്ദർഭത്തിൽ ഞാൻ വീണ്ടും പറയുകയാണ്, ആര്, എങ്ങനെ, ഏതവസ്ഥയിൽ പെരുമാറിയാലും നിങ്ങൾ സത്പെരുമാറ്റവും സഹനവും സംയമനവുമാണ് പ്രകടിപ്പിക്കേണ്ടത്.

ഈ മൂന്നുദിവസങ്ങളിൽ അതിഥികൾക്ക് കഴിക്കാൻ എന്താണോ ലഭിക്കുന്നത് അതു സസന്തോഷം കഴിക്കുക. നോക്കുക, എത്ര ഉത്സാഹത്തോടെയാണ് ചില സർക്കാർവകുപ്പ് ഉദ്യോഗസ്ഥർ ലീവെടുത്തു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ അതിഥികളെ സേവിക്കുന്നതിലെ ബർക്കത്തിനു വേണ്ടി ഭക്ഷണം പാകംചെയ്യുന്ന സേവനത്തിലേർപ്പെട്ടിരിക്കുന്നത്! അതുകൊണ്ട് ഭക്ഷണത്തിലെ രുചിക്ക് വല്ല ഏറ്റക്കുറച്ചിലുമുണ്ടായാൽ പരാതിപ്പെടേണ്ടതില്ല.

എന്നാൽ, സേവകർ ഓർക്കുക, ഭക്ഷണം നല്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന പ്രവർത്തകർ ബഹുമാനത്തോടെ ഭക്ഷണം നല്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഒരാൾ പത്തു വട്ടമോ അല്ലെങ്കിൽ അയാളുടെ ഇഷ്ടം പോലെ കറി ഒഴിക്കാൻ പറയുകയോ ചെയ്താലും ഒഴിച്ചുകൊടുക്കുക. ഭക്ഷണം കഴിക്കുന്ന സ്ഥലത്ത് ചിലപ്പോൾ നിസ്സാരകാര്യങ്ങൾക്ക് നീരസം കാണിക്കുന്നതിൽ നിന്നു വിട്ടു നില്ക്കാൻ ശ്രമിക്കേണ്ടതാണ്.

അതുപോലെ ഭക്ഷണം കഴിച്ച് കഴിഞ്ഞുടനെ കഴിയുന്നിടത്തോളം വേഗം ഭക്ഷണപന്തലിൽ നിന്ന് പുറത്തു വരേണ്ടതാണ്. എങ്കിലേ മറ്റുള്ളവർക്കും വന്നു പ്രയാസമില്ലാതെ ഭക്ഷണം കഴിക്കാൻ കഴിയൂ. സ്ഥലം വ്യാപിപ്പിച്ചു കൊണ്ടും വിശാലമാക്കിക്കൊണ്ടും കൂടുതൽ ആളുകൾക്ക് ഭക്ഷണം കഴിപ്പിക്കാനാണ് സംഘാടകർ ശ്രമിക്കുക. എന്നിരുന്നാലും തിരക്കു കാരണം പ്രയാസം ഉണ്ടാകും. അതിഥികൾ സഹകരിക്കുകയാണെങ്കിൽ അതു സൗകര്യമായിരിക്കും. അതിഥികൾക്ക് കുളിക്കാനും മറ്റുമുള്ള സൗകര്യങ്ങൾ ഏർപ്പാടാക്കാനും ശ്രമിക്കുന്നുണ്ട്. എങ്കിലും, ഞാൻ പറഞ്ഞതുപോലെ, താത്ക്കാലിക സൗകര്യമായതിനാൽ അതിഥികൾക്ക് ചിലപ്പോൾ പ്രയാസങ്ങൾ നേരിടാറുണ്ട്. അത് സഹിക്കേണ്ടതാണ്. രാത്രി കുളിമുറിയുടെ ഭാഗത്തെ ഡ്രെയിൻ പൈപ്പ് പൊട്ടിയതു കാരണം ഗട്ടർ ബ്ലോക്കായതായി റിപ്പോർട്ട് ലഭിച്ചിരുന്നു. കുളിമുറികൾ കുറച്ചു നേരത്തേക്ക് അടച്ചിടേണ്ടി വന്നതിനാൽ പ്രയാസം നേരിട്ടു. സംഘാടകർ അതു നിരന്തരം പരിഹരിക്കാനും ശരിയാക്കാനും ശ്രമിക്കുന്നുണ്ടെങ്കിലും അതിഥികൾക്ക് അതിൽ ഇനിയും പ്രയാസം ഉണ്ടായേക്കാം. കൂടാതെ, ഞാൻ കഴിഞ്ഞ ഖുതുബയിൽ പറഞ്ഞതു പോലെ ട്രാൻസ്പോർട്ടിലും പാർക്കിംഗിലും ഇപ്രാവശ്യം സൗകര്യാർഥം ചില മാറ്റങ്ങൾ വരുത്തിയിരിക്കുകയാണ്. എന്റെ റിപ്പോർട്ട് അനുസരിച്ച് ഇതു മുഖേന ചില പ്രയോജനം ലഭിച്ചു കൊണ്ടിരിക്കുന്നു. ട്രാഫിക്കിന്റെ തിരക്കും അതുമൂലം ഉണ്ടാകുന്ന തടസ്സങ്ങളിലും ഒരു പരിധി വരെ ഇപ്പോൾ കുറവുണ്ട്. എന്നല്ല, ട്രാഫിക്ക് നല്ല രീതിയിൽ പോകുന്നുണ്ട്. എങ്കിലും, വരുന്നവർ ട്രാൻസ്പോർട്ട്, പാർക്കിംഗ് വകുപ്പുകളോട് മറ്റു മൂന്നു ദിനങ്ങളിലും പൂർണമായും സഹകരിക്കേണ്ടതാണ്. എവിടെയൊക്കെ ഏതൊക്കെ രീതിയിൽ കാറുകളോടും ആളുകളോടും ലൈനിൽ നില്ക്കാൻ പറയുന്നുവോ അതുപോലെ ചെയ്യുക. ഞാൻ പറഞ്ഞതു പോലെ കാറുകൾ പാർക്ക് ചെയ്യാൻ വേണ്ടി വലിയ സ്ഥലം തന്നെ ഏർപ്പാടു ചെയ്തിട്ടുണ്ട്. അവിടുന്ന ബസ്സിൽ നിന്ന് കൊണ്ടു വരുന്നതാണ്. ഇതിൽ പരിപൂർണമായി സഹകരിക്കുക. സഹകരിക്കുകയാണെങ്കിൽ ട്രാഫിക് പ്രശ്നമില്ലാതെ എളുപ്പത്തിൽ എത്തിച്ചേരാവുന്നതാണ്. എല്ലാ വർഷവും ജനങ്ങൾ ജുമുഅക്ക് പൊതുവേ വൈകിയാണ് വരാറ്. ഖുതുബ കഴിയുമ്പോഴേക്കും വന്നു കൊണ്ടിരിക്കുന്നു. എല്ലാവരും എത്താൻ വേണ്ടി എന്നോടു കുറച്ചു വൈകി വരാനാണ് പറയപ്പെട്ടിരുന്നത്. എന്നാൽ ഇപ്രാവശ്യം അതു കാരണം കൂടുതൽ നല്ല ഏർപ്പാട് ഉണ്ടെന്നാണ് തോന്നുന്നത്. അതുകൊണ്ട് ഭാവിയിലും സഹകരിക്കുകയാണെങ്കിൽ ഈ നല്ല സംവിധാനം തുടരുന്നതാണ് അല്ലെങ്കിൽ പ്രയാസകരമായിരിക്കും.

അതു പോലെ, ഞാൻ നേരത്തെ പറഞ്ഞതു പോലെ കുറച്ചു നേരത്തേ യാത്ര തുടങ്ങേണ്ടതാണ്. അങ്ങനെയായാൽ നിങ്ങൾക്ക് സമയത്തിന് പാർക്കിംഗ് സ്ഥലത്ത് എത്താനും ബസ്സ് മുഖേന നിങ്ങളെ സമ്മേളനനഗരിയിൽ എത്തിക്കാനും സാധിക്കുന്നതാണ്.

അതുപോലെത്തന്നെ സുരക്ഷാപ്രശ്നങ്ങൾ വർഷംതോറും വർദ്ധിച്ചു വരികയാണ്. അതുകൊണ്ട് സുരക്ഷ പരിശോധനയിൽ പൂർണമായി സഹകരിക്കുക. തങ്ങളുടെ എയിംസ് കാർഡ് അല്ലെങ്കിൽ ഇതില്ലാത്തവർക്ക് തിരിച്ചറിയൽ കാർഡോ അനുവാദകത്തോ കാണിക്കേണ്ടതുണ്ടെങ്കിൽ തീർച്ചയായും കാണിക്കുക. എത്ര തവണ ചോദിച്ചാലും കാണിക്കുക. സ്വന്തം കാർഡും പ്രദേശത്തെ പാസും മറ്റാർക്കും നല്കരുത്. മറ്റെവിടെയെങ്കിലും പോകാൻ സാധിച്ചാൽ കാർഡ് ആർക്കും കൊടുക്കരുത്. കഴിഞ്ഞ വർഷങ്ങളിൽ അത്തരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. തന്റെ ഗ്രീൻ ഏരിയായുടെ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സ്ഥലത്തിന്റെ കാർഡ് തന്റെ ഏതെങ്കിലും പ

രിചയക്കാരനോ സുഹൃത്തിനോ കൊടുത്തു. ഇത്തരം മോശമായ പ്രവൃത്തികൾ ചിലപ്പോൾ നല്ല പ്രവർത്തകരും ഭാരവാഹികൾ പോലും ചെയ്യാറുണ്ട്. നിങ്ങൾ മുൻകരുതലോടെ പ്രവർത്തിക്കുക. ആർക്കെങ്കിലും രണ്ട് കാർഡ് ഇഷ്യൂ ചെയ്തിട്ടുണ്ടെങ്കിൽ രണ്ടിലെയും പേര് ഒന്നു തന്നെയാണോ എന്ന് കാർഡ് പരിശോധിക്കുന്നവർ ശ്രദ്ധിക്കേണ്ടതാണ്.

അതുപോലെതന്നെ അതിഥികൾ വെള്ളത്തിന്റെ കുപ്പികൾ കൂടെ കൊണ്ടുവരുന്നുണ്ടോ എന്ന് പരിശോധിക്കുക, ഉണ്ടെങ്കിൽ സുരക്ഷാ പ്രവർത്തകർ അതു തടയേണ്ടതാണ്. അതിഥികൾ ഈ പരിശോധനയിലും സഹകരിക്കുക. കാരണം, സർക്കാർ അധികൃതരിൽ നിന്ന് ഞങ്ങൾക്ക് ഇക്കാര്യത്തിലേക്ക് പ്രത്യേക നിർദേശം നല്കിയിരിക്കുകയാണ്. ഇതെല്ലാം സുരക്ഷാ നടപടി എന്ന നിലയ്ക്കാണ്. അതുകൊണ്ട് എല്ലാവരും സഹകരിക്കുക.

സെക്യൂരിറ്റി പ്രവർത്തകർ പരിചയമുള്ളവരെയും ഇല്ലാത്തവരെയും സേവകരെയും സേവകരല്ലാത്തവരെയും ഭാരവാഹികളെയും ഭാരവാഹികളല്ലാത്തവരെയും എല്ലാവരെയും പരിശോധിക്കേണ്ടത് അവരുടെ ഡ്യൂട്ടിയാണ്. അതുകൊണ്ട് ആർക്കും തന്നെ മോശം തോന്നേണ്ട കാര്യമില്ല, പരിശോധിക്കുന്നവരും മടിക്കേണ്ടതില്ല.

അതുപോലെത്തന്നെ, ഓരോ വ്യക്തിയും തങ്ങളുടെ ചുറ്റുപാടും ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. ഇത് വളരെ അനിവാര്യമാണ്. സർവോപരി, ഞാൻ മുൻപ് പറഞ്ഞതു പോലെ, ഈ ദിനങ്ങളിൽ ദുആകളിൽ വളരെയധികം ഊന്നൽ നല്കുക. അല്ലാഹു ഈ ജൽസയെ എല്ലാ നിലയിലും അനുഗ്രഹപൂർണമാക്കട്ടെ. അവിടെയും ഇവിടെയും കറങ്ങി നടക്കാതെ ജൽസയിലെ പരിപാടികൾ കേൾക്കുക.

ഒരുകാര്യം ഞാൻ സംഘാടകരോടും സേവകരോടും പറയാൻ ആഗ്രഹിക്കുകയാണ്. മുൻപും പലവട്ടം ഞാനിത് പറഞ്ഞിട്ടുള്ളതാണ്. ജനങ്ങളുടെ സൗകര്യങ്ങൾക്കായി സംഘാടകർ കൂടുതലായി ശ്രമിക്കുക. ചിലപ്പോൾ വീട്ടിൽ നിന്ന് ഒന്നും കഴിക്കാതെ നേരത്തെ വരുന്നവരുണ്ടാകും. അല്ലെങ്കിൽ രാവിലെ കഴിക്കുന്ന ശീലമുണ്ടാകില്ല. ഇവിടെ വന്നാൽ ചിലപ്പോൾ ഭക്ഷണം നല്കാൻ വൈകുന്നതുകൊണ്ട് വിശപ്പു കാരണം അവരുടെ ആരോഗ്യം മോശമാകാൻ തുടങ്ങുന്നു. വിശന്നിരിക്കാൻ കഴിയാത്ത ചിലരോഗികളുംഉണ്ടാകും. അങ്ങനെയുള്ള ആരെങ്കിലുമുണ്ടെങ്കിൽ അവർക്കു കഴിക്കാൻ ഭക്ഷണസ്ഥലത്തുതന്നെ എന്തെങ്കിലും ഏർപ്പാട് ചെയ്യേണ്ടതാണ്. ഡ്യൂട്ടിക്കാർ അവിടെ ഉണ്ടായിരിക്കേണ്ടതാണ്. അത്തരം സാഹചര്യങ്ങളിൽ അതിഥികൾ ഉടനെ ഭക്ഷണം കഴിച്ച് തിരിച്ചു വന്ന് ജൽസയുടെ പ്രോഗ്രാം ശ്രവിക്കേണ്ടതാണ്.

അതുപോലെ ബാസാറുകൾ പൂർണമായും പ്രവർത്തനരഹിതമാണെന്ന് സംഘാടകർ ഉറപ്പു വരുത്തേണ്ടതാണ്. ഒരു സ്റ്റാളിലും കടയിലും കച്ചവടക്കാർ ഉണ്ടാകരുത്. എല്ലാവരും ജൽസ കേൾക്കേണ്ടതാണ്. ഒന്നാമതായി, സുരക്ഷാസംവിധാനം അവിടെ ഉണ്ടായിരിക്കണം. സുരക്ഷാ സംവിധാനം ഒരുക്കേണ്ട ചുമതല ബാസാറിന്റെ വകുപ്പ് കൈകാര്യം ചെയ്യുന്നവരുടെത് ആണ്. ഇനി തൃപ്തി വരുന്നില്ല, വില പിടിപ്പുള്ള സാധനങ്ങളാണ് ചിലരുടെത് എങ്കിൽ കടയിൽ ഇരിക്കരുത്. ബാസാറിന്റെ ഒരുമൂലയിൽ ജൽസ കേൾക്കാനുള്ള സംവിധാനം ചെയ്യുക. ടി.വി ഏർപ്പാട് ചെയ്യുക.

ഇതുപോലെ ഞാൻ പറയാൻ ആഗ്രഹിക്കുന്ന മറ്റൊരുകാര്യം, എല്ലാ വർഷത്തെയും പോലെ ഈ വർഷവും എക്സിബിഷൻ നടത്തുന്നുണ്ട്. അതിൽ റിവ്യൂ ഓഫ് റിലീജിയൻസിന്റെ പ്രദർശനവുമുണ്ട്. യേശുവിന്റെ തിരശ്ശീലയെ സംബന്ധിച്ച ഒരു എക്സിബിഷനും അതോടൊപ്പം ഉണ്ട്. ഈ വിഷയത്തിൽ വിദഗ്ധരായ ചില അമുസ്‌ലികൾ വന്നുകൊണ്ട് പ്രഭാഷണം നടത്തുന്നതാണ്. ചോദ്യോത്തരവും ഉണ്ടായിരിക്കും. താത്പര്യമുള്ളവർ ഇത് പ്രയോജനപ്പെടുത്തേണ്ടതാണ്.

അതുപോലെ അൽഖലം പ്രോജക്റ്റും ഇപ്രാവശ്യം റിവ്യൂ ഓഫ് റിലീജിയൻസിന്റെ കീഴിലാണ് നടക്കുന്നത്. അതിൽ വിശുദ്ധ ഖുർആന്റെ ഏതെങ്കിലും ആയത്ത് കൈകൊണ്ട് എഴുതാനുള്ള അവസരം നല്കുകയാണ് ചെയ്യുന്നത്. ഒരുപാട് ആളുകൾ താത്പര്യപൂർവം ഇതിൽ പങ്കെടുക്കാറുണ്ട്. അതുകൊണ്ട് താത്പര്യമുള്ളവർക്ക് പങ്കെടുക്കാവുന്നതാണ്.

അതുപോലെ ആർക്കൈവ്(ഗ്രന്ഥരക്ഷാലയം) വകുപ്പിന്റെ കീഴിൽ ചില തിരുശേഷിപ്പുകൾ പ്രദർശിപ്പിക്കാനുള്ള സംവിധാനവും ചെയ്തിട്ടുണ്ട്. അതും കാണേണ്ടതാണ്. മഖ്സാനെ തസാവീറിന്റെ ഫോട്ടോ പ്രദർശനം ഉണ്ട്. എന്നാൽ, ഒരുകാര്യം ഓർക്കുക, ജൽസ നടന്നുകൊണ്ടിരിക്കുമ്പോൾ ഇതൊന്നും പ്രവർത്തിക്കില്ല. ജൽസയുടെ പരിപാടികൾ എല്ലാവരും സശ്രദ്ധം കേൾക്കുക. പ്രഭാഷണങ്ങളെ പ്രയോജനപ്പെടുത്തുക. പണ്ഡിതർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ കഠിനധ്വാനം ചെയ്താണ് പ്രഭാഷണങ്ങൾ തയ്യാറാക്കുന്നത്. അവയെ പൂർണമായും പ്രയോജനപ്പെടുത്തേണ്ടതാണ്. തങ്ങൾക്കിഷ്ടപ്പെട്ട പ്രസംഗങ്ങളും വിഷയങ്ങളും മാത്രം കേൾക്കുകയും മറ്റുള്ളവയെ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നത് ശരിയല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എല്ലാവരും ശ്രദ്ധിച്ചു കേൾക്കുക, ഞാൻ എന്റെ ജമാഅത്തിനുവേണ്ടിയും സ്വന്തം നഫ്സിനു വേണ്ടിയും ഇതാണ് ആഗ്രഹിക്കുന്നതും ഇഷ്ടപ്പെടുന്നതും. പ്രഭാഷണങ്ങളിലെ ബാഹ്യമായ കാര്യങ്ങളെ മാത്രം ഇഷ്ടപ്പെടരുത്. എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രഭാഷകന്റെ മാസ്മരികതയിലോ വാക്കുകളിൽ അയാൾ ചെലുത്തുന്ന ഊന്നലുകളിലോ മാത്രം ഒതുങ്ങിപ്പോകുന്നതാവരുത്. അതു ഞാൻ ഇഷ്ടപ്പെടുന്നില്ല. പറയുന്നു: എന്തൊരു പ്രവൃത്തിയും അല്ലാഹുവിനു വേണ്ടിയായിരിക്കണം എന്നാണ് ഞാൻ ഇഷ്ടപ്പെടുന്നതും എന്റെ പ്രകൃതം ആവശ്യപ്പെടുന്നതും. പറയുന്നു: അല്ലാഹുവിനു വേണ്ടിയാണ് എല്ലാ കാര്യങ്ങളും ചെയ്യേണ്ടത്.

വീണ്ടും പറയുന്നു: നാം പറയുന്നതെല്ലാം അല്ലാഹുവിനു വേണ്ടിയും അവന്റെ തൃപ്തി കരസ്ഥമാക്കാൻ വേണ്ടിയുമായിരിക്കണം. അതുപോലെ, കേൾക്കുന്ന കാര്യങ്ങൾ അല്ലാഹുവിന്റെ കാര്യങ്ങളാണെന്നു കരുതി കേൾക്കണം. അതനുസരിച്ച് പ്രവർത്തിക്കാൻ വേണ്ടി കേൾക്കുക. പ്രഭാഷണങ്ങളിൽ നാം ഭാഗഭാക്കാകേണ്ടത് ഇന്നത്തെ പ്രഭാഷണം വളരെ നന്നായിരുന്നു എന്ന് പറഞ്ഞു കൊണ്ടല്ല. നിങ്ങൾ അത് സശ്രദ്ധം കേൾക്കുക. അതനുസരിച്ചു പ്രവർത്തിക്കണം എന്ന ഉദ്ദേശ്യത്തോടെ കേൾക്കുക. പ്രഭാഷണത്തെ പ്രകീർത്തിക്കണം എന്ന ഉദ്ദേശ്യത്താൽ മാത്രമാകരുത്. പറയുന്നു: ഈയൊരു ഉദ്ദേശ്യത്തോടെ കേൾക്കാത്തതാണ് മുസ്‌ലിംകളിൽ അധ:പതനം ഉണ്ടാകാനുള്ള പ്രധാന കാരണം. (എന്തുകൊണ്ട് മുസ്‌ലിംകളിൽ അധ:പതനമുണ്ടായത്? അതിനു പ്രധാന കാരണം ആനിയ്യത്തോടെയല്ല കേട്ടിരുന്നത് എന്നതാണ്) പറയുന്നു: അല്ലെങ്കിൽ ഇത്രമാത്രം കോൺഫറൻസുകളും സമ്മേളനങ്ങളും സദസ്സുകളും നടന്നിട്ടും വലിയ പ്രഭാഷകർ ലക്ചർ കൊടുക്കുകയും കവികൾ സമുദായത്തിന്റെ അവസ്ഥയിൽ വിലാപ കാവ്യങ്ങൾ രചിക്കുകയും ചെയ്തിട്ടും ഇതൊന്നും സ്വാധീനിക്കാത്തതിനു കാരണമെന്ത്? പറയുന്നു: സമൂഹം ദിനേന അഭിവൃദ്ധിയിലേക്കല്ല; അധ:പതനത്തിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. (അതാണ് നാം കാണുന്നത്. ഇക്കാലത്താണെങ്കിൽ കൂടുതൽ ഭയാനകമായ സംഭവങ്ങളാണ് നടന്നു കൊണ്ടിരിക്കുന്നത്.) പറയുന്നു: വാസ്തവമെന്താണെന്നു വെച്ചാൽ, ഈ സദസ്സുകളിൽ വരുന്നവരും പോകുന്നവരും ആത്മാർഥതയോടെയല്ല വരുന്നത്.(മൽഫൂസാത്ത് വാല്യം 1 പേ. 398)

ആയതിനാൽ, ഈ അടിസ്ഥാന സംഗതി പങ്കെടുക്കുന്ന ഓരോ വ്യക്തിയും മനസ്സിലാക്കണം. ആത്മാർഥതയോടു കൂടിയായിരിക്കണം ജൽസയിൽ പങ്കെടുക്കേണ്ടത്. പ്രഭാഷണങ്ങൾ കേൾക്കുക. നാം പരമാവധി ഇതനുസരിച്ച് പ്രവർത്തിക്കുമെന്ന ഉദ്ദേശ്യത്തോടെ കേൾക്കുക. അഹ്മദി പണ്ഡിതന്മാർക്ക് അല്ലാഹു വാഗ്ദത്ത മസീഹി(അ)ന്റെ ഗ്രന്ഥങ്ങളെ പ്രയോജനപ്പെടുത്താനുള്ള തൗഫീഖ് തന്നനുഗ്രഹിച്ചിരിക്കുകയാണ്. അവയെ പ്രയോജനപ്പെടുത്തിക്കൊണ്ട് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കാര്യങ്ങൾ അവർ നമ്മിലേക്ക് എത്തിക്കുകയും ആത്മീയവും വൈജ്ഞാനികവുമായ വിഷയങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു. യഥാർഥത്തിൽ നാം അതിനെ പ്രയോജനപ്പെടുത്തുകയാണെങ്കിൽ നമ്മുടെ ജീവിതത്തിൽ തന്നെ ഒരു വിപ്ലവം ഉണ്ടാക്കാൻ സാധിക്കുന്നതാണ്.

അല്ലാഹു ജൽസയിൽ പങ്കെടുക്കുന്ന എല്ലാവർക്കും ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കരസ്ഥമാക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

## ന്യൂക്ലിയർ റേഡിയേഷനും പ്രതിരോധ ഹോമിയോ മരുന്നും

| | |
|---|---|
| *ആദ്യത്തെ ആഴ്ച* | **Carcinosin CM** |
| *രണ്ടാമത്തെ ആഴ്ച* | **Radium Bromide CM** |
| *മൂന്നാമത്തെ ആഴ്ച* | **Carcinosin CM** |
| *നാലാമത്തെ ആഴ്ച* | **Radium Bromide CM** |

12 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മുകളിൽ പറഞ്ഞ പ്രകാരംതന്നെ 1M -ൽ കൊടുക്കുക. അല്ലാഹു എല്ലാ അഹ്മദികളേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ആമീൻ

AL ISLAM

പേജ് 2ൽ നിന്ന്

ട്രാഫിക് പ്രശ്നങ്ങളെ കുറിച്ചും ഇതര പരിപാടികൾ നടക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകളെ കുറിച്ചുള്ള ഭയാവസ്ഥ തെറ്റായിരുന്നുവെന്ന് സ്ഥാപിതമാകേണ്ടതാണ്. അഹ്മദികളുടെ ഈ പള്ളിയിൽ നിന്നും ഞങ്ങൾക്ക് പ്രയോജനങ്ങൾ മാത്രമാണുള്ളതെന്നും അഹ്മദികൾ അയൽവാസികളുടെ അവകാശം മുമ്പത്തേക്കാൾ ഉപരിയായി സംരക്ഷിക്കുന്നവരാണെന്നും സ്ഥാപിതമാകുന്നതാണ്. എന്നല്ല മറ്റൊരിടത്ത് ആ മഹാത്മാവ് നിങ്ങളുടെ അയൽപക്കം 40 വീടുകൾ വരെയാണെന്ന് പറയുകയുണ്ടായി. നാലു ഭാഗവും 40 വെച്ച് നോക്കുമ്പോൾ ഒരഹ്മദിക്ക് 160 അയൽ പക്കം ഉണ്ടായിത്തീരുന്നു. ഇപ്രകാരം ഓരോ അഹ്മദിയുടേയും അയൽപക്കം വ്യാപിച്ചു കൊണ്ടേ പോയാൽ പട്ടണം മുഴുവനും അവരുടെ അയൽവാസികളായി മാറുന്നു. ഇതേ അവസ്ഥ ആയിരിക്കും ദൈവനിശ്ചയമുണ്ടെങ്കിൽ നമ്മുടെ പള്ളിയുടേയും.

ഇതുപോലെയാണ് നിയമ പാലനവും. നിയമപാലനം അത്യന്തം ഗൗരവമുള്ളതാണ്. ഏതെങ്കിലും മുസ്‌ലിം, രാജ്യത്തിന്റെ നിയമം പാലിക്കാൻ തയ്യാറല്ലെങ്കിൽ അവർക്ക് ഈ രാജ്യത്ത് താമസിക്കാൻ യാതൊരവകാശവുമില്ല. നിയമപാലനത്തെ കുറിച്ചും രാജ്യസ്നേഹത്തെ കുറിച്ചും പരാമർശിച്ച് കൊണ്ട് ഏതറ്റം വരെ നബി തിരുമേനി(സ) ഉപദേശിച്ചുവെന്നാൽ ഇത് നിങ്ങളുടെ വിശ്വാസത്തിന്റെ ഭാഗമാണെന്ന് വിശദീകരിക്കുകയുണ്ടായി.

രാജ്യത്ത് നിയമങ്ങൾ ഉണ്ടാക്കുന്നത് തന്നെ അതിൽ താമസിക്കുന്നവരുടെ സംരക്ഷണത്തിന് വേണ്ടിയാണ്. താമസിക്കുന്നവർക്ക് സൗകര്യങ്ങൾ ഉണ്ടായി വരാനാണ്.അക്രമങ്ങളിൽ നിന്ന് രക്ഷപെടുത്താനാണ്. അപ്പോൾ ഇസ്‌ലാമിന്റെ അധ്യാപനം സമാധാനം പരത്തണം എന്നതായിരിക്കുമ്പോൾ അക്രമങ്ങൾ ദൂരീകരിക്കണം എന്നതായിരിക്കുമ്പോൾ ഏതെങ്കിലും അഹ്മദിക്കോ ഇതര മുസ്‌ലിംകൾക്കോ നിയമ ലംഘനം നടത്തുക സാധ്യമല്ല. ഒരു യഥാർഥ മുസ്‌ലിം എന്നും നിയമ പാലകനായിരിക്കും. അങ്ങനെ തന്നെയാകേണ്ടതാണ്. ഇങ്ങനെയല്ലെങ്കിൽ അവന് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല. അതുകൊണ്ട് ആരുടെയെങ്കിലും മനസ്സിൽ അൽപ്പമെങ്കിലും ഭീതി നിലനിൽക്കുന്നുണ്ടെങ്കിൽ അത് പൂർണമായും നീക്കുക. ഇസ്‌ലാമിക അധ്യാപനങ്ങൾ ഇത്തരം കാര്യങ്ങൾക്ക് ഒരു വിധത്തിലും അനുവാദം നല്കുന്നില്ല. ഒരു വിധത്തിലുള്ള അസമാധാനം പരത്താനോ നിയമമലംഘനം നടത്താനോ അനുവാദം നല്കുന്നില്ല.

ആരെങ്കിലും ഇസ്‌ലാമിന്റെ പേരിൽ അസമാധാനം പരത്താനോ നിയമലംഘനം നടത്താനോ ശ്രമിച്ചാൽ അവർ ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്തുന്നവരാണ്. ഇസ്‌ലാം ഇതിന് ഒരു വിധത്തിലും അനുവാദം നല്കുന്നില്ല.

ഇതേപോലെ ഞാൻ എം.പി. സാഹിബിനും നന്ദി പറയാൻ ആഗ്രഹിക്കുന്നു. അദ്ദേഹവും നല്ല വികാരങ്ങൾ പ്രകടിപ്പിച്ചു. മതപരമായ സ്വാതന്ത്ര്യത്തെ സംബന്ധിച്ചും സൂചിപ്പിച്ചു. ഈ രാജ്യത്തു നിന്ന് നമുക്ക് ലഭിക്കുന്ന മതസ്വാതന്ത്ര്യത്തിന് നാം ഇവിടുത്തെ ജനങ്ങളോടും ഭരണകൂടത്തോടും അങ്ങേയറ്റം നന്ദിയുള്ളവരാണ്. ഈ മതസ്വാതന്ത്ര്യമാണ് ഇവിടുത്തെ ഭൂരിപക്ഷം അമുസ്‌ലിംകളാണെങ്കിലും ക്രിസ്തുമതവും ഇതരമതങ്ങളും ഇവിടെ ഉണ്ടായിരുന്നിട്ടും മുസ്‌ലിംകൾ എണ്ണമാത്ര അളവിലാണെങ്കിൽ തന്നെയും ഇവിടെ പള്ളി നിർമ്മിക്കാൻ അനുവാദം നൽകിയത്. ഇവിടുത്തെ ജനങ്ങളോടും അയൽവാസികളോടും കൗൺസിലിനോടും ഇക്കാര്യത്തിൽ നന്ദി പറയുകയാണ്. ഇവിടെ പള്ളിപണി പൂർത്തിയായിക്കഴിയുമ്പോൾ പള്ളി നിർമ്മിക്കാൻ അനുമതി നൽകികൊണ്ട് ശ്രേഷ്ഠമായ രൂപത്തിൽ അയൽവാസികളുടെ അവകാശം പൂർത്തിയാക്കുന്നവർക്കാണ് തങ്ങൾ അനുവാദം നൽകിയതെന്ന് കൂടുതൽ വ്യക്തമാകുന്നതാണ്. ഇവിടുത്തെ മതസ്വാതന്ത്ര്യം കാരണത്താൽ ആരാധനകൾ നടത്താനും പ്രോഗ്രാമുകൾ നടത്താനും നമുക്ക് സാധിക്കുന്നുവെന്നതിൽ ഞാൻ നിങ്ങൾക്ക് നന്ദി പറയുകയാണ്. ഇതേ കാര്യമാണ് മതസ്വാതന്ത്ര്യത്തിനും ശാന്തി സമാധാനത്തിനും അടിസ്ഥാനമെന്നതും ഒരു യാഥാർഥ്യമാണ്.

എല്ലാ സമുദായത്തിലും ദൈവം നബിമാരെ അയച്ചിരുന്നു എന്ന് ദൃഢമായും ഞങ്ങൾ വിശ്വസിക്കുന്നു. മതാധ്യാപനങ്ങൾ നൽകാൻ വേണ്ടിയും ജനതകളെ ശുദ്ധീകരിച്ചെടുക്കാനുമാണ് ഈ തെരെഞ്ഞെടുക്കപ്പെട്ട വ്യക്തികൾ നിയോഗിതരായത്. അവർ ഉന്നതമായ സ്വഭാവവും പഠിപ്പിച്ചു. എല്ലാ മതവും ദൈവത്തിൽ നിന്നുള്ളവരാണ്. ഇതുവരെ വന്ന നബിമാരെല്ലാം സത്യവാൻമായിരുന്നുവെന്ന് നാം ദൃഢമായും വിശ്വസിക്കുന്നു. അവർ ദൈവികാധ്യാപനങ്ങൾ നൽകാൻ വന്നവരാണ്. അതുകൊണ്ട് ഇതര മതക്കാരുടെ അവകാശങ്ങൾ കവർന്നെടുക്കുകയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും ബുദ്ധിമുട്ട് ഏൽപ്പിക്കുകയോ ചെയ്യുക എന്നത് ഒരു മതാനുയായെ കുറിച്ചും ചിന്തിക്കുക കൂടി സാധ്യമല്ല. എന്ന് മാത്രമല്ല, നീണ്ടകാലം വിദ്രോഹ പ്രവർത്തനങ്ങൾക്ക് ഇരയായ ശേഷം ഇസ്‌ലാം മതസ്ഥാപകർക്ക് യുദ്ധം ചെയ്യാൻ അനുമതി നൽകപ്പെട്ടത് നിബന്ധനയോടു കൂടി മാത്രമാണ്.വിശുദ്ധ ഖുർആനിൽ ഇതു സംബന്ധമായി വിശദീകരിക്കുന്നുണ്ട്.

നിങ്ങളെ തുടച്ചു നീക്കാൻ നോക്കുന്നവർ യഥാർഥത്തിൽ മതത്തെ തന്നെ തുടച്ചു നീക്കനാഗ്രഹിക്കുന്നവരാണ്. അനിവാര്യമായും ഇവരുടെ കൈ തടുക്കപ്പെടേണ്ടതുണ്ട്. ഇവരുടെ യുദ്ധങ്ങൾക്കും ആയുധങ്ങൾക്കും മറുപടി നൽകി കൊണ്ട് ഇവരുടെ കൈ തടുക്കപ്പെടാതിരുന്നാൽ ലോകത്ത് ഒരു ചർച്ചും ബാക്കിയാകുകയില്ല. യഹൂദ ആരാധനാലയമോ അമ്പലമോ പള്ളികളോ ബാക്കിയുണ്ടാകില്ല. കാരണം, ഈ ജനത മതത്തിന് തന്നെ എതിരാണ്. ഇവിടെ ഇസ്‌ലാമും വിശുദ്ധ ഖുർആനും മതസ്വാതന്ത്ര്യമാണ് അടിസ്ഥാന അധ്യാപനമാക്കുന്നത്. ഈ അടിസ്ഥാനത്തിൽ നിങ്ങൾക്ക് കൂടുതൽ ജ്ഞാനമുണ്ട് എന്നതിലും ഞാൻ നിങ്ങൾക്ക് ആശംസകൾ നൽകാനാഗ്രഹിക്കുന്നു. മുസ്‌ലിം രാജ്യങ്ങളെ അപേക്ഷിച്ച് ഈ സ്വാതന്ത്ര്യം ഇവിടെയാണുള്ളത്. നിങ്ങൾ മതപരമായ സ്വാതന്ത്ര്യം തന്നതുകൊണ്ടാണ് പാക്കിസ്താനിൽ മതസ്വാതന്ത്ര്യം തടുക്കപ്പെട്ട അഹ്മദികൾക്ക് ഇവിടെ വന്ന് താമസിക്കാൻ സാധിച്ചത്. ഇവിടെ വന്ന് തങ്ങളുടെ ആരാധന നിർവഹിക്കാൻ സാധിക്കുന്നതും ഇതര പരിപാടികൾ നടത്താൻ കഴിയുന്നതും പള്ളികൾ നിർമ്മിക്കാൻ സാധിക്കുന്നതും. ഇക്കാരണത്താലും ഞാൻ നിങ്ങൾക്ക് നന്ദി രേഖപ്പെടുത്താനാഗ്രഹിക്കുന്നു.

ജനാധിപത്യത്തെ കുറിച്ച് ഇവിടെ പറയുകയുണ്ടായി. യഥാർത്ഥ ജനാധിപത്യം ഉള്ളതു കൊണ്ടാണ് നിങ്ങളിൽ മതസ്വാതന്ത്ര്യത്തെ കുറിച്ചുള്ള അറിവുണ്ടായതും. ഇസ്‌ലാമും ഇതു തന്നെയാണ് പറയുന്നത്. ജനാധിപത്യപരമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണ്. എന്നു മാത്രമല്ല,നിങ്ങൾ സ്വന്തം നേതാവിനെ തെരെഞ്ഞെടുക്കുമ്പോൾ അല്ലെങ്കിൽ ഭരണകൂട ഉദ്യോഗസ്ഥരെ തെരെഞ്ഞെടുക്കുമ്പോൾ അർഹതയുള്ളവരെ തെരെഞ്ഞെടുക്കുക. ഉത്തരവാദിത്വം നിർവഹിക്കുന്നവരെ തെരെഞ്ഞെടുക്കുക.അവർ പൊതു ജനങ്ങളുടെ ഉയർച്ചക്ക് വേണ്ടി ശ്രമിക്കുന്നവരാകുക. രാജ്യ പുരോഗതിക്കു വേണ്ടി അധ്വാനിക്കുന്നവരാകുക. തന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്താനുള്ള അവകാശം ശരിയായ രൂപത്തിൽ നിർവ്വഹിക്കാനുള്ള അധ്യാപനം ഇസ്‌ലാം നൽകുന്നു. ഏതെങ്കിലും പാർട്ടിയെ തെരെഞ്ഞെടുക്കാനല്ല പറയുന്നത്. മറിച്ച് തെരെഞ്ഞെടുക്കപ്പെടുന്ന വ്യക്തി, ഭരണസാരഥ്യത്തിലേക്ക് വരുന്ന വ്യക്തികൾ പൊതു ജനങ്ങളുടെ ഉന്നമനത്തിന് വേണ്ടിയുള്ള അവകാശങ്ങൾ നിർവഹിക്കുന്നവരായിരിക്കണം. രാജ്യപുരോഗതിക്കുവേണ്ടി തങ്ങളുടെ അവകാശങ്ങളെ നിർവഹിക്കുന്നവരാകണം. ഞങ്ങൾ ഈ അധ്യാപനങ്ങൾ ലോകത്ത് പ്രചരിപ്പിക്കുന്നു. ഇതനുസരിച്ച് പ്രവർത്തിക്കാനും ശ്രമിച്ചു വരുന്നു. ഇതു തന്നെയാണ് ഒരഹ്മദിയുടെ ദൗത്യവും. മതസ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ ഇവരോട് നന്ദിയുള്ളവരും നാട്ടിനും ജനങ്ങൾക്കും സേവനം ചെയ്യുന്ന നേതാക്കളെ തെരെഞ്ഞെടുക്കുന്നരും ആയിരിക്കണം നിങ്ങൾ.

ഈ പള്ളിനിർമാണം കഴിയുമ്പോൾ ഇവിടെ താമസിക്കുന്ന അഹ്മദികൾക്ക് ഒരു സ്ഥലത്ത് ഒത്തുകൂടി തങ്ങളുടെ പരിപാടികൾ നിർവഹിക്കാൻ ദൈവനിശ്ചയമുണ്ടെങ്കിൽ സാധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം രാജ്യത്തിനും ജനങ്ങൾക്കും പുരോഗതി ഉണ്ടാക്കാൻ ശ്രമിക്കുമെന്നും കരുതുന്നു.

ദൈവം അതിന് ഇവരെ തുണക്കട്ടെ. അഹ്മദികളിൽ നിന്നും പള്ളി നിർമ്മാണത്തിന് ശേഷം പ്രതീക്ഷിക്കപ്പെടുന്നതെല്ലാം ചെയ്യുന്നവരാകാൻ ദൈവം സഹായിക്കട്ടെ. അതിൽ പൂർണമായും നിലനിൽക്കുന്നവരായിരിക്കും നിങ്ങളെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ഇസ്‌ലാമിന്റെ സുന്ദരവും യഥാർഥവുമായ അധ്യാപനങ്ങൾ ഈ പ്രദേശത്ത് കൂടുതൽ വ്യാപിപ്പിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ദൈവം ഇപ്രകാരം ചെയ്യാൻ സഹായിക്കട്ടെ. നന്ദി.

6.46ന് ഹുസൂറിന്റെ പ്രഭാഷണം അവസാനിച്ചു. ശേഷം തറക്കല്ലിടുന്ന സ്ഥലത്തേക്ക് ഹുസൂർ പോയി. ദുആയോടു കൂടി തറക്കല്ലിട്ടു. തുടർന്ന് ഹദ്റത്ത് സാഹിബ (മദ്ദ ളില്ലഹാ) ഒരു കല്ല് വെച്ചു. തുടർന്ന് ജമാഅത്ത് ഭാരവാഹികളും അതിഥികളും ഓരോരോ കല്ലുകൾ വെച്ച് ധന്യരായി. ഒടുവിൽ ഹുസൂർ ദുആ ചെയ്തു.

തുടർന്ന് മാർക്കിയിൽ ഹുസൂർ അതിഥികളോടൊപ്പം ഭക്ഷണം കഴിച്ചു. ശേഷം മാർക്കിക്ക് പുറത്ത് ഒരു വരിയിലായി നിന്ന കുട്ടികൾക്കായി ഹുസൂർ ചോക്ക്ലേറ്റ് നൽകി. കുറച്ച് നേരത്തേക്ക് ഹുസൂർ സ്ത്രീകളുടെ മാർക്കിയിലും പോകുകയുണ്ടായി. അവിടെ പെൺകുട്ടികൾ ഗാനാലാപനം നടത്തി.ഗ്രൂപ്പ് പാട്ടും നടത്തി. പെൺകുട്ടികൾക്ക് ചോക്ക്ലേറ്റ് വിതരണം ചെയ്തതിന് ശേഷം ഹുസൂർ 7.55-ന് ബൈത്തു സബൂഹ് ഫ്രാങ്ക്ഫർട്ടിലേക്ക് തിരിച്ചു.

**ആമീൻ പരിപാടി**

8.35-ന് ഹാളിലെത്തിയ ഹുസൂർ ആമീൻ പരിപാടിയിൽ പങ്കെടുത്തു. 30 കുട്ടികളിൽനിന്നും ഓരോ വചനം ശ്രവിച്ച ഹുസൂർ ഒടുവിൽ ദുആ ചെയ്തു. തുടർന്ന് മഗ്‌രിബ് ഇശാ നമസ്കാരം ജംആക്കി നിർവ്വഹിച്ചു. ശേഷം താമസസ്ഥലത്തേക്ക് മടങ്ങി പോയി.

**അതിഥികളുടെ പ്രതികരണങ്ങൾ**

ഇന്ന് നടന്ന കല്ലിടൽ ചടങ്ങിൽ 135 അതിഥികൾ പങ്കെടുത്തു.ഈ അതിഥികളിൽ ഹുസൂറിന്റെ പ്രസംഗം വളരെ സ്വാധീനം ചെലുത്തുകയുണ്ടായി. ധാരാളം അതിഥികൾ അവരുടെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചു. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.-

ഒരു മഹിളാ ഡാക്ടർ പറഞ്ഞു: ഖലീഫയുടെ പ്രസംഗം വളരെ സ്വാധീനമുളവാക്കുന്നതും ഹൃദയത്തിന്റെ ഉള്ളറയിൽ വരെ സ്വാധീനമുണ്ടാക്കുന്നതുമാണ്. പ്രത്യേകിച്ചും ശാന്തി സന്ദേശ വിഷയത്തിൽ. നമ്മളിൽ നിന്ന് ഏവരും ഖലീഫ പറഞ്ഞതുപോലെ തങ്ങളുടെ അയൽ വാസികളെ പരിഗണിക്കുന്നവരായിരുന്നെങ്കിൽ ലോകം എത്രയോ സുന്ദരമാകും.

ഒരു ക്യസ്തീയ മഹിള പറഞ്ഞു: ഖലീഫയുടെ മുഖത്ത് സൽസ്വഭാവം പ്രകടമാണ്. ജമാഅത്ത് സഹോദരങ്ങൾക്ക് ഖലീഫയോടുള്ള സ്നേഹം തനിക്ക് വളരെ പ്രധാനമായി തോന്നി. വളരെ സുസംഘടിതമാണ് നിങ്ങളുടെ പരിപാടി. ഭാവിയിലും ഞാൻ നിങ്ങളുടെ പരിപാടിയിൽ വന്ന കൊണ്ടിരിക്കും.ഒരതിഥി പറഞ്ഞു: എനിക്ക് ഖലീഫയേയും ജമാഅത്തിനേയും നല്ലവണ്ണം അറിയാം. എന്റെ പ്രതീക്ഷ പോലെ തന്നെ ഹുസൂറിന്റെ പ്രഭാഷണം ഉത്തമമായിരുന്നു.

ഒരതിഥി പറഞ്ഞു.: എന്നോട് ഒരു സിറിയൻ സ്നേഹിതൻ പറഞ്ഞത് അഹ്മദികൾ മുസ്ലീംകളേ അല്ലെന്നായിരുന്നു. അതുകൊണ്ട് അയാളുമായി അകലം പാലിക്കേണ്ടതുണ്ട്. ജമാഅത്തിന്റെ ഭാഗത്ത് നിന്നും ഉപഹാരമായി ലഭിച്ച ബാൾ പോയിന്റ് അയാൾക്ക് നൽകുകയാണ്. അതിൽ എല്ലാവരോടും സ്നേഹം

,വെറുപ്പ് ആരോടുമില്ല എന്ന സന്ദേശം ആലേഖനം ചെയ്തിട്ടുണ്ട്. മറ്റ് മുസലീംകളെ അപേക്ഷിച്ച് അഹ്മദികൾ ഇസ്‌ലാമനുസരിച്ച് പ്രവർത്തിക്കുന്നവരാണ്. അവർക്ക് മാതൃകയുമാണ്.

തൊഴിൽ വിഭാഗത്തിന്റെ ചീഫ് ഇൻസ്പെക്ടർ മിസ്ടർ ഗബ്റേൽ പറയുന്നു.: ഗംഭീരമായിരുന്നു ഖലീഫയുടെ പ്രഭാഷണം. പ്രത്യേകിച്ചും അയൽവാസികളുടെ കടമകളെ കുറിച്ച്. മറ്റൊരതിഥി പറഞ്ഞു: ഖലീഫ വളരെ വ്യക്തമായ സന്ദേശമാണ് നൽകിയത്. ഇസ്‌ലാമിന് തീവ്രവാദവുമായി യാതൊരു ബന്ധവുമില്ല. സമാധാന കാംക്ഷിയാണ് ഇസ്‌ലാം മതം. എന്നിട്ടും ഇസ്‌ലാമിനെതിരെ വിദ്വേഷങ്ങൾ പ്രചരിപ്പിക്കുന്നു.

ഒരതിഥി പറഞ്ഞു: വളരെ നല്ല രീതിയിൽ ഖലീഫ ശാന്തനിർഭരമായ വിഭാഗമാണ് അഹ്മദി മുസ്‌ലിംകളെന്ന് വ്യക്തമാക്കി. ഒരു സിവിൽ എൻജിനീയർ പറയുന്നു: ഒരു സ്വധീനമുള്ള വ്യക്തിയാണ് സംസാരിക്കുന്നത് ദൃശ്യമായിരുന്നു. നിർമ്മാണാത്മകമായിരുന്നു ഖലീഫ പറഞ്ഞതെന്തും. ഇത്രയധികം പേർ ഖലീഫയെ പിൻപറ്റാൻ കാരണവും ഇതു തന്നെയാണ്. ഇക്കാര്യം പ്രാർത്ഥനാവേളയിൽ മനസ്സിലായി. എല്ലാവരും ഹുസൂർ പറഞ്ഞതോടെ പ്രാർത്ഥിക്കാൻ തുടങ്ങി.

ഒരു മഹിള പറഞ്ഞു.: അയൽവാസികളുടെ കടമകളെ കുറിച്ചുള്ള ഭാഗം തനിക്ക് വളരെ നന്നായി തോന്നി. ഈ സന്ദേശത്തിന്റെ ഒരു ഭാഗമനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ മുമ്പത്തേക്കാൾ സമാധാനനിർഭരമായ സുന്ദരലോകം ഉരുത്തിരിഞ്ഞ് വരുന്നതാണ്.

ഒരു നിയമ വിദ്യാർത്ഥി മിസ്റ്റർ മാക്സി മില്യൻ പറയുന്നു: ഖലീഫയുടെ പ്രസംഗം ഹൃദയത്തിൽ ഗഹനീയ സ്വാധീനമുണ്ടാക്കി. ഇതര പ്രസംഗകരുടെ പ്രധാന വിഷയങ്ങൾ തന്റെ പ്രസംഗങ്ങളിൽ ഉൾപ്പെടുത്തി അതിന് ഇസ്‌ലാമിക വീക്ഷണങ്ങൾ സമർപ്പിക്കുകയുണ്ടായി. ഒരു ഉഗ്രൻ സമർപ്പണം നടത്തുകയുണ്ടായി. താൻ വിവിധ സ്ഥലങ്ങളിൽ പ്രഭാഷണം നടത്തുന്ന വ്യക്തിയാണെന്നും എന്നാൽ ഏത് രീതിയിൽ സുപ്രധാന വിഷയങ്ങളെ ഖലീഫ ചെറിയ ചെറിയ അടിസ്ഥാന വാക്കുകളിലൂടെ വിശദീകരിച്ചോ എന്റെ അഭിപ്രായത്തിൽ ഇതിനേക്കാൾ ഉത്തമമായ രൂപത്തിൽ വിഷയങ്ങൾ സമർപ്പിക്കുക സാദ്ധ്യമല്ല. മുമ്പ് ഞാൻ ഖലീഫയെ ടീ വിയിലൂടെയോ വീഡിയോയിലൂടെയോ മാത്രമേ കണ്ടിട്ടുള്ളു. ഇപ്പോൾ ഞാൻ ആദ്യ വരിയിൽ തന്നെയിരുന്ന് നേരിട്ട് കേട്ടു. എനിക്ക് ഇപ്പോഴും വിശ്വസിക്കാൻ കഴിയുന്നില്ല ഈ കാര്യം.

ഒരു തുർക്കി സ്വദേശിയായ പോലീസ് ഉദ്യോഗസ്ഥൻ പറയുന്നു: ഞാൻ ഇന്നത്തെ ഈ പ്രസംഗത്തിലും ഖലീഫത്തുൽ മസീഹിന്റെ സന്ദേശത്തിലും വളരെ ആകൃഷ്ടനാണ്. ഇപ്രകാരം നിങ്ങൾ ഇസ്‌ലാമിന്റെ സന്ദേശം വിവിധ സ്ഥലങ്ങളിൽ എത്തിച്ച് കൊണ്ടേയിരുന്നാൽ സമീപഭാവിയിൽ തന്നെ വലിയ വിജയം പ്രാപിക്കുന്നതാണ്. നിങ്ങളുടെ സംവിധാനങ്ങളിൽ ഞാൻ വളരെ ആകൃഷ്ടനാണ്. താങ്കളുടെ ജമാഅത്തിൽ ഓരോ ചെറുകാര്യവും വളരെ സൂക്ഷ്മവും ഗഹനീയവുമായ തത്ത്വജ്ഞാന വീക്ഷണത്തിൽ കണ്ടുകൊണ്ട് സുന്ദര സംവിധാനത്തിന്റെ കീഴിൽ പ്രവർത്തിപ്പിക്കുന്നു. ഇത്ര സുന്ദര സംവിധാനങ്ങൾ മറ്റെവിടേയും കാണാൻ സാധിച്ചിട്ടില്ല. നിങ്ങളുടെ സംവിധാനങ്ങളിൽ നിന്നും വളരെയധികം കാര്യങ്ങൾ എനിക്ക് പഠിക്കാൻ സാധിച്ചു.

രണ്ട് അതിഥികളായ ആൻഡ്രിയാ വിർത്തും സിൽവിയ റെയിറ്ററും അവരുടെ വികാരം പ്രകടിപ്പിച്ചു കൊണ്ട് ഖലീഫത്തുൽ മസീഹ് ഇത്ര നല്ല രൂപത്തിൽ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ സമർപ്പിക്കുമെന്ന് തങ്ങൾ ഒരിക്കലും കരുതിയിരുന്നില്ലെന്നും പറയുകയുണ്ടായി. രാജ്യത്തിന്റെ നിയമപാലനത്തെ കുറിച്ച് പ്രത്യേകിച്ചും. ഈ അദ്ധ്യാപനം പരസ്പരം മനസ്സിലാക്കുന്നതിന് അത്യന്താപേക്ഷിതമാണ്. വളരെയധികം പ്രശ്നങ്ങളുടെ പരിഹാരം ഉരുത്തിരിയുന്നു. ഹുസൂറിന്റെ പരിശുദ്ധ വ്യക്തിത്വത്തിന്റെ സ്വാധീനം ടെന്റിൽ പ്രവേശിച്ച സമയം മുതൽ രണ്ടാമത് പുറത്ത് പോകുന്നത് വരെ അനുഭവപ്പെട്ടു.

മറ്റൊരതിഥി മിക്കായേൽ സോൾഹൈമർ പറയുന്നു: നമുക്കിവിടെ വന്നിട്ട് സ്വന്തം സ്ഥലത്തെത്തിയതു പോലെ അനുഭവപ്പെടുന്നു. ക്രിസ്ത്യാനികളുടേയും ധാരാളം പരിപാടിയിൽ പങ്കെടുക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ക്രിസ്ത്യാനികൾ നിങ്ങളിൽ നിന്നും വളരെ കാര്യങ്ങൾ പഠിക്കേണ്ടതുണ്ട്.

ജർമൻ റെഡ് ക്രോസിന്റെ ഒരു വിഭാഗത്തിന്റെ തലവൻ മിസ്റ്റർ വോൾക്കർ ഡ്രസ് തന്റെ വികാരം ഈ വാക്കുകളിൽ പ്രകടിപ്പിച്ചു: ഖലീഫയുടെ വ്യക്തിത്വം വളരെ ഇന്ദ്രജാല രൂപത്തിലുള്ളതും നീതി ന്യായത്തിൽ അധിഷ്ഠിതവും പക്ഷപാതിത്വമില്ലാത്തതുമാണ്. എല്ലാ മനുഷ്യരും സമന്മാരാണെന്നും എല്ലാവരേയും ആദരിക്കണമെന്നും ഹുസൂർ പ്രസംഗത്തിൽ സൂചിപ്പിച്ചുവെന്ന് പറഞ്ഞ അദ്ദേഹം ഹുസൂർ പറഞ്ഞ കാര്യങ്ങൾ തികച്ചും ശരിയാണെന്നും അഭിപ്രായപ്പെട്ടു.

ഒരതിഥി മിസ്റ്റർ സ്റ്റെഫാൻ വാസ്മുത്ത് ഇപ്രകാരം പറഞ്ഞു. എനിക്ക് മുമ്പ് ജമാഅത്തിനെ കുറിച്ച് അറിയില്ലായിരുന്നു. ഒരു ആത്മീയ വ്യക്തിക്ക് എന്തെല്ലാം ഉണ്ടാകണമെന്ന് പ്രതീക്ഷിച്ചോ അതെല്ലാം നിങ്ങളുടെ ഖലീഫയിൽ ഉണ്ട്. ഖലീഫ ലോകത്തിന്റെ മിക്ക അവസ്ഥകൾ വളരെ ആകർഷകമായ രൂപത്തിൽ നമ്മെ ബോധ്യപ്പെടുത്തുകയുണ്ടായി. ഇസ്‌ലാമിന്റെ ശാന്തനിർഭരമായ അദ്ധ്യാപനത്തെ കുറിച്ച് പ്രത്യേകിച്ചും.

ഒരു ജപ്പാൻകാരനും അവരുടെ ജർമൻകാരിയായ ഭാര്യയും ഈ പരിപാടിയിൽ പങ്കെടുത്തതിൽ അവർക്ക് വളരെ വിസ്മയം തോന്നിയെന്ന് പറഞ്ഞു. ഇതൊരു ചെറിയ പരിപാടിയായിരിക്കുമെന്നാണ് അവർ വിചാരിച്ചത്. ഇതൊരു വലിയ പരിപാടിയും വളരെ സമാധാന സമ്പൂർണ്ണമായ പരിപാടിയുമായിരുന്നു. ഖലീഫയുടെ വാക്കുകൾ വളരെ വ്യക്ത വും സുന്ദരവുമായിരുന്നു. ഇക്കാലഘട്ടത്തിലെ രാഷ്ട്രീയക്കാർ ഇക്കാര്യങ്ങളിൽ നിന്ന്ഫലമെടുക്കേണ്ടതാണ്. ഖലീഫയുടെ വാക്കുകളിൽ വളരെ സത്യതയുണ്ട്. പള്ളിക്ക് വേണ്ടി ഒരു തുക നൽകാനാഗ്രഹിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ഒരതിഥിക്ക് പരിപാടിയുടെ തുടക്കത്തിൽ സമാധാന വിഷയത്തിലും സ്ത്രീകളുടെ അവകാശങ്ങളുടെ വിഷയത്തിലും ചില സംശയങ്ങളുണ്ടായിരുന്നു. ഖലീഫ സമാധാനത്തിന് വേണ്ടി എന്ത് ശ്രമമാണ് നടത്തുന്നതെന്നൊരു പ്രശ്നവും അദ്ദേഹം ഉന്നയിച്ചിരുന്നു. പ്രസംഗത്തിൽ ഹുസൂർ ഇതെല്ലാം സൂചിപ്പിച്ചതു കേട്ട അദ്ദേഹം തന്റെ മനസ്സിലുള്ള എല്ലാ സംശയങ്ങളും നീങ്ങിയതായി പറഞ്ഞു. നിങ്ങളുടെ ഖലീഫ സമാധാനത്തിന്റെ ദൂതനാണെന്ന് അദ്ദേഹം വിശേഷിപ്പിച്ചു. മുസ്‌ലീംകൾ ഇതനുസരിച്ച് പ്രവർത്തിക്കണമെന്ന് പറഞ്ഞ അദ്ദേഹം ഹുസൂറിന്റെ സന്ദേശം വ്യാപിപ്പിക്കാനും ആഹ്വാനം ചെയ്തു.

ഒരതിഥി പറഞ്ഞു: ഞാനാദ്യമായാണ് ജമാഅത്തിന്റെ പരിപാടിയിൽ പങ്കെടുക്കുന്നത്. അമുസ്‌ലീംകൾ ഇവിടെ വന്ന് കുഴപ്പങ്ങൾ സൃഷ്ടിക്കുമെന്ന് ഭയമുണ്ടായിരുന്നു.നിങ്ങളുടെ പള്ളി പെട്ടെന്ന് പൂർത്തിയാകാനും എനിക്കത് കാണാനും ഞാൻ കാത്തിരിക്കുകയാണ്.

ഒരു സിറിയൻ സ്നേഹിതൻ തന്റെ വികാരങ്ങൾ പ്രകടിപ്പിച്ച് കൊണ്ട് പറഞ്ഞു: അമുസ്‌ലീംകൾ ഇവിടെ വന്ന് അപകടം സൃഷ്ടിക്കുമോ എന്നെനിക്ക് ഭയമുണ്ടായിരുന്നു. ഖലീഫത്തുൽ മസീഹിലൂടെ ഒരു ശാന്തിയുടേയും സമാധാനത്തിന്റേയും അന്തരീക്ഷം തോന്നുന്നു. ഖലീഫയുടെ മുഖം സമ്പൂർണ്ണ പ്രകാശമാണ്. ഇതര മുസ്‌ലീംകളെ അപേക്ഷിച്ച് വളരെ നല്ല രൂപത്തിൽ തന്റെ പ്രസംഗത്തിൽ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ അദ്ദേഹം സമർപ്പിക്കുകയുണ്ടായി. ഖലീഫ ഇന്ന് ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനമാണ് നൽകിയത്. അഹ്മദികളുടെ പരിപാടികളിൽ ഞാനാദ്യമായാണ് പങ്കെടുക്കുന്നത്. ഇനി ഞാൻ കൂടുതൽ കാര്യങ്ങൾ നേടാൻ ശ്രമിക്കും. ഒരു പക്ഷേ ഞാൻ തന്നെ ഒരു ദിവസം ജമാഅത്തിൽ ചേർന്നേക്കാം. ഇവിടെ വരുന്നതിന് മുമ്പ് അഹ്മദികളുടെ ഖുർആൻ വേറേയാണെന്നാണ് ഞാൻ കേട്ടിരുന്നത്. എന്നാൽ ഇതും തെറ്റാണെന്നിവിടെ സ്ഥാപിതമായിരിക്കുന്നു.

ലോർഡ് മേയർ സാഹിബ് പറഞ്ഞത് ഇത്ര അടുത്ത് ആദ്യമായാണ് എനിക്ക് ഖലീഫയെ കാണാൻ കഴിഞ്ഞത്.അദ്ദേഹം വളരെ ആകർഷിതനായിരുന്നു. ഏത് കാര്യമാണ് ഏറ്റവും ആകർഷിച്ചതെന്ന് അദ്ദേഹത്തോട് ചോദിക്കപ്പെട്ടപ്പോൾ ഖലീഫത്തുൽ മസീഹിന്റെ പ്രസംഗമാണെന്ന് മറുപടി പറയുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗം താൻ പ്രതീക്ഷിച്ചത് പോലെയായിരുന്നുവെന്ന് പറഞ്ഞ അദ്ദേഹം ഖലീഫത്തുൽ മസീഹ് ഇതര പ്രസംഗകരുടെ മുഖ്യ വിഷയങ്ങൾ എടുത്ത് കൊണ്ട് മതപരമായ വീക്ഷണകോണിലൂടെ വിശദീകരിച്ചതിൽ വളരെ സന്തോഷം തോന്നുന്നുവെന്നും വ്യക്തമാക്കി. മത സ്വാതന്ത്ര്യത്തെ കുറിച്ചും സഹവർത്തിത്വത്തെ കുറിച്ചും പള്ളിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും ഹുസൂർ പറഞ്ഞ പ്രസംഗ ഭാഗം വളരെ ഇഷ്ടപ്പെട്ടു. തന്നോട് ഹുസൂർ ഇത്രയധികം ആദരവോടെ പെരുമാറിയത് അദ്ദേഹത്തെ വളരെ വിസ്മയിപ്പിച്ചുവെന്നും അദ്ദേഹം പറയുകയുണ്ടായി.

മറ്റൊരതിഥി മിക്കായേൽ സോൾഹോയ്മർ സാഹിബ് ഈ ചടങ്ങ് വളരെ ഇഷ്ടപ്പെട്ടതായും സംവിധാനങ്ങൾ പൂർണമായിരുന്നുവെന്നും പറഞ്ഞു. അതിഥികളുടെ സ്വീകരണം പ്രത്യേകിച്ചും. വളരെയധികം ക്രൈസ്തവ പരിപാടികളിൽ പങ്കെടുത്ത തനിക്ക് പക്ഷേ ഇവിടെ നിന്ന് ഇന്ന് കിട്ടിയ ആത്മാവ് ഒരിക്കലും കിട്ടിയിട്ടില്ലെന്ന് തുറന്ന് പറഞ്ഞു. ഉന്നത ഏർപ്പാടിന്റെ ഉദാഹരണം എന്നനിലയിൽ അദ്ദേഹം ചൂണ്ടികാണിച്ചത് ഇത്രയധികം തണുത്ത അന്തരീക്ഷം നിലനിൽക്കുന്നിടത്ത് ചൂടുള്ള ഭക്ഷണം നൽകുക എന്ന ദുഷ്കരമായ കാര്യത്തെയാണ്. ഖലീഫ ഒരു നിശ്ശബ്ദനും ഊഷ്മള മനസ്സിന്റെ ഉടമയായ മനുഷ്യനുമാണ്. കാര്യങ്ങളെ വളരെ നല്ല രൂപത്തിലാണ് സമർപ്പിക്കുന്നത്. ഒരു ആത്മീയ വ്യക്തിക്ക് എന്തെല്ലാം ഉണ്ടാകണമെന്ന് പ്രതീക്ഷിച്ചോ അതെല്ലാം നിങ്ങളുടെ ഖലീഫയിൽ ഉണ്ട്. മറ്റൊരതിഥി താൻ ജമാഅത്തിനെ കുറിച്ച് മുമ്പ് അറിഞ്ഞിരുന്നില്ലെന്നും ഖലീഫത്തുൽ മസീഹ് സമാധാന സ്ഥാപനവുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യങ്ങളെല്ലാം അത്യന്തം പ്രാധാന്യമുള്ളതാണെന്നും ഖലീഫയുടെ വാക്കുകൾ അമുസ്‌ലീംകൾക്ക് വളരെ പ്രാധാന്യമർഹിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

ഫെഡറൽ മന്ത്രിസഭയുമായി ബന്ധമുള്ള സ്റ്റീഫൻ ഹാൻസ് സാഹിബ് തന്റെ വികാരം പ്രകടിപ്പിച്ച് കൊണ്ട് അദ്ദേഹം പറഞ്ഞു: ഞാനീ പരിപാടിയിൽ ഒരു തികവുറ്റ വ്യവസ്ഥാപിത ജമാഅത്തിനെ ദർശിക്കുകയുണ്ടായി. സ്വഭാവ വൈശിഷ്ട്യങ്ങളെ കുറിച്ച് ഇവിടെ കേവലം പറയപ്പെടുക മാത്രമല്ല നടന്നത് മറിച്ച് അതനുസരിച്ചുള്ള പ്രവർത്തനവും നടന്നു.

ഡാനിയൽ ഹോപ്പ്നർ സാഹിബ് ആദ്യമായാണ് ഒരു അഹ്മദിപരിപാടിയിൽ പങ്കെടുക്കുന്നതെന്നും ഇതിന് മുമ്പ് ജമാഅത്തിനെ കുറിച്ച് കൂടുതലായ അറിവില്ലായിരുന്നുവെന്നും പറഞ്ഞ അദ്ദേഹം ഇപ്പോൾ താൻ വളരെ ആകൃഷ്ടനാണെന്നും പറഞ്ഞു. പള്ളികളെ തീവ്രവാദവുമായിട്ട് ബന്ധിപ്പിച്ചാണ് അധികവും പറയപ്പെടാറുള്ളത്. എന്നാൽ ഇതിൽ യാതൊരു യാഥാർത്ഥ്യവുമില്ലന്നാണ് ബോധ്യമായത്. ഇവിടെ ഒരു പള്ളി നിർമ്മിതമാകുന്നതിലും ഈ പള്ളി സമാധാനഗേഹമായിരിക്കും എന്നതിൽ താൻ വളരെ സന്തോഷവാനാണെന്നും അദ്ദേഹം പറഞ്ഞു.

ഒരു മഹിളാ അതിഥി ലാൻജ് സാഹിബ, ജമാഅത്തിന്റെ പരിപാടിയിൽ ആദ്യമായി പങ്കെടുക്കുന്ന അവർ ഇവിടുത്തെ അന്തരീക്ഷം ശാന്ത നിർഭരമാണെന്ന് പറഞ്ഞു. ഖലീഫത്തുൽ മസീഹ് വളരെ ഉത്കൃഷ്ടനായ വ്യക്തിയാണ്. ഖലീഫത്തുൽ മസീഹ് ശാന്തിസമാധാനത്തെ സംബന്ധിച്ചും സഹവർത്തിത്വത്തിനെ കുറിച്ചും പറഞ്ഞകാര്യങ്ങളെല്ലാം തന്നെ വളരെ സ്വാധീനിച്ചുവെന്നും അവർ പറഞ്ഞു.

ഒരതിഥി മിഖായേൽ പാൻസ്നേർ സാഹീബ് പറഞ്ഞു: ഈ ചടങ്ങ് വളരെ ജീവനുള്ള തുറന്ന വ്യവസ്ഥാപിത സംവിധാനമായിരുന്നു. ഖലീഫ സാഹിബ് വളരെ പരിചയമുള്ള മഹത്വവാനാ യ

വ്യക്തിയെന്ന് മനസ്സിലാകുന്നു. വളരെ എളുപ്പത്തിൽ ഏതൊരു വ്യക്തിക്കും അദ്ദേഹത്തിന്റെ ആത്മീയത അനുഭവവേദ്യമാകും. വളരെ വ്യസനകരമായ കാര്യം എന്ന നിലയിൽ അദ്ദേഹം പറയുന്നത് വ്യക്തമായ കാര്യങ്ങൾ പോലും വീണ്ടും വിശദീകരിക്കേണ്ട രൂപത്തിൽ ലോകത്തിന്റെ അവസ്ഥ എത്തിയതിലാണ്.

ഒരു മഹിളാ അധ്യാപിക കത്താറിന സാഹിബ വളരെ സുഖദായകമായിരുന്നു ഈ ചടങ്ങെന്നും അതിഥികൾ സ്വീകരിക്കപ്പെട്ട രീതി തന്നെ ഹഠാദാകർഷിച്ചതായും പറയുകയുണ്ടായി. മതത്തെ കുറിച്ച് താൻ വളരെ പഠിച്ചിട്ടുണ്ട്. ഖലീഫത്തുൽ മസീഹ് വളരെ ചിന്തകനായ പണ്ഡിതമനുഷ്യനെന്ന് മനസ്സിലാകുന്നു.വളരെ യുക്തി സമ്പൂർണമായ കാര്യമാണ് ഹുസൂർ പറഞ്ഞതെന്നും സമാധാനത്തിന് എത്ര പ്രാധാന്യമുണ്ടെന്ന് അതിൽ നിന്നും മനസ്സിലാകുന്നുണ്ടെന്നും അവർ പറഞ്ഞു. അഹ്മദിയ്യാ ജമാഅത്ത് വളരെ സമാധാനം ആഗ്രഹിക്കുന്ന ഒരു ജമാഅത്താണെന്നും ഇസ്ലാമിന്റെ അർത്ഥം തീവ്രവാദമാണെന്നത് തികച്ചും തെറ്റാണെന്നും അദ്ദേഹം പറഞ്ഞു.

**2017 ഏപ്രിൽ 19 ബുധനാഴ്ച**

രാവിലെ അഞ്ചര മണിക്ക് ഫജ്ർ നമസ്കരിച്ചു. ശേഷം താമസസ്ഥലത്തേക്ക് മടങ്ങിയ ഹുസൂർ ഓഫീസ് പ്രവർത്തനങ്ങളിൽ മുഴുകി. ലണ്ടൻ കേന്ദ്രത്തിൽ നിന്നും ഇതര ലോക രാജ്യങ്ങളിൽ നിന്നും ലഭിച്ച ലറ്ററുകൾ,റിപ്പോർട്ടുകൾ, പരിശോധിച്ചു. പരിശോധനക്ക് ശേഷം ആഴവശ്യമായ നിർദ്ദേശങ്ങൾ സ്വന്തം കൈപ്പടയിൽ ഹുസൂർ എഴുതുന്നു.

**ഫാമിലീ മുലാഖാത്ത്**

11.30 ന് കുടുംബ മുലാക്കാത്തിൽ പങ്കെടുക്കാനായി ഹുസൂർ എത്തി. ഇന്ന് 50 കുടുംബങ്ങളിൽ നിന്നുമായി 181 അംഗങ്ങൾ ഹുസൂറിനെ കണ്ടു.

ജർമനിയിലെ 30 വിവിധ പ്രദേശങ്ങളിൽ നിന്നും എത്തിയ ഇവർ ദീർഘ ദൂര യാത്ര ചെയ്തു വന്നവരാണ്. കാസിൽ,സ്റ്റോൻഗാർട്ട് എന്നിവിടങ്ങളിൽ നിന്നും 200 കിലോ മീറ്ററും ഹംബർഗിൽ നിന്നുള്ളവർ 500ഉം കിലോമീറ്ററും താണ്ടിയാണ് വന്നത്. എല്ലാവരും ഹുസൂറിനോടൊപ്പം ഫോട്ടോ എടുത്ത് ധന്യരായി. വദ്യാർത്ഥികൾക്ക് പേനയും കുട്ടികൾക്ക് ചോക്ളറ്റും ഹുസൂർ നൽകി. 1.40 വരെ നീണ്ടു നിന്ന പരിപാടിക്ക് ശേഷം ഹുസൂർ ളുഹറും അസറും ജംആക്കി നിർവ്വഹിച്ചു. താമസസ്ഥലത്തേക്ക് മടങ്ങുകയും ചെയ്തു.

**മാർ ബർഗ് അഹ്മദിയ്യാ ജമാഅത്തിൽ പള്ളിയുടെ തറക്കല്ലിടൽ ചടങ്ങ്.**

മാർ ബർഗ് അഹ്മദിയ്യാ ജമാഅത്തിൽ പള്ളിയുടെ തറക്കല്ലിടൽ ചടങ്ങ് ഇന്ന് നടന്നു. അഞ്ച് മണിക്ക് ഹുസൂർ ഇതിനായി മാർ ബർഗിലേക്ക് തിരിച്ചു. 80 കിലോമീറ്റർ യാത്ര ചെയ്ത് പട്ടണാതിർത്തിയിൽ പ്രവേശിക്കുന്നതിന് മുമ്പായി പോലീസ് എസ്കോർട്ടും നൽകി. 5.10ന് ഇവിടെ എത്തി.അസാധാരണ ദിനമായിരുന്നു മാർ ബർഗിന് ആ ദിവസം. അനുഗ്രഹത്തിന്റേയും സൗഭാഗ്യത്തിന്റേയും ദിനം. എല്ലാവരും സന്തോഷത്തിൽ ഉൻമത്തരായിരുന്നു. ആദ്യമായാണ് ഹുസൂറിന്റെ അനുഗൃഹീത പാദം ഈ പട്ടണത്തിൽ പതിയുന്നത്. സ്ത്രീ പുരുഷന്മാരും യുവതീ യുവാക്കളും കുട്ടികളും എല്ലാവരും പ്രിയ നേതാവിന്റെ വരവിന് കാത്തു നിൽക്കുകയായിരുന്നു.

ഹുസൂറെത്തിയപ്പോൾ വർധിച്ച ആവേശത്തോടെ ജമാഅത്ത് സഹോദരങ്ങൾ സ്വീകരിച്ചു. എല്ലാവരും കൈകൾ വീശി ഹുസൂറിന് സ്വാഗതമോതി. പെൺ കുട്ടികൾ സ്വീകരണ ഗീതവും പ്രാർത്ഥനാ ഗാനവും ആലപിച്ചു കൊണ്ടിരുന്നു.സ്ത്രീകൾ ഹുസൂറിനെ ദർശിച്ച് അനുഗൃഹീതരായി. ഹുസൂർ കൈയുയർത്തി എല്ലാവർക്കും സലാം പറഞ്ഞു.

സദർ ജമാഅത്ത് മാർബർഗ് മുഹമ്മദ് ഇൽയാസ് സാഹിബ്,റീജ്യനൽ അമീർ മുസഫർ അഹ്മദ് ബാജ്വ,റീജ്യനൽ മുഅല്ലിം മഖ്സൂദ് അലവി സാഹിബ്,ഹുസൂറിന് സ്വഗതമോതി ഹസ്തദാനം ചെയ്തു. ഈ അവസരത്തിൽ ലാർഡ് മേയർ ഡാക്ടർ തോമസ് സ്പൈസ്, നാഷണൽ അസംബ്ളി മെമ്പർ സോറൻ ബാരട്ടോൽ സാഹിബും ഹുസൂറിനെ സ്വീകരിക്കാൻ എത്തിയിരുന്നു. ഹുസൂറിന് ഹസ്തദാനം ചെയ്തു.ശേഷം ഹുസൂർ മാർക്കിയിലെത്തിയതോടെ കല്ലിടൽ ചടങ്ങ് പരിപാടികൾക്ക് തുടക്കമായി.മാഹിദ് ഇൽയാസ് സാഹിബ് വിശുദ്ധ ഖുർആൻ പാരായണം നിർവ്വഹിച്ചു.ജർമൻ തർജ്ജമ കാംറാൻ ഖാൻ സാഹിബ് സമർപ്പിച്ചു.

**ജർമൻ അമീർ സാഹിബിന്റെ പ്രസംഗം**

ജർമൻ അമീർ ആദരണീയ അബ്ദുല്ലാ വാഗ്സൗസർ സാഹിബ് തന്റെ ആമുഖഭാഷണത്തിൽ മാർബർഗ് പട്ടണത്തിന്റെ സംക്ഷിപ്ത ചരിത്രം വിശദീകരിച്ചു. മാർബർഗ് പട്ടണം കാസിലിനും ഫ്രാങ്ക്ഫർട്ടിനും ഇടയിലാണ് സ്ഥിതി ചെയ്യുന്നത്. ഹേസൻ സംസ്ഥാനത്തിന്റെ നടുക്കാണ് ഈ പട്ടണം ഉള്ളത്. ഇതിന്റെ ചരിത്രം വളരെ പുരാതനമാണ്. ക്രിസ്താബ്ദം 1130 ലാണ് ഈ പട്ടണം സ്ഥാപിതമാകുന്നത്. ഇപ്പോൾ പട്ടണത്തിന്റെ ജനസംഖ്യ 74000 ആണ്. മാർബർഗ് യൂണിവേഴ്സിറ്റി കാരണത്താലും ഈ പട്ടണം പ്രസിദ്ധമാണ്.1627ലാണ് ഈ യൂണിവേഴ്സിറ്റി സ്ഥാപിതമാകുന്നത്. ലോകത്തിലെ അതിപുരാതന പ്രൊട്ടസ്റ്റന്റ് യൂണിവേഴ്സിറ്റിയാണിത്. 1974ലാണ് അഹ്മദിയ്യാ ജമാഅത്ത് ഇവിടെ സ്ഥാപിതമാകുന്നത്. 2010 ൽ ജമാഅത്ത് ഒരു നമസ്കാര കേന്ദ്രം ഇവിടെ സ്ഥാപിച്ചു. ഇവിടുത്തെ ജമാഅത്ത് വളരെ ഊർജ്ജസ്വലമാണ്. വളരെയധികം പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ജനുവരി 1-ാം തിയ്യതി ശ്രമദാന പരിപാടി,ചാരിറ്റി വാക്ക്,വൃക്ഷം നടൽ,വൃദ്ധ സദന സന്ദർശനം തുടങ്ങിയവ ഉദാഹരണം. നിർമ്മിതമാകാൻ പോകുന്ന പള്ളിയെ സംബന്ധിച്ചും അമീർ സാഹിബ് വിശദീകരിച്ചു. നമസ്കാര നിർവ്വഹണത്തിന് വേണ്ടി രണ്ട് ഹാൾ ഉണ്ടാകും. കൂടെ ഒരു വീടും നിർമ്മിക്കും. ഒരു കേന്ദ്രീകൃത പാചകകേന്ദ്രവും ലൈബ്രറിയും ഉണ്ടാകും. പള്ളിക്ക് ഒരു കുടുമയും മിനാരവും ഉണ്ടാകും.

**മാർബർഗ് മേയറിന്റെ ഭാഷണം**

ലോർഡ് മേയർ മിസ്റ്റർ തോമസ് സ്പൈസ് ഈ വാക്കുകളിൽ പ്രഭാഷണം തുടങ്ങി.

ആദരണീയ ഖലീഫത്തുൽ മസീഹ്! ആദ്യമായി ഞാൻ അങ്ങയ്ക്ക് സ്വാഗതം ആശംസിക്കുകയാണ്. ഖലീഫത്തുൽ മസീഹ് മാർ ബർഗ് സന്ദർശിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഖലീഫത്തുൽ മസീഹിന്റെ ഇവിടേക്കുള്ള വരവ് ഞങ്ങൾക്ക് ലഭിച്ച ഒരു അഭിമാനമാണ്. മതപരമായ ചർച്ചകൾ നടത്തുക എന്നത് നമ്മുടെ ഈ പട്ടണത്തിന്റെ രീതിയാണ്. കാരണം, ഈ പട്ടണത്തിൽ യീണിവേഴ്സിറ്റി സ്ഥിതി ചെയ്യുന്നു. മതത്തിന് സുപ്രധാനമായ ഒരു മാതൃകയുണ്ട്. കാരണം ഒരു കാലത്ത് ക്രൈസ്തവർ ധാരാളമായി ഈ പട്ടണത്തിൽ വരവുണ്ടായിരുന്നു. പള്ളി നിർമ്മിക്കാൻ ഈ പട്ടണത്തെ തെരഞ്ഞെടുത്തതിൽ തനിക്ക് വളരെ നന്ദിയുണ്ടെന്ന് പറഞ്ഞ അദ്ദേഹം കാരണമായി പറഞ്ഞത് ദൈവത്തിന്റെ വീട് ശാന്തി സമാധാനത്തിന്റെ ഒരടയാളമാണെന്നാണ്.

ഈ വീട്ടിൽ മനുഷ്യർക്ക് മതമെന്താണെന്ന് മനസ്സിലാക്കാനുള്ള അധ്യാപനങ്ങളാണ് നൽകുന്നത്. ഓരോരുത്തരും തങ്ങളുടേതായ വഴിയിൽ ശാന്തി കൈവരിക്കാൻ നോക്കുന്നു. ഇതനുസരിച്ചാണ് നാമിവിടെ താമസിക്കുന്നതും. ഇതോടൊപ്പമാണ് മുന്നോട്ടുള്ള ഗമനവും. ഈ പള്ളിയുടെ സ്ഥാപനോദ്ദേശ്യം ഈ ആരാധാനാലയം സമാധാനത്തിന്റെ ഗേഹമാണെന്നാണ്. നിങ്ങളഹ്മദികൾ ഇവിടെ സ്ഥിരതാമസക്കാരായി കഴിഞ്ഞിട്ടുണ്ട്. ഒരു ഭാഗത്ത് നിങ്ങൾ പള്ളി നിർമ്മിക്കുകയും മറു ഭാഗത്ത് നിങ്ങൾ ഈ പട്ടണത്തിൽ സമ്പൂർണ്ണ സമാധാനത്തോടെ താമസിക്കുന്നുവെന്നതിലും നമുക്ക് വളരെ സന്തോഷമുണ്ട്. നിങ്ങൾ നമ്മുടെ സമൂഹത്തിൽ ലയിച്ചു കഴിഞ്ഞിട്ടുണ്ട്. പള്ളിനിർമ്മാണവുമായി ബന്ധപ്പെട്ട് ഇതിന്റെ എല്ലാ ഘട്ടങ്ങളും വിജയപ്രദമായി നടക്കട്ടെയെന്ന് കാംക്ഷിക്കുന്നു. എല്ലാ വിപത്തുകളിൽ നിന്നും സുരക്ഷിതമായിരിക്കട്ടെ. എന്നും ഈ പള്ളി ശാന്തിയുടെ ഗേഹമായിരിക്കട്ടെ.

**സംസ്ഥാന മെമ്പർ പാർലൃമെന്റ് മിസിസ് ക്രിസ്റ്റനിന്റെ പ്രസംഗം.**

സംസ്ഥാന മെമ്പർ പാർല്യമെന്റ് മിസിസ് ക്രിസ്റ്റൻ ഫർൻഡട്ട് തന്റെ പ്രസംഗം ഈ വാക്കുകളിൽ തുടങ്ങി.: ആദരണീയ ഖലീഫത്തുൽ മസീഹ് ! എന്നെ ഇവിടേക്ക് ക്ഷണിച്ചതിൽ നിങ്ങളോട് നന്ദിയുണ്ട്. ഇന്നത്തെ ദിവസം എല്ലാവർക്കും ഒരു പ്രത്യേക ദിവസമാണ്. കാരണം ഇവിടെ ഉന്നതനായ ദൈവത്തിന്റെ ഒരു വീട് പണിയുകയാണ്. പള്ളിനിർമ്മാണ പ്രവർത്തി തുടങ്ങുന്ന സമയത്ത് ഇസ്ലാമിന്റെ യാഥാർത്ഥ്യത്തെപ്പറ്റി വിവരമില്ലാത്ത ചിലരും കാണപ്പെടാറുണ്ട്. ഇതിൽ അപകടമൊന്നുമില്ലയെന്ന് ജനങ്ങൾക്ക് ബോധ്യമാകുന്ന പ്രവൃത്തികൾ കൂടുതലായി ചെയ്യുന്നതാണ്. എന്നും പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും നല്ലവണ്ണം അറിയാൻ നിരന്തരമായി ആശയവിനിമത്തിൽ ഇടപെടേണ്ടതുണ്ട്. വ്യക്തികൾ പരസ്പരം സഹവർത്തിത്വത്തോടെ പെരുമാറേണ്ടതുണ്ട്. ഇവിടെ വിവിധ സംസ്കാരങ്ങളുടേയും രാജ്യങ്ങളുടേയും ജനങ്ങൾ താമസിച്ചു വരുന്നു. ഒരു സ്ഥലത്ത് ഒന്നു ചേരുകയും ചെയ്യാറുണ്ട്. വിവിധ രാജ്യക്കാരും സംസകാരത്തിന്റെ ആളുകളും പരസ്പരം സഹകരിച്ചുകൊണ്ട് ശാന്തി സമാധാനത്തോടെ കഴിയേണ്ടതുണ്ട്. ഇവിടെ ദൈവത്തിന്റെ ഭവനം സ്ഥാപിതമാകുന്നുവെന്നതിൽ വളരെ സന്തോഷമുണ്ടെന്നും അവർ പറഞ്ഞു.

**നാഷണൽ പാർല്യമെന്റ് മെമ്പർ മിസ്റ്റർ സോറൻ ബാർട്ടോലിന്റെ പ്രഭാഷണം.**

നാഷണൽ പാർല്യമെന്റ് മെമ്പർ മിസ്റ്റർ സോറൻ ബാർട്ടോൽ ദേശീയ അസംബ്ലിയിലെ വിവിധ കമ്മിറ്റിയുടെ സ്പീക്കറുമാണ്. അദ്ദേഹം തന്റെ വാക്കുകൾ ഇങ്ങനെ തുടങ്ങി: ആദരണീയ ഖലീഫത്തുൽ മസീഹ്! എനിക്കിവിടെ എത്താൻ കഴിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. നിങ്ങളിവിടെ സ്ഥിരമായി താമസിക്കാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടണ് സ്വന്തമായി പള്ളിയുണ്ടാക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിലെ വ്യക്തികൾ ഈ പട്ടണത്തിന്റെ ഉപകാരികളായ നാഗരികരാണ്. സഹകരിച്ച് ജീവിക്കുകയെന്നത് ഒരു സമൂഹത്തിന് അത്യന്തം പ്രാധാനമായ കാര്യമാണ്. ഇപ്രകാരം തെറ്റിദ്ധാരണകളും നീങ്ങിപ്പോകുന്നു. ഈ പള്ളി എല്ലാ മനുഷ്യർക്കും ഒരു തുറന്ന ആരാധനാ ഗേഹമായിരിക്കും. ഇവിടെ നിന്നും സമാധാനം മാത്രമേ പരക്കുകയുള്ളൂവെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ പള്ളിയുടെ നിർമ്മാണ പ്രവൃത്തി പെട്ടെന്ന് പൂർത്തിയാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇതിന്റെ ഉദ്ഘാടനത്തിൽ നമുക്കെല്ലാവർക്കും പങ്കെടുക്കേണ്ടതുണ്ട്.

**സയ്യദ്നാ ഹുസൂർ തിരുമനസ്സിന്റെ (അയ്യദഹുല്ലാഹുതആലാ) പ്രഭാഷണം**

അതിനു ശേഷം പരിപാടിയനുസരിച്ച് 6.20 ന് ഹുസൂർ തിരുമനസ് തന്റെ പ്രഭാഷണം നിർവഹിച്ചു. ഹുസൂർ തശഹുദും തഅവ്വുദും തസ്മിയായും ഓതിയതിനു ശേഷം പറഞ്ഞു: ആദ്യമായി ഞാൻ എല്ലാ ആദരണീയ അതിഥികൾക്കും അസ്സലാമു അലയ്ക്കും വറഹ്മത്തുല്ലാഹി വബർക്കാതുഹു പറയാൻ ആഗ്രഹിക്കുന്നു. സമാധാനത്തിന്റെയും ശാന്തിയുടെയും സ്നേഹത്തിന്റെയും ഉപഹാരം സമർപ്പിക്കുന്നു. പ്രാദേശികവാസികൾ ധാരാളമായി നമ്മുടെ സദസിൽ വന്നിരിക്കുന്നതായി ഞാൻ കാണുന്നു. നിങ്ങൾ നിശ്ചയമായും വിശാലമനസ്കരാണ് എന്നുള്ളതിന്റെ തെളിവാണ് നിങ്ങളുടെ ഇവിടോട്ടുള്ള വരവ്. ഇത്തരം വിശാലമനസ്കർക്ക് എത്രത്തോളം സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഉപഹാരം സമർപ്പിച്ചാലും മതിയാകില്ല. നാം വിശാലമനസ്കരാകുകയും, പരസ്പരം മനസിലാക്കുന്നവരാകുകയും, മറ്റുള്ളവരുടെ അഭിപ്രായങ്ങൾ കേൾക്കുന്നവരാകുകയും ചെയ്യുമ്പോഴാണ് സമൂഹത്തിൽ ശാന്തിയും സമാധാനവും സംജാതമാകുകയുള്ളു.

അതിനാൽ ആദ്യം തന്നെ ഞാൻ നിങ്ങൾക്ക് സമാധാനത്തിന്റെ ഉപഹാരം നൽകുന്നതോടൊപ്പം നിങ്ങൾക്ക് ആശംസകൾ അർപ്പിക്കാനും ആഗ്രഹിക്കുന്നു. കാരണം നിങ്ങളിൽ മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ശ്രവിക്കുന്നതിന് ആഗ്രഹിക്കുന്നു എന്ന സവിശേഷതയുണ്ട്. ഇത് തന്നെയാണ് വാസ്തവും. അക്കാരണത്താൽ തന്നെയാണ് നിങ്ങൾ ഇന്നിവിടെ സന്നിഹിതരായിരിക്കുന്നതും. ഇസ്ലാമിനെ

സംബന്ധിച്ച് ചിലത് കേൾക്കുന്നതിനും മനസ്സിലാക്കുന്നതിനും നിങ്ങൾ ആഗ്രഹിക്കുന്നു എന്നതിനുള്ള തെളിവും കൂടിയാണ് നിങ്ങളുടെ ആഗമനം. കാരണം ഇത് ഒരു മുസ്‌ലിം ജമാഅത്തിന്റെ ഒരു തരത്തിലുള്ള മതപരിപാടി മാത്രമാണ്. ഒരു ആരാധനാലയത്തിന്റെ തറക്കല്ലിടുന്ന പരിപാടിയാണ്. ഇതിന് നിങ്ങൾ വന്നിരിക്കുന്നത് ഏതെങ്കിലും ഭൗതിക ലക്ഷ്യം മുന്നിൽ വെച്ചുകൊണ്ടാവില്ല. ഇവരെ കുറെക്കാലമായിട്ട് ഞങ്ങൾക്കറിയാം, അവരുമായി ബന്ധവുമുണ്ട്, പരിചയവുമുണ്ട്, ഇവിടെ ജമാഅത്തിന്റെ പ്രവർത്തനങ്ങളുമുണ്ട്, അത് ഞങ്ങൾ കേൾക്കുകയും മനസ്സിലാക്കിയിട്ടുമുണ്ട്. എന്നാൽ പള്ളിയുടെ തറക്കല്ലിടുന്ന പരിപാടിയിൽ പോകേണ്ടതും അവർ എങ്ങനെയാണ് ഈ പരിപാടി നടത്തുന്നത്, എന്തൊക്കെയാണ് നടക്കുന്നത് എന്ന് കാണേണ്ടതാണ് എന്നുള്ള ചിന്ത നിശ്ചയമായിട്ടും നിങ്ങളിൽ വന്നിട്ടുണ്ടാകും. അതിനാൽ ഈ നിലയിൽ നിങ്ങൾ യഥാർഥത്തിൽ പ്രശംസാർഹരാണ്.

കൂടാതെ ഞാൻ ഇവിടെ വസിക്കുന്ന അഹ്മദികളെ സംബന്ധിച്ചും സന്തോഷവാനാണ്. കാരണം അവർ ഇവിടുത്തെ പ്രാദേശികരുമായി ബന്ധം വളർത്തിയെടുക്കുകയുണ്ടായി. അഹ്മദികളുമായുള്ള ഈ ബന്ധം കാരണത്താലാണ്, അവരുമായുള്ള നിങ്ങളുടെ അടുപ്പം കാരണത്താലാണ് അവരുടെ ക്ഷണം സ്വീകരിച്ച് നിങ്ങൾ ഇവിടെ എത്തിച്ചേരുകയും ഞങ്ങളുടെ ഈ പരിപാടിയെ വർണശബളമാക്കിയതും.

അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾ എത്തുന്നിടത്തെല്ലാം തന്നെ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം നൽകുന്നു. ഇത് ഇസ്‌ലാമിന്റെ അദ്ധ്യാപനമാണ്. അമീർ സാഹിബ് എന്നോട് പറഞ്ഞത്, ഇവിടെ അവർ വൃദ്ധസദനത്തിലും മറ്റ് വിവിധ തരത്തിലുള്ള ചാരിറ്റികളിലും സൃഷ്ടിസേവനങ്ങൾ ചെയ്യാറുണ്ട് എന്നാണ്. സൃഷ്ടിസേവനം ഒരു മനുഷ്യന്റെ കടമയാകുന്നു. മതം എന്തെന്ന് നോക്കാതെ തന്റെ മറ്റ് സഹോദരന്മാർക്ക് ഗുണം ചെയ്യുക എന്നത് ഒരു മനുഷ്യന്റെ ധർമമാണ്. ഒരു മനുഷ്യനെന്ന നിലയിൽ നാം പരസ്പരം മനസ്സിലാക്കേണ്ടതാണ്, പരസ്പരം സഹായിക്കേണ്ടതാണ്, പരസ്പരം മറ്റുള്ളവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കി കൊടുക്കേണ്ടതുമാണ്. ഇത് വളരെ അനിവാര്യമായ കാര്യമാകുന്നു. അതില്ലായെങ്കിൽ ആരാധനയും നിഷ്ഫലമായിത്തീരുന്നു.

അക്കാരണത്താലാണ് അല്ലാഹു വിശുദ്ധഖുർആനിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നത്; പള്ളികളിൽ വരുന്നവർ അല്ലെങ്കിൽ നമസ്കരിക്കുന്നവർ അതിനുശേഷം മറ്റുള്ളവർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുകയാണെങ്കിൽ, അവർക്ക് ഗുണകാരിയാകുന്നില്ലെങ്കിൽ, അനാഥരെ ശ്രദ്ധിക്കുന്നില്ലായെങ്കിൽ, വൃദ്ധരെ സഹായിക്കുന്നില്ലായെങ്കിൽ, സാധുക്കളെ സഹായിക്കുന്നില്ലായെങ്കിൽ അല്ലെങ്കിൽ വിവിധങ്ങളായ സൃഷ്ടിസേവനങ്ങളിൽ ഏർപ്പെടുന്നില്ലായെങ്കിൽ, സമാധാനവും ശാന്തിയും സ്നേഹവും പ്രചരിപ്പിക്കുന്നില്ലായെങ്കിൽ അവരുടെ നമസ്കാരം സ്വീകരിക്കപ്പെടുന്നതല്ല. മറിച്ച് അത് അവർക്ക് തിന്മയായി മാറുന്നു. ചുരുക്കത്തിൽ നിങ്ങൾ സൃഷ്ടിസേവനങ്ങൾ ചെയ്യണം എന്നതിലേക്ക് വിശുദ്ധഖുർആൻ ഇത്രത്തോളം ഞങ്ങൾക്ക് കല്പനകൾ നൽകുന്നുണ്ട്. അക്കാരണത്താലാണ് യഥാർഥ ഇസ്‌ലാമിക അധ്യാപനങ്ങളെ പ്രാവർത്തികമാക്കുന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സൃഷ്ടിസേവനങ്ങളിൽ മുന്നേറിക്കൊണ്ടിരിക്കുന്നത്.

ലോർഡ് മേയർ ഇവിടെ യൂണിവേഴ്സിറ്റിയെ കുറിച്ച് പരാമർശിക്കുകയുണ്ടായി. വിദ്യാഭ്യാസ കാര്യത്തെ സംബന്ധിച്ചിടത്തോളം അഹ്മദിയ്യാ ജമാഅത്ത് ലോകത്തിലെ ദരിദ്ര രാഷ്ട്രങ്ങളിൽ വിദ്യാഭ്യാസം പ്രചാരത്തിൽ കൊണ്ടുവരുന്നതിൽ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അഹ്മദിയ്യാ ജമാഅത്ത് എങ്ങനെയാണ് വിദ്യാഭ്യാസത്തെ പ്രചരിപ്പിക്കുന്നത് എന്നത് സംബന്ധിച്ച് പറയുന്നതിന് മുമ്പായി സ്ത്രീകളെ സംബന്ധിച്ച് ഒരു താൽപര്യജനകമായ കാര്യം പറയാൻ ആഗ്രഹിക്കുന്നു. കാരണം ഇവിടെ ധാരാളം സ്ത്രീകളും സന്നിഹിതരായിട്ടുള്ളതായി ഞാൻ കാണുന്നു. അതായത് അഹ്മദിയ്യാ ജമാഅത്തിൽ പുരുഷന്മാരേക്കാൾ കൂടുതൽ വിദ്യാസമ്പന്നർ സ്ത്രീകളാകുന്നു. അവർ യൂണിവേഴ്സിറ്റികളിൽ നിന്നും വിദ്യ അഭ്യസിക്കുന്നവരാണ്, വിവിധങ്ങളായ ജോലി സംബന്ധമായി വിദ്യയും അഭ്യസിക്കുന്നവരാണ്. ഇതിനു കാരണം, ഒരു സ്ത്രീ വിദ്യ അഭ്യസിക്കുമ്പോൾ അവളുടെ അറിവ് അവളിൽ മാത്രം പരിമിതമാകുന്നില്ല. നിശ്ചയമായും ഒരു സ്ത്രീയും പുരുഷനും വിദ്യ കരസ്ഥമാക്കുമ്പോൾ ആ വിദ്യയെ പ്രചരിപ്പിക്കുകയാണ് ചെയ്യുന്നത്. ആ വിദ്യ കരസ്ഥമാക്കിക്കൊണ്ട് അവർ ഏതെങ്കിലും നിലയിൽ രാജ്യത്തെയും സമൂഹത്തെയും സേവിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഒരു സ്ത്രീ വിദ്യ കരസ്ഥമാക്കിക്കഴിഞ്ഞാൽ, സ്ത്രീയെ സംബന്ധിച്ചിടത്തോളം പുരുഷന്മാരെക്കാൾ അവൾക്കുള്ള മേന്മ അവൾ കുട്ടികളെ പരിപാലിക്കുന്നവളുമാണെന്നതാണ്. അക്കാരണത്താലാണ് സ്വർഗം സ്ത്രീയുടെ കാൽപാദങ്ങൾക്കു കീഴിലാണെന്ന് ഇസ്‌ലാമിന്റെ സംസ്ഥാപനായ ഹദ്റത് മുഹമ്മദ് മുസ്തഫാ (സ) പറഞ്ഞത്. സ്വർഗം സ്ത്രീകളുടെ കാൽപാദങ്ങൾക്കു കീഴിലാണെന്ന് പറയാൻ കാരണം, ഒരു സ്ത്രീ തന്റെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം നൽകിക്കൊണ്ട്, വിദ്യ കരസ്ഥമാക്കിയതിന് ശേഷം പിന്നീട് തന്റെ മക്കൾക്ക് നല്ല ശിക്ഷണം നൽകുമ്പോൾ അവരെ നല്ല പൗരന്മാരാക്കുകയാണ് ചെയ്യുന്നത്. അവരെ രാജ്യത്തിന്റെയും സമൂഹത്തിന്റെയും ഒരു സമ്പത്താക്കി മാറ്റുന്നു. അങ്ങനെ അവർ തങ്ങളുടെ മക്കളെ സ്വർഗത്തിലേക്ക് നയിക്കുന്നവളായി മാറുന്നു. സ്വർഗത്തെ കുറുച്ചുള്ള ഇസ്‌ലാമിക വീക്ഷണം എന്തെന്നാൽ, സ്വർഗം രണ്ട് വിധമാണുള്ളത്. ഇഹലോകത്തും ഒരു സ്വർഗമുണ്ട്, മറ്റൊന്ന് മരണ ശേഷം ലഭിക്കുന്ന സ്വർഗമാണ്. ഈ ലോകത്തെ സ്വർഗം ഇപ്രകാരമാണ് ആരംഭിക്കുന്നത്. അതായത് ഒരാൾ കർമനിരതനായ മനുഷ്യനായി മാറിക്കൊണ്ട്, ഉന്നത ധാർമിക ഗുണങ്ങളുള്ള മനുഷ്യനായി മാറുമ്പോൾ, അല്ലാഹുവിനെ ആരാധിക്കുന്നവനാകുന്നതിനോടൊപ്പം തന്റെ മറ്റ് സഹോദരന്മാരോട് മനുഷ്യരോട് സ്നേഹത്തോടെ വർത്തിക്കുന്നവനായി മാറുമ്പോൾ, ശാന്തിയുടെയും സമാധാനത്തിന്റെയും വക്താവായി മാറുമ്പോൾ ഒരു ഭാഗത്ത് സ്വയം തന്നെ അയാൾ സുരക്ഷിതമാക്കുന്നു. അതായത് സ്വർഗത്തിലാകുന്നു. അതോടൊപ്പം തന്നെ അയാൾ മറ്റുള്ളവർക്കായും ഈ ലോകത്ത് സ്വർഗത്തിനുള്ള ഹേതുവായി മാറുന്നു.

ഒരു ഭാഗത്ത് തീവ്രവാദികൾ തീവ്രവാദം ചെയ്യുന്നതായി നാം കാണുന്നു. നിഷ്കളങ്കരായവരെ ക്ലബ്ബുകളിൽ പോയി വെടിവെച്ച് കൊല്ലുന്നു. അല്ലെങ്കിൽ സ്വയം പൊട്ടിത്തെറിച്ച് മറ്റുള്ളവരെ കൊല്ലുന്നു. അല്ലെങ്കിൽ മറ്റെവിടെയെങ്കിലും കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാക്കുന്നു. അല്ലെങ്കിൽ മുസ്‌ലിം രാജ്യങ്ങളിൽ തന്നെ മുസ്‌ലിംകൾ സ്വയം മുസ്‌ലിംകളെ കൊല്ലുന്നതായും നാം കാണുന്നു. പാശ്ചാത്യ രാജ്യങ്ങളിലും കൊല നടത്തുന്നു. അല്ലാഹു സ്വർഗമാക്കിയ ആ ലോകത്തെ ജനങ്ങൾ നരകമാക്കുന്നു. അക്കാരണത്താൽ അവർ പ്രശംസാർഹരാകുന്നില്ല. മറു ഭാഗത്ത് നല്ല മുസ്‌ലിംകളുണ്ട്. നല്ല മനുഷ്യരുണ്ട്, അവർ ക്രിസ്ത്യാനികളോ അല്ലെങ്കിൽ യഹൂദരോ അല്ലെങ്കിലും മറ്റേതെങ്കിലും മതത്തിന്റെ അനുയായികളോ ആയിക്കൊള്ളട്ടെ. അവർ തങ്ങളുടെ ചുറ്റുപാടുകളിൽ സമാധാനവും ശാന്തിയും സ്നേഹവും പരത്തുന്നു. അതായത് അവരും ഈ ലോകത്തെ സ്വർഗമാക്കുന്നു. മനുഷ്യരെ സേവിക്കുന്നവരെ സംബന്ധിച്ച്, ഈ ലോകത്തെ സ്വർഗമാക്കുന്നവരെ സംബന്ധിച്ച് ഞാൻ നേരത്തേ പറഞ്ഞതു പോലെ അല്ലാഹു പറഞ്ഞിരിക്കുന്നത് ഞാൻ അവരുടെ ആരാധനകളെ സ്വീകരിക്കുന്നതാണ് എന്നാണ്. ഈ ആരാധനകാളാണ് പിന്നീട് പരലോകത്ത് മനുഷ്യനെ സ്വർഗാവകാശികളാക്കി മാറ്റുന്നത്. ഞാൻ മുമ്പ് പരാമർശിച്ചത് പോലെ ഈ ആരാധനകൾ മനുഷ്യ സേവനം കൂടാതെ അനുഷ്ഠിക്കുക അസാധ്യമാണ്.

ഹൃദയത്തിൽ മറ്റുള്ളവരോടുള്ള സഹതാപവും സ്നേഹവും ഇല്ലെങ്കിൽ മനുഷ്യന്റെ ആരാധന നിർഗുണമാകുന്നു. ചുരുക്കത്തിൽ ഈ ലോകത്ത് സ്വർഗം സംജാതമാക്കുന്നവർ യഥാർഥത്തിൽ സമാധാനപ്രിയരും സ്നേഹത്തെ പ്രചരിപ്പിക്കുന്നവരുമാകുന്നു. പരലോകത്തെ സ്വർഗത്തിലേക്ക് പോകുന്നവരും ഈ ശാന്തിയും സമാധാനവും പരത്തുന്നവർ തന്നെയാണ്.

അഹ്മദിയ്യാ സ്ഥാപകൻ പറയുന്നു; ഞാൻ രണ്ട് മഹത്തായ ലക്ഷ്യങ്ങൾക്കായിട്ടാണ് വന്നിട്ടുള്ളത്. ഒന്ന് മനുഷ്യൻ തന്റെ ദൈവത്തെ തിരിച്ചറിയുകയും അവനെ ആരാധിക്കുകയും അവന്റെ അവകാശങ്ങൾ നൽകുകയും ചെയ്യുക എന്നതാണ്. രണ്ടാമത്തേത്, മനുഷ്യൻ മറ്റ് മനുഷ്യരെ ആദരിക്കുകയും ബഹുമാനിക്കുകയും അവരോടുള്ള കടമകൾ നിറവേറ്റുകയും ചെയ്യുക എന്നതാണ്.

ശാന്തിയും സമാധാനവും ലോകത്ത് എങ്ങനെയാണ് സ്ഥാപിതമാകുക എന്നൊരാൾ എന്നോട് ഒരിക്കൽ ചോദിക്കുകയുണ്ടായി. ഞാൻ പറഞ്ഞു, യഥാർഥ ശാന്തിയും സമാധാനവും സ്ഥാപിക്കണമെങ്കിൽ അതിനുള്ള മാർഗം സ്വന്തം അവകാശങ്ങൾക്കായി മുറവിളി കൂട്ടുന്നതിനു പകരം മറ്റുള്ളവരുടെ അവകാശങ്ങൾ നൽകാൻ ശ്രമിക്കുക എന്നതാണ്. നാം മറ്റുള്ളവരുടെ അവകാശങ്ങൾ നൽകാൻ ശ്രമിക്കുമ്പോൾ മാത്രമേ നമുക്ക് യഥാർഥ സ്നേഹവും മമതയും പരത്താൻ സാധിക്കുകയുള്ളു. ചുരുക്കത്തിൽ ആരാധകളെ സംബന്ധിച്ചും മനുഷ്യ സേവനങ്ങളെ സംബന്ധിച്ചുമുള്ള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വീക്ഷണമാണിത്.

ഇവിടെ എം.പി സാഹിബ വന്നിരുന്നു. അവരും സൗഹാർദ്ദത്തെ കുറിച്ച് പറയുകയുണ്ടായി. നിശ്ചയമായും സൗഹാർദ്ദം ഒരു സുപ്രധാന കാര്യമാകുന്നു. സൗഹാർദ്ദത്തിലൂടെ മാത്രമേ പരസ്പരം ശ്രദ്ധിക്കാൻ കഴിയുകയുള്ളു പരസ്പരം കൂടിച്ചേർന്ന് ജീവിക്കാൻ സാധിക്കുകയുള്ളു എന്ന് മുമ്പും ഞാൻ പറഞ്ഞിട്ടുള്ളതാണ്. ലോകത്ത് വിവിധ മതങ്ങളുണ്ട്. മുസ്‌ലിംകളുണ്ട്, ക്രിസ്ത്യാനികളുണ്ട്, യഹൂദരുണ്ട്. എല്ലാ മതങ്ങളും അല്ലാഹുവിൽ നിന്നുദ്ഭവിച്ചതാണെന്ന് യഥാർഥ മുസ്‌ലിംകളായ ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. എല്ലാ മതങ്ങളുടെയും സ്ഥാപകരും പ്രവാചകന്മാരും സത്യവാന്മാരായിരുന്നു എന്നും ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. ഹദ്റത് ആദം(അ) മുതൽ ഹദ്റത് മുഹമ്മദ് റസീലുല്ലാഹ്(സ) വരെ ആഗതരായിട്ടുള്ള എല്ലാ പ്രവാചകന്മാരിലും മതസ്ഥാപകരിലും ഞങ്ങൾ വിശ്വസിക്കുന്നു. ഇതു തന്നെയാണ് ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനം. ഈ അദ്ധ്യാപനത്തിലൂടെയാണ് സൗഹാർദ്ദം അഭിവൃദ്ധിപ്പെടുന്നതും. ഞാൻ ഇന്ന മതത്തിന്റെ അനുയായികളെ അംഗീകരിക്കുന്നില്ല അല്ലെങ്കിൽ അതിന്റെ സ്ഥാപകൻ കള്ളവാദിയാണ് അല്ലെങ്കിൽ അതിനെതിരിൽ ഞാൻ തെറ്റായ കാര്യങ്ങൾ പറയുന്നതാണ് എന്ന് ഒരിക്കലും ഒരു യഥാർഥ മുസ്‌ലിമിന് പറയാൻ കഴിയില്ല. വിഗ്രഹങ്ങളെ പൂജിക്കുന്നവരുടെ വിഗ്രഹങ്ങൾക്കെതിരിൽ നിങ്ങൾ മോശമായി ഒന്നും പറയരുത്. കാരണം അതിനു മറുപടിയായി അവർ നിങ്ങളുടെ ദൈവത്തെ മോശമായി പറയുന്നതാണെന്ന് വരെ അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു. അങ്ങനെ മോശമായി പറയുമ്പോൾ നിങ്ങളുടെ ഇടയിൽ അസ്വാരസ്യം ഉടലെടുക്കുന്നതാണ്. ഹൃദയങ്ങളിൽ അസ്വാരസ്യം ഉടലെടുക്കുമ്പോൾ പിന്നെ കലഹം ഉണ്ടാകുന്നു. പരസ്പരം ഒരാൾ മറ്റൊരാൾക്കെതിരായി പ്രവർത്തിക്കാനുള്ള ശ്രമമാരംഭിക്കുന്നു. നഷ്ടം ഉണ്ടാക്കാൻ ശ്രമിക്കുന്നു. അങ്ങനെ സ്നേഹത്തിനു പകരമായി വിദ്വേഷം ഉടലെടുക്കുന്നു. അതിനാൽ ഒരു യഥാർഥ വിശ്വാസിയുടെ ജോലി എന്തെന്നാൽ അയാൾ എല്ലാ മതാനുയായികളെയും ബഹുമാനിക്കുകയും അവരുടെ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുകയും ചെയ്യുന്നതിനോടൊപ്പം അല്ലാഹുവിന് പങ്കുകാരായി അവർ നിശ്ചയിച്ചിട്ടുള്ള വിഗ്രഹങ്ങളെ മോശമായി ചിത്രീകരിക്കരുത് എന്നകാര്യവും ഓർത്തിരിക്കേണ്ടതാണ്. കാരണം അതിലൂടെയും കലഹം ഉണ്ടാകുന്നു. ചുരുക്കത്തിൽ സ്നേഹത്തെയും സമാധാനത്തെയും ശാന്തിയേയും പരത്തുന്നതിനായി ഇസ്‌ലാം ഞങ്ങളോട് പറഞ്ഞിട്ടുള്ള നിലവാരമാ

ണിത്. നിവേദനങ്ങൾ വ്യത്യസ്തമാകാം, മതങ്ങൾ വ്യത്യസ്തമാകാം. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നത്, മതത്തിന്റെ കാര്യത്തിൽ യാതൊരു ബലാൽക്കാരവും ഇല്ല എന്നാണ്. ഇസ്‌ലാം അവസാന മതമാണെന്നും എല്ലാ മതങ്ങളുടെയും നല്ല കാര്യങ്ങൾ ഇസ്‌ലാമിൽ കാണപ്പെടുന്നുവെന്നും ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നുവെങ്കിലും ഒരു യഥാർഥ മുസ്‌ലിം ഇക്കാര്യങ്ങളെ പ്രാവർത്തികമാക്കുന്നു.

ഞാൻ പരാമർശിച്ചതു പോലെ വിശുദ്ധഖുർആനിൽ അല്ലാഹു എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കണം എന്ന് വളരെ സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. ഇതിൽ ഞങ്ങൾ ദൃഢമായി വിശ്വസിക്കുമ്പോൾ അത് അംഗീകരിക്കുമ്പോൾ നിവേദനങ്ങൾ വ്യത്യസ്തമായാലും മതങ്ങൾ വ്യത്യസ്തമായാലും അതൊരിക്കലും തന്നെ ഞങ്ങളിൽ ഒരു തരത്തിലുമുള്ള വിദ്വേഷവും ജനിപ്പിക്കുന്നതല്ല. ഇസ്‌ലാം വളരെ തീവ്രതയുള്ള മതമാണെന്നും തീവ്രതയെ അനുകൂലിക്കുന്നുവെന്നും ജനങ്ങൾ പറയുന്നു. ഇത് ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെ യാഥാർഥ്യമല്ല. ഇസ്‌ലാമിനെ ഒരിക്കലും മനസ്സിലാക്കാത്തവരും അതനുസരിച്ച് ഒരിക്കലും പ്രവർത്തിക്കാത്തവരുമാണ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നത്. കഴിഞ്ഞ വർഷത്തെ കാര്യമാണ്. ഒരു ഫ്രഞ്ച് ജർണലിസ്റ്റ് ഇസ്‌ലാമിക് സ്റ്റേറ്റിന്റെ(ഐ എസ്) പ്രദേശത്ത് പോകുകയുണ്ടായി. അയാൾ അവിടെയുള്ള ദാഇശ്(ഐ എസ്) വാസികളായ ചിലരോട് ചോദിച്ചു, നിങ്ങൾ ചെയ്യുന്ന ഈ അതിക്രമങ്ങളും അനീതികളും വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളാണോ? അപ്പോൾ അവരിൽ അധികം പേരും പറഞ്ഞത്, ഞങ്ങൾ വിശുദ്ധഖുർആൻ വായിച്ചിട്ടില്ല, അതിന്റെ അദ്ധ്യാപനങ്ങളെന്താണെന്ന് ഞങ്ങൾക്കറിയില്ല. ഞങ്ങളുടെ നേതാക്കൾ എന്താണ് പറയുന്നത് അത് മാത്രമേ ഞങ്ങൾക്കറിവുള്ളു. അതാണ് ഞങ്ങൾക്ക് ചെയ്യേണ്ടത്. ശിരച്ഛേദം ചെയ്യുന്നതോ വധിക്കുന്നതോ നിഷ്കളങ്കരെ കൊല്ലുന്നതോ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളല്ല. മറിച്ച് ഇത് അവരുടെ നേതാക്കൾ കാരണത്താൽ ചെയ്യുന്ന അവരുടെ വ്യക്തിപരമായ പ്രവർത്തനങ്ങളാണ്.

ഇസ്‌ലാം ഇത്തരത്തിലുള്ള അദ്ധ്യാപനങ്ങൾ നൽകുക എന്നത് അസാധ്യമാണ്. നീണ്ട പീഢനങ്ങൾക്കു ശേഷം ഇസ്‌ലാം മതസ്ഥാപകരായ ഹദ്റത് മുഹമ്മദ് റസൂലുല്ലാഹ്(സ) മക്കയിൽ നിന്നും പാലായനം ചെയ്ത് മദീനയിലേക്ക് വരേണ്ടി വന്നപ്പോൾ, യഥാർഥ ചരിത്രം പറയുന്നത് അവിടെയും നിഷേധികൾ ആ മഹാത്മാവിനെ ആക്രമിച്ചു എന്നാണ്. അന്നേരം യുദ്ധത്തിന് അനുമതി നൽകിയത് സംബന്ധിച്ച് വിശുദ്ധഖുർആൻ സ്പഷ്ടമായി വിവരിക്കുന്നുണ്ട്. അതിപ്രകാരമാണ്. മതത്തിന്റെ ശത്രുക്കളായ പ്രസ്തുത അക്രമികളുടെ കൈകളെ തടയുന്നില്ലായെങ്കിൽ പിന്നെ ദൈവസ്മരണ നടത്തപ്പെടുന്ന, ആരാധയ്ക്കായി ജനങ്ങൾ ഒരുമിച്ച് കൂടുന്ന ക്രിസ്ത്യൻ പള്ളികളും അവശേഷിക്കുന്നതല്ല, യഹൂദ ആരാധനാലയവും അവശേഷിക്കുന്നതല്ല, അമ്പലങ്ങളും അവശേഷിക്കുന്നതല്ല, മുസ്‌ലിം പള്ളികളും അവശേഷിക്കുന്നതല്ല. ഇതാണ് മറ്റ് മതങ്ങളോടുള്ള സൗഹാർദ്ദവും ഇടകലർന്ന് ജീവിക്കുന്നതിനെയും സംബന്ധിച്ചുള്ള ഇസ്‌ലാമിന്റെ യഥാർഥ വീക്ഷണം. അക്കാരണത്താൽ തന്നെയാണ് എവിടെയെല്ലാം നമ്മുടെ പള്ളികളുണ്ടോ അവിടങ്ങളിലെല്ലാം തന്നെ മുമ്പത്തേക്കാളുപരിയായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ യഥാർഥ ഇസ്‌ലാമിക അദ്ധ്യാപനങ്ങളെ പ്രചരിപ്പിക്കുന്നവരായിത്തീരുന്നത്. മാത്രമല്ല ഞാൻ പലപ്പോഴും പറയാറുണ്ട്, മതത്തിന്റെ ശത്രുക്കൾ മതത്തെ ഇല്ലാതാക്കാനാണ് ആഗ്രഹിക്കുന്നത് അതുകൊണ്ട് അവരുടെ കൈകളെ തടഞ്ഞില്ലായെങ്കിൽ എല്ലാ മതങ്ങളും ഇല്ലാതായിത്തീരുന്നതാണെന്ന വിശുദ്ധഖുർആന്റെ വചനം നമ്മുടെ ഒരു സുപ്രധാന കടമയിലേക്ക് നമ്മെ ശ്രദ്ധ ക്ഷണിക്കുന്നു. അതായത് ഓരോ അഹ്മദിയും സ്വന്തം പള്ളിയെ സംരക്ഷിക്കുന്നതോടൊപ്പം തന്നെ ക്രിസ്ത്യൻ പള്ളിയെ സംരക്ഷിക്കുന്നവനും ആയിരിക്കണം, യഹൂദ പള്ളിയെയും സംരക്ഷിക്കുന്നവനായിരിക്കണം, മറ്റ് മതങ്ങളുടെ ആരാധനാലയങ്ങളെയും സംരക്ഷിക്കുന്നവനായിരിക്കണം. ഈയൊരു മനോഹരമായ അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിലും വീക്ഷണത്തിലുമാണ് ഞങ്ങൾ പള്ളികൾ നിർമിക്കുന്നത്. കാരണം പള്ളികൾ നിർമിച്ചതിനു ശേഷം ആ പള്ളിയുടെ സംരക്ഷണവും അതിനെ വൃത്തിയുള്ളതായി വെക്കലും പള്ളിയുടെ ചുറ്റുപാടുകളെ വൃത്തിയും വെടിപ്പും ഉള്ളതാക്കി വെക്കലും ഞങ്ങളുടെ കടമയായിത്തീരുന്നതു പോലെ ഞങ്ങളുടെ പരിസര പ്രദേശത്തുള്ള മറ്റ് മതങ്ങളുടെ ആരാധനാലയങ്ങളെ സംരക്ഷിക്കുന്നതും അവിടെ വൃത്തിയായി വെക്കാൻ ശ്രമിക്കേണ്ടതും ഞങ്ങളുടെ കടമയാകുന്നു.

ദേശീയ അസംബ്ലിയുടെ മെമ്പർ സാഹിബ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചിരുന്നു. അത് സംബന്ധിച്ചും ഞാൻ ചിലത് പറയാൻ ആഗ്രഹിക്കുന്നു. അഹ്മദികൾ ഈ സമൂഹത്തിന്റെ ഒരു ഭാഗമായിത്തീർന്നിരിക്കുന്നു, ഒരു വിധത്തിൽ ഈ സമൂഹത്തിന്റെ ശക്തമായ ഭാഗമായിക്കഴിഞ്ഞു, സംയോജിച്ചു കഴിഞ്ഞു, അതിൽ ലയിച്ചു കഴിഞ്ഞു എന്നുള്ള എല്ലാ പ്രഭാഷകരുടെയും വെളിപ്പെടുത്തൽ വളരെ നല്ല കാര്യം തന്നെയാണ്. ഇത് ഒരു അഹ്മദിയിൽ ഉണ്ടായിരിക്കേണ്ട സവിശേഷതയാണ്. അതില്ലായെങ്കിൽ അതിനർഥം ആ അഹ്മദി ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനത്തെ പ്രാവർത്തികമാക്കുന്നവനല്ല എന്നാണ്. ജർമൻ പൗരത്വം ലഭിച്ചതിനു ശേഷം പാക്കിസ്താനിൽ നിന്ന് വന്ന അഹ്മദിയായാലും ആഫ്രിക്കയിൽ നിന്ന് വന്ന അഹ്മദിയായാലും അല്ലെങ്കിൽ മറ്റേത് രാജ്യത്തു നിന്ന് വന്ന അഹ്മദിയായാലും അവൻ ജർമൻ പൗരനാണെങ്കിൽ ജർമനിയോട് കൂറുപൂലർത്തുകയാണ് അവന്റെ ധർമം. അവന്റെ പഴയ പൗരത്വം ഇല്ലാതായിത്തീരുന്നു. ഇപ്പോൾ അവൻ ജർമൻ പൗരനാണ്. ദേശസ്നേഹം വിശ്വാസത്തിന്റെ ഭാഗമാണ് എന്ന് ഇസ്‌ലാം മതസ്ഥാപകർ (സ) പറഞ്ഞതിനാൽ ഇത് അവരുടെ കടമയായിത്തീരുന്നു. ചുരുക്കത്തിൽ, ഏതെല്ലാം രാജ്യങ്ങളിൽ എവിടെയെല്ലാം അഹ്മദികൾ വസിക്കുന്നുണ്ടോ അവിടെയെല്ലാം അതിനോട് സ്നേഹം പുലർത്തുകയും അതിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും ചെയ്യുക അവിടത്തെ വാസികൾക്ക് സ്നേഹത്തിന്റെയും ശാന്തിയുടെയും മമതയുടെയും സന്ദേശം നൽകുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് ഞങ്ങളുടെ വിശ്വാസം ഞങ്ങളോട് ആവശ്യപ്പെടുന്നത്. ചുരുക്കത്തിൽ ഇവ പ്രാവർത്തികമാക്കുകയാണെങ്കിൽ ആർക്കും തന്നെ ഇസ്‌ലാമിക അദ്ധ്യാപനത്തെ സംബന്ധിച്ച് സന്ദേഹം ഉണ്ടാകുക അസാധ്യമാണ്. ഈ അദ്ധ്യാപനത്തെ കഴിയുന്നത്ര കൂടുതൽ പ്രാവർത്തികമാക്കുന്നതിനോടൊപ്പം തന്നെ ഇതാണ് യഥാർഥ ഇസ്‌ലാമിക അദ്ധ്യാപനമെന്ന് ലോകത്തെ അറിയിക്കുകയും ചെയ്യണം എന്നതിനായിട്ടാണ് അഹ്മദികളായ ഞങ്ങൾ പരിശ്രമിക്കുന്നത്. ഞങ്ങളിൽ നിന്ന് സ്നേഹവും മമതയും സൗഹാർദ്ദവും അല്ലാതെ മറ്റൊന്നും തന്നെ മറ്റുള്ളലർക്ക് ലഭിക്കില്ല, അല്ലെങ്കിൽ ഞങ്ങളിൽ ഇതല്ലാതെ മറ്റൊന്നും തന്നെ കാണപ്പെടില്ല. പള്ളിയുടെ നിർമാണം പൂർത്തിയായതിനു ശേഷം മുമ്പത്തേക്കാൾ അധികമായി ഇവിടുത്തുകാരുടെ അവകാശങ്ങൾ നൽകുന്നവരായി ഇവിടുള്ള അഹ്മദികളെ നിങ്ങൾ കാണുന്നതാണ്. ഇൻശാഅല്ലാഹ്. കാരണം ഇതും ഇസ്‌ലാം മത സ്ഥാപകർ (സ) പറഞ്ഞിട്ടുള്ളതാണ്. വിശുദ്ധഖുർആനിലും ഇത് സംബന്ധമായി പരാമർശമുണ്ട്. അതായത് നിങ്ങളുടെ അയൽവാസികളെ സംബന്ധിച്ചും നിങ്ങൾക്ക് ചില അവകാശങ്ങളുണ്ട്.

നിങ്ങളുടെ അയൽക്കാർ നിങ്ങളുടെ വിടിന്റെ അയൽക്കാരാണ്, നിങ്ങളോടൊപ്പം ജോലി ചെയ്യുന്നവർ നിങ്ങളുടെ അയൽക്കാരാകുന്നു, നിങ്ങളോടൊപ്പം സഹയാത്രികർ നിങ്ങളുടെ അയൽക്കാരാകുന്നു. ആളുകൾ നിത്യവും തങ്ങളുടെ ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്നു. ബസുകളിലും ട്രെയിനിലും മൈലുകളോളം യാത്ര ചെയ്യുന്നു. അവരെല്ലാവരും അയൽക്കാരാകുന്നു. അവരെ പരിചയമുള്ളവരാണെങ്കിലും ഇല്ലെങ്കിലും അവർ നിങ്ങളുടെ അയൽക്കാരായിത്തീരുന്നു. ഇസ്‌ലാം മതസ്ഥാപകർ(സ) പറയുന്നു: എത്രത്തോളം ശക്തമായ നിലയിൽ അല്ലാഹു എന്നോട് അയൽക്കാരുടെ അവകാശങ്ങൾ പൂർത്തിയാക്കുന്നതിലേക്ക് ശ്രദ്ധതിരിച്ചിട്ടുണ്ടെന്നാൽ ഒരു പക്ഷെ അവർ സ്വത്തിലും അവകാശികളായിത്തീരും എന്നെനിക്ക് തോന്നിപ്പോയി. ഇതാണ് ഇസ്‌ലാമിൽ അയൽക്കാർക്കുള്ള പ്രാധാന്യം. അയൽക്കാരോടുള്ള അവകാശങ്ങൾ നിറവേറ്റുക എന്നത് ഞങ്ങളുടെ കടമയായിത്തീരുന്നു. ആ കടമ ഞങ്ങൾക്ക് നിറവേറ്റേണ്ടതുണ്ട്. ഈ പള്ളി പൂർത്തിയായിക്കഴിയുമ്പോൾ ഞങ്ങളുടെ ഈ പള്ളിയുടെ അയൽക്കാരും, ഇവിടെ ആരാധയ്ക്കായി വരുന്ന എല്ലാവരും തന്നെ ഞങ്ങളിൽ നിന്ന് മുമ്പത്തേക്കാൾ മികച്ച നിലയിൽ ശാന്തിയും സമാധാനവും സ്നേഹവും മമതയും കരസ്ഥമാക്കുന്നവരായിത്തീരുന്നതാണെന്ന് പ്രത്യാശിക്കുന്നു. ഇൻശാഅല്ലാഹ്. ഞങ്ങൾ എല്ലാ കാര്യങ്ങളിലും കേവലം നാവ് കൊണ്ട് സ്നേഹം എന്ന് പറയുകയും പ്രചരിപ്പിക്കുന്നവരുമാകില്ല. മറിച്ച്, കർമങ്ങളിലൂടെ നിങ്ങളോടൊപ്പം അതിനെ പ്രചരിപ്പിക്കുന്നതിൽ പങ്കാളികളാകുന്നതാണ്. ഇൻശാ അല്ലാഹ്. അങ്ങനെയല്ലായെങ്കിൽ പിന്നെ ഒരു മതം കൊണ്ടോ അതിന്റെ അദ്ധ്യാപനങ്ങൾ കൊണ്ടോ യാതൊരു ഗുണവും ഉണ്ടാകുന്നതല്ല. യൂണിവേഴ്സിറ്റികളിൽ വിദ്യ അഭ്യസിച്ചു കൊണ്ട് ഭീകരവാദിയാകുന്നെങ്കിൽ ആ വിദ്യാഭ്യാസം പ്രയോജനരഹിതമാണ്. ഏതെങ്കിലും മതത്തിൽ ചേർന്നു കൊണ്ട് തീവ്രവാദം കാണിക്കുന്നെങ്കിൽ ആ മതം നിഷ്പ്രയോജനകരമാണ്. സ്നേഹത്തെയും മമതയെയും പരത്തുന്ന മതമാണ് യഥാർഥ മതം. ഇതു തന്നെയാണ് ഇസ്‌ലാമിന്റെ അദ്ധ്യാപനവും. പള്ളി പൂർത്തിയായതിനു ശേഷം നിങ്ങൾ മുമ്പത്തേക്കാളുപരി അഹ്മദികളിൽ നിന്ന് സ്നേഹത്തിന്റെയും സഹതാപത്തിന്റെയും സാഹോദര്യത്തിന്റെയും മുദ്രാവാക്യം കേൾക്കുന്നതാണെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഇൻശാഅല്ലാഹ്. നന്ദി.

**തറക്കല്ലിടുന്ന പരിപാടി**

ഹുസൂർ തിരുമനസ്സിന്റെ ഈ പ്രഭാഷണം 6.44 വരെ തുടർന്നു. അതിനു ശേഷം ഹുസൂർ തിരുമനസ്സ് ദുആക്ക് നേതൃത്വം നൽകി. തുടർന്ന് ഹുസൂർ തിരുമനസ് തറക്കല്ലിടുന്ന സ്ഥലത്തേക്ക് കടന്നു വന്നുകൊണ്ട് ദുആയോടു കൂടി തറക്കല്ല് വെക്കുകയുണ്ടായി. അതിനു ശേഷം ഹദ്റത് ബേഗം സാഹിബ മദ്ദെ സില്ലുഹു അആലാ രണ്ടാമത്തെ കല്ല് വെച്ചു. തുടർന്ന് ക്രമാനുഗതമായി താഴെ പറഞ്ഞിട്ടുള്ള ജമാഅത്തിന്റെ ഭാരവാഹികളും അതിഥികളും ഓരോ കല്ല് വെക്കുന്നതിനുള്ള സൗഭാഗ്യം കരസ്ഥമാക്കി.

ബഹുമാനപ്പെട്ട അബ്ദുല്ല വാഗസ് ഹൗസർ സാഹിബ് (അമീർ ജർമനി), ഡോക്ടൻ തോമസ് സ്പൈസ് സാഹിബ്, ലോർഡ് മേയർ മാർബർഗ് പട്ടണം, സംസ്ഥാന പാർലമെന്റ് അംഗവും കമ്മീഷണറുമായ മിസിസ് ക്രിസ്റ്റൻ ഫ്രണ്ട്റ്റ് സാഹിബ, അബ്ദുൽ മാജിദ് താഹിർ അഡീഷ്നൽ വക്കീലുത്തബ്ശീർ ലണ്ടൻ, ഹൈദർ അലി സഫർ സാഹിബ് മുബല്ലിഗ് ഇൻചാർജ് ജർമനി, മുനീർ അഹ്മദ് ജാവേദ് സാഹിബ് പ്രൈവറ്റ് സെക്രട്ടറി, മഖ്സൂദ് അഹ്മദ് അലവി സാഹിബ് റീജനൽ മുഅല്ലിം, ചൗധരി ഇഫ്തിഖാർ അഹ്മദ് സാഹിബ് സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ്, ഹസനാത് അഹ്മദ് സാഹിബ് സദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, അതിയത്തുന്നൂർ അഹ്മദ് ഹ്യൂബശ് സാഹിബ, സദ്ർ ലജ്ന ഇമാഇല്ലാഹ് ജർമനി, മുഹമ്മദ് ഹമ്മാദ് ഹാർട്ടർ സാഹിബ് നാഷ്ണൽ അഡീഷണൽ സെക്രട്ടറി തർബിയ്യ നൗമുബായിഈൻ, മുസഫർ അഹ്മദ് സഫർ സാഹിബ് റീജനൽ അമീർ, മുഹമ്മദ് ഇൽയാസ് സാഹിബ് സദ്ർ ജമാഅത് മാർബർഗ്, ത്വാരിഖ് ലത്തീഫ് ഭട്ടി സാഹിബ് സെക്രട്ടറി തർബിയ്യത്ത് മാർബർഗ്, മുഹമ്മദ് മുനവ്വർ അഹ്മദ് സാഹിബ് സഈം അൻസാറുല്ലാഹ് മാർബർഗ്, യാസിർ അയാസ് സാഹിബ് ഖാഇദ് മജ്‌ലിസ് മാർബർഗ്, സൗബിയ മുനവ്വർ സാഹിബ് സദ്ർ ലജ്ന മാർബർഗ്, മുബാറക് സാബിർ സാഹിബ് മാർബർഗ് ജമാഅത് അംഗം.

അതുകൂടാതെ വഖ്ഫെ നൗ പെൺകുട്ടിയായ

മാഹിറ റളായ്ക്കും വഖ്ഫെ നൗ ആൺകുട്ടിയായ ഇഹ്സാനുല്ലാഹ് ഖാൻ സാഹിബിനും ഓരോ കല്ല് വെക്കുന്നതിനുള്ള സൗഭാഗ്യം ലഭിക്കുകയുണ്ടായി. അവസനം ഹുസൂർ ദുആക്ക് നേതൃത്വം നൽകുകയുണ്ടായി. ദുആക്ക് ശേഷം ഹുസൂർ തിരുമനസ്സ് പന്തലിലേക്ക് വരുകയുണ്ടായി. അവിടെ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിനായി എത്തിച്ചേർന്ന എല്ലാ അതിഥികളോടൊപ്പം ഹുസൂർ തിരുമനസ്സ്ഭക്ഷണം കഴിക്കുകയുണ്ടായി. തറക്കില്ലിടുന്ന ഈ പരിപാടിയും ഭക്ഷണവും 7.30 വരെ തുടർന്നു. ഭക്ഷണത്തിനു ശേഷം ഏതാനും അതിഥികൾ ഹുസൂർ തിരുമനസ്സുമായി കൂടിക്കാഴ്ച നടത്തി. ഹുസൂർ തിരുമനസ്സ് ആ അതിഥികളുമായി സംസാരിക്കുകയും ചെയ്തു. പിന്നീട് ഹുസൂർ പന്തലിൽ നിന്നും പുറത്ത് വന്നു. അവിടെ കുട്ടികൾ നേരത്തേ തന്നെ വരിവരിയായി നിൽക്കുന്നുണ്ടായിരുന്നു. ഹുസൂർ തിരുമനസ് വാൽസല്യപൂർവം അവർക്ക് ചേക്ലേറ്റ് നൽകി.

**സ്ത്രീകളുടെ പന്തലിൽ**
**ഹുസൂർ തിരുമനസ്സിന്റെ ആഗമനം**

തുടർന്ന് ഹുസൂർ തിരുമനസ് സ്ത്രീകളുടെ പന്തലിലേക്ക വരികയുണ്ടായി. അവിടെ വെച്ച് സ്ത്രീകൾ ഹുസൂറിനെ കാണുന്നതിനുള്ള സൗഭാഗ്യം കരസ്ഥമാക്കി. പെൺകുട്ടികൾ ദുആയിലധിഷ്ഠിതമായ കവിതകളും സംഘഗാനവും അവതരിപ്പിച്ചു. ഹുസൂർ തിരുമനസ്സ് വാൽസല്യപൂർവം പെൺകുട്ടികൾക്ക് ചേക്ലേറ്റ് നൽകി. തുടർന്ന് പരിപാടിയനുസരിച്ച് 7.40 ന് അവിടെ നിന്ന് ബയ്ത്തുസ്സബൂഹ് ഫ്രാങ്ക്ഫർട്ടിലേക്ക് യാത്രയായി. മടക്കത്തിലും പോലീസിന്റെ വാഹനം യാത്രസംഘത്തിനോടൊപ്പം മോട്ടർവേ വരെ അനുഗമിക്കുകയുണ്ടായി. ഏകദേശം 45 മിനുറ്റ് നേരത്തെ യാത്രയ്ക്ക് ശേഷം 8.25 ന് ഹുസൂർ തിരുമനസ്സ് ബയ്ത്തുസ്സുബൂഹിൽ എത്തിച്ചേർന്നു. 8.45 ന് ഹുസൂർ തിരുമനസ് മഗ്രിബ് ഇശാ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനു ശേഷം ഹുസൂർ തിരുമനസ്സിന്റെ താമസസ്ഥലത്തേക്ക് പോകുകയുണ്ടായി.

**അതിഥികളുടെ അഭിപ്രായങ്ങൾ**

ഇന്ന് പള്ളിയുടെ തറക്കലിടൽ പരിപാടിയിൽ പങ്കെടുത്ത ധാരാളം അതിഥികൾ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. ഹുസൂർ തിരുമനസ്സിന്റെ പ്രഭാഷണം അതിഥികളിൽ അഗാധമായ സ്വാധീനമാണ് സൃഷ്ടിച്ചത്. അത് പ്രകടിപ്പിക്കാതിരിക്കാൻ അവർക്ക് കഴിയില്ലായിരുന്നു. ഒരു അതിഥി മിസ്സിന് എഫ്. എഡിത്ത് സാഹിബ പറയുന്നു: അയൽക്കാരുടെ അവകാശങ്ങളെ സംബന്ധിച്ച ഖലീഫയുടെ സന്ദേശം എന്നെ വളരെയധികം സ്വാധീനിച്ചിരിക്കുന്നു. ഒരു ക്രിസ്ത്യൻ എന്ന നിലയിൽ എന്റെ ആഗ്രഹം ക്രിസ്തുമതവും ഇതേ അധ്യാപനത്തെ സ്വായത്തമാക്കുക എന്നതാണ്.

ഒരു അതിഥി മിസ്റ്റർ മാർട്ടിൻ പറഞ്ഞു: സ്ത്രീകളുടെ സ്ഥാനത്തെ കുറിച്ചുള്ള ഖലീഫയുടെ പരാമർശം അതിമനോഹരമമായ ഒരു മതാദ്ധ്യാപനമാകുന്നു. എന്നാൽ മറ്റ് മുസ്ലിം സംസ്കാരങ്ങളിൽ സ്ത്രീകൾ സമ്മർദ്ദത്തിന്റെയും അടിച്ചമർത്തലിന്റെയും ഇരകളാണെന്നും പൂർണമായും അവർ തങ്ങളുടെ ഭർത്താക്കന്മാരുടെ കീഴിലാണെന്നുമാണ് എനിക്ക് തോന്നിയിട്ടുള്ളത്. എന്നാൽ നിങ്ങളുടെ പക്കൽ പുരുഷന്മാരുടെയും സ്ത്രീകളുടെയും സ്ഥാനങ്ങളിലും അവകാശങ്ങളിലും ഉള്ള സമത്വം എന്നെ വളരെ ആകർച്ചിരിക്കുന്നു.

ഒരു അതിഥി മിസിസ് ഢബ്ലിയു ബാർബറ പറയുന്നു: എനിക്ക് ഈ പരിപാടി വളരെ ഇഷ്ടമായി. ഖലീഫ സ്വയം തറക്കല്ലിടുന്നതിനായി വരിക എന്നത് വലിയ ബഹുമതി തന്നെയാണ്. കാര്യങ്ങൾ ഇതിൽ ഒതുങ്ങുന്നില്ല. മറിച്ച്, ജനങ്ങളോടുള്ള ഖലീഫയുടെ ആദരവിന്റെയും പ്രേൽസാഹനങ്ങളുടെയും പരിധി വളരെ വിശാലമായിരുന്നു. ഖലീഫ ജമാഅത്തിലെ മറ്റ് അംഗങ്ങൾക്കും, സ്ത്രീകൾക്കും, കുട്ടികൾക്കും വരെ തറക്കല്ലിടുന്നതിനുള്ള സൗഭാഗ്യത്തിൽ ഭാഗഭാക്കാകുക എന്ന ബഹുമതി നൽകുകയുണ്ടായി. അതുല്യതയുടെയും ഒത്തൊരുമയുടെയും ഈ അന്തരീക്ഷം എന്റെ ഹൃദയത്തെ ആഴത്തിൽ സ്വാധീനിക്കുകയുണ്ടായി.

ഒരു അതിഥി മിസിസ് ജൂലിയ പറയുന്നു: വളരെ നല്ല നിലയിൽ സംഘടിപ്പിച്ച ഈ പരിപാടിയിൽ ഖലീഫയുടെ പ്രഭാഷണത്തിലെ ഒരു കാര്യം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. അതായത് ദാസരോടുള്ള കടമകൾ പൂർത്തിയാക്കുന്നില്ലെങ്കിൽ പിന്നെ ദൈവാരാധനയ്ക്ക് എന്തർഥമാണുള്ളത്? ഇവിടെ വരുന്നതിനു മുമ്പുവരെ ഞാൻ കരുതിയിരുന്നത് ഇസ്ലാം തീവ്രവാദത്തിനുള്ള അധ്യാപനമായിരിക്കാം നൽകുന്നത് എന്നായിരുന്നു. എന്നാൽ ഇന്നത്തെ പരിപാടി എന്റെ മനസ്സിനെ ഇസ്ലാമിനെ കുറിച്ചുള്ള വികലമായ ചിന്തകളിൽ നിന്ന് ശുദ്ധീകരിക്കുകയുണ്ടായി. ശാന്തിയെയും സമാധാനത്തെയും കുറിച്ചുള്ള ഇസ്ലാമിക അദ്ധ്യാപനങ്ങളെ കുറിച്ച് ഞാനിപ്പോൾ ബോധവതിയാണ്. നിങ്ങളുടെ ജമാഅത്ത് സ്പഷ്ടമായ നിലയിൽ സ്വയം തങ്ങളെ തീവ്രവാദത്തിൽ നിന്നും വികലമായ ഇസ്ലാമിക ചിന്തകളിൽ നിന്നും അകറ്റി നിർത്തുന്നതിലും രക്ഷിക്കുന്നതിലും വിജയിക്കുകയുണ്ടായി.

ഒരു അതിഥി Mrs. Dr. Brunn സാഹിബ അവർ കൃഷി എക്കണോമിസ്റ്റാണ് പറയുന്നു: ഖലീഫയുടെ പ്രഭാഷണത്തിൽ എനിക്ക് ക്രിസ്തുമത്തിന്റെ സ്നേഹത്തെ പറ്റിയുള്ള യഥാർഥ അദ്ധ്യാപനമാണ് ദർശിക്കാൻ കഴിഞ്ഞത്. താങ്കളുടെ വാക്കുകളെ മുഴുലോകത്തും പ്രചരിപ്പിക്കേണ്ടതുണ്ട്.

Rauschenberg പട്ടണത്തിലെ താൽകാലിക മേയർ Mr. Manfred Gunther പറയുന്നു: പരിപായിയിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. ഖലീഫയുടെ പ്രഭാഷണം എന്നെ വളരെ സ്വാധീനിക്കുകയുണ്ടായി.

പ്രോഫസർ ഡോക്ടർ Brunn സാഹിബ് പറയുന്നു: ഖലീഫയുടെ പ്രഭാഷണത്തിൽ പറഞ്ഞ കാര്യങ്ങളോട് ഞാൻ യോജിക്കുന്നു. കാരണം ഇത് എന്റെ ക്രിസ്തുമതത്തിന്റെ ധാർമിക വിശ്വാസങ്ങളുമായി സാദൃശ്യം പുലർത്തുന്നു. ബേസന്റെ മുഖ്യമന്ത്രിയുമായി ഹുസൂറിന്റെ കൂടിക്കാഴ്ച നടത്തണം എന്നതാണ് എന്റെ ആഗ്രഹമെന്നും അദ്ദേഹം പറയുകയുണ്ടായി.

റെഡ്ക്രോസിന്റെ നിയമോപദേശകൻ ഹുസൂറിന്റെ പ്രഭാഷണത്തിനു ശേഷം പറഞ്ഞു: ഖലീഫയെ ഞാൻ ഒരു പിതാവിനെ പോലെ മനസ്സിലാക്കുന്നു.

ഒരു അതിഥി Mrs. Barbara Buse പറയുന്നു: ഖലീഫയുടെ സന്ദേശം ഇന്നത്തെ ഇരുണ്ടയുഗത്തിൽ ആകാശത്തുള്ള ഒരു ദീപം പോലെയായിരുന്നു. ഖലീഫ മനുഷ്യത്വത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ പരാമർശിച്ചപ്പോൾ എന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ പൊലിഞ്ഞു. ഇത്ര മഹാനായ ഒരു വ്യക്തി ഞങ്ങളുടെ ഇടയിൽ ഉണ്ട് എന്നത് ഞങ്ങൾക്ക് വലിയൊരു അഭിമാനം തന്നെയാണ്. അവർക്ക് ഹുസൂറുമായി കൂടിക്കാഴ്ചയ്ക്കുള്ള അവസരവും ലഭിച്ചു. കൂടിക്കാഴ്ചയ്ക്കു ശേഷം പറഞ്ഞു: എന്റെ മുഴുവൻ ശരീരവും ഹൃദയവും വിറകൊള്ളുകയായിരുന്നു. എന്റെ വികാരങ്ങൾ എനിക്ക് പ്രകടിപ്പിക്കാൻ കഴിയുന്നില്ല. ഇത് പോപ്പിനെ പോലെയുള്ള വ്യക്തിത്വമല്ല. മറിച്ച് അതിൽ നിന്നും വ്യതിരിക്തമാണ്. ഇദ്ദേഹത്തിൽ വിനയവും എളിമയും കാണാൻ സാധിക്കുന്നു.

ഒരു അതിഥി Mrs. Claudia Heerklotz പറയുന്നു: ഞാൻ ഖലീഫയാൽ വളരെ സ്വാധീനിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണം വളരെ നല്ലതായിരുന്നു. ഇസ്ലാമിന്റെ സൗഹാർദ്ദമാണ് എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത്.

ഒരു അതിഥി Mr. Michal Platen പറയുന്നു, ഈ സ്ഥലത്തെ നിരപ്പാക്കിയ നഴ്സറിയിലാണ് ഞാൻ ജോലി ചെയ്യുന്നത്. ഇന്ന് ഉച്ച സമയത്ത് ഞാൻ ജോലിക്കായി വന്നപ്പോൾ വൈകുന്നേരത്തിനുള്ളിൽ ജോലി പൂർത്തിയാവില്ലെന്ന് തോന്നി. ഈ സ്ഥലം തറക്കല്ലിടുന്ന പരിപാടിക്ക് വേണ്ടി അനുയോജ്യമാക്കി മാറ്റാൻ മൂന്ന് ആഴ്ചയെങ്കിലും ഇനിയും വേണ്ടി വരും. അതിനാൽ ഇതെല്ലാം ഇത്ര വേഗത്തിൽ പൂർത്തിയായത് കണ്ടപ്പോൾ ഞാൻ അദ്ഭുതപ്പെടുകയാണ്. എന്നാൽ പണി പൂർത്തിയായി എന്നതിൽ ഞാൻ സന്തോഷവാനുമാണ്. ഖലീഫയുടെ പ്രഭാഷണം വളരെ ഉത്തമമായിരുന്നു. അതിൽ പല വിഷയങ്ങളും പരാമർശിക്കപ്പെട്ടു. അതിൽ ഇസ്ലാമിന്റെ മതസൗഹാർദ്ദത്തെ പറ്റി പറഞ്ഞതാണ് എന്നെ ഏറ്റവും അതികം സ്വാധീനിച്ചത്. ഇത്തരത്തിലുള്ള അധ്യാപനങ്ങൾ ഉള്ള മറ്റൊരു മതത്തെയും കുറിച്ച് എനിക്കറിവില്ല. അവരെല്ലാവരും തന്നെ തങ്ങളുടെ മതപരിധിയിൽ മാത്രമാണ് കഴിഞ്ഞു കൂടുന്നത്. മറ്റ് മതങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിനായി ശ്രമിക്കുന്നില്ല.

മാർബർഗ് പട്ടണത്തിലെ ഒരു സർക്കാർ ഉദ്യോഗസ്ഥ പറയുന്നു: ഹുസൂർ തിരുമനസ്സ് മനുഷ്യത്വത്തോടുള്ള അവരുടെ സ്നേഹത്തെ ഉണർത്തുകയുണ്ടായി. അത് അവരുടെ ഹൃദയത്തിൽ വലിയ പ്രഭാവം ഉണ്ടാക്കി. ഒരു ക്രിസ്ത്യാനി എന്ന നിലയിൽ അയൽക്കാരുടെ അവകാശം അവർക്ക് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഓരോ വ്യക്തികളും ഖലീഫത്തുൽ മസീഹിനെ ഒരു നോക്കു കാണുന്നതിനുള്ള അന്വേഷണത്തിലായിരുന്നു.

മാർബർഗിലെ ഒരു Day Care Facility Centre ന്റെ മാനേജിങ്ങ് ഡയറക്ടർ പറയുന്നു, അഥവാ ഏരതെങ്കിലും മുസ്ലിം ജമാഅത്തിന് പള്ളി നിർമിക്കുന്നതിനുള്ള അനുമതി നൽകാമെങ്കിൽ അത് അഹ്മദിയ്യ ജമാഅത്തിന് മാത്രമാണ്.

മേയറുടെ ഓഫീസിലെ ഒരു സ്റ്റാഫ് പറയുന്നു: ഏതെല്ലാം ആഗ്രഹവും കൊണ്ടാണോ ഈ പരിപാടിയിൽ പങ്കെടുത്തത് ആ കാര്യങ്ങളെ കുറിച്ചെല്ലാം ഖലീഫത്തുൽ മസീഹ് ഇവിടെ പരാമർശിക്കുകയുണ്ടായി. ഹുസൂറിന്റെ സന്ദേശം സ്നേഹത്തിന്റെതായിരുന്നു. അവർ പറയുന്നു, ഞാൻ ഹുസൂറിന്റെ പ്രഭാഷണത്തിന്റെ പരിഭാഷ ഒരു ചെവിയിലൂടെ കേൾക്കുകയും മറ്റെ ചെവിയിലൂടെ ഹുസൂറിന്റെ യഥാർഥ വാക്കുകൾ കേൾക്കുകയും ചെയ്യുകയായിരുന്നു. ഹുസൂറുന്റെ യഥാർഥ ശബ്ദം എന്റെ കാതുകളിൽ പതിക്കുന്നതിനു വേണ്ടിയായിരുന്നു അങ്ങനെ ചെയ്തത്. ഹുസൂർ തിരുമനസ്സിന്റെ വാക്കുകളിലും വളരെ സ്നേഹവും ശാന്തിയും പ്രതിഫലിക്കുന്നുണ്ടായിരുന്നു.

പ്രായമായ ഒരു അതിഥി ഹുസൂർ തിരുമനസ്സ് എത്തുന്നതിന് മുമ്പ് പറഞ്ഞു: എനിക്ക് 6.30 ന് വളരെ അത്യാവശ്യമായ ഒരു അപ്പോയിന്റ്മെന്റ് ഉണ്ട്. അതിനാൽ എനിക്ക് ഖലീഫയുടെ പ്രഭാഷണം കേൾക്കാൻ കഴിയില്ല. അദ്ദേഹത്തോടൊപ്പം ഇരുന്ന സുഹൃത്ത് പറയുന്നു: ഹുസൂറിന്റെ പ്രഭാഷണം നടന്നു കൊണ്ടിരിക്കുകയായിരുന്നു. ആറര മണിയായപ്പോൾ എന്നോട് പറഞ്ഞു, ഖലീഫയുടെ പ്രഭാഷണം വളരെ ഗംഭീരമാണ്. അതെന്നെ വളരെ ആകർഷിച്ചിരിക്കുന്നു. ഇപ്പോൾ എനിക്ക് പോകേണ്ടുണ്ട്. എന്നിട്ട് തന്റെ ഹെഡ്ഫോൺ ഓഫാക്കി വെച്ചു. ഞാൻ വളരെ ചിന്താകുലനായി. കാരണം ഞങ്ങൾ ഹുസൂറിന്റെ മുന്നിൽ തന്നെയുള്ള കസേരയിലായിരുന്നു ഇരുന്നത്. അഥവാ ഈ സുഹൃത്ത് മുന്നിൽ നിന്ന് എഴുന്നേറ്റ് പോകുന്നതായാൽ അത് മര്യാകേടായിത്തീരും. അദ്ദേഹത്തിന് എന്താണ് തോന്നിയതെന്നറിയില്ല. അദ്ദേഹം വീണ്ടും ഹെഡ്ഫോൺ എടുത്ത് കാതിൽ വെച്ചു. പിന്നീട് ഹുസൂറിന്റെ മുഴുവൻ പ്രഭാഷണവും ശ്രവിച്ചതിനു ശേഷമാണ് മടങ്ങിയത്. പോകുന്ന സമയത്ത് നന്ദിയും പറഞ്ഞു. ഞാനിന്നുവരെ ഇത്ര മനോഹരമായ മതപരിപായി കണ്ടിട്ടില്ല. ഖലീഫയുടെ പ്രഭാഷണം എന്നെ വളരെ ആകർഷിച്ചു.

ഫിൻലാന്റ് രാജ്യവുമായി ബന്ധമുള്ള ഒരു സ്ത്രീ തന്റെ 9 വയസ്സുള്ള കുട്ടിയുമായി ഈ പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. അവർ പറയുന്നു: എന്റെ ചെറിയ മകനെയും കൂട്ടിയാണ് വന്നത്. അവന്റെ കാതിലും ഖലീഫയുടെ ശബ്ദം പതിയണമെന്നും അവനും അദ്ദേഹം സമർപ്പിക്കുന്ന അദ്ധ്യാപനങ്ങളിൽ നിന്ന് ചിലത് പഠിച്ചു കൊണ്ട് നിങ്ങളെ പോലെയുള്ള ദൈവത്തിന്റെ സൽദാസനാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അവർ പറയുന്നു: ഖലീഫത്തുൽ മസീഹ് സ്റ്റേജിൽ വന്നപ്പോൾ ഞാൻ കരുതി നിങ്ങളുടെ ഖലീഫ വളരെ കഠിന പ്രകൃതക്കാരനായിരിക്കും എന്ന്. എന്നാൽ അദ്ദേഹം വളരെ സൗമ്യവും ശാന്തവുമായ പ്രകൃതത്തിനുടയമാണ്. ഖലീഫയുടെ പ്രഭാഷണം എന്നെ വളരെയധികം സ്വീധീനിച്ചു. എന്റെ അഭിപ്രായത്തിൽ ഇതാണ് യഥാർഥ ഇസ്ലാം. മറ്റ് മുസ്ലിംകളെല്ലാം തന്നെ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 31 August 2017 Issue-35

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

ഇവരെയാണ് പിൻപറ്റേണ്ടത്. വിശേഷിച്ച് ഖലീഫ സൗഹാർദ്ദത്തെ സംബന്ധിച്ചും അയൽക്കാരുടെ അവകാശങ്ങളെ സംബന്ധിച്ചുള്ള ഇസ്‌ലാമിക വീക്ഷണം പറഞ്ഞത് എന്നെ വളരെ സ്വാധീനിച്ചു. അദ്ദേഹത്തിന്റെ ഈ സന്ദേശവും ഈ അധ്യാപനവും ഒരിക്കലും തെറ്റാകുകയില്ല. അവർ പറയുന്നു: ഇപ്പോൾ ഞാൻ ആഗ്രഹിക്കുന്നത് എന്റെ മകനെ നിങ്ങളുടെ ജമാഅത്തിലുള്ള ഏതെങ്കിലും ഇമാം അല്ലെങ്കിൽ ഏതെങ്കിലും വ്യക്തി വിശുദ്ധഖുർആൻ ഓതാൻ പഠിപ്പിക്കണം എന്നാണ്. ഇവൻ ഖുർആൻ പഠിക്കുകയും സൽപ്രകൃതക്കാരനാകുകയും ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ലോർഡ് മേയർ തന്റെ അഭിപ്രായം പ്രകടിപ്പിച്ചു കൊണ്ട് പറയുന്നു: ഖലീഫത്തുൽ മസീഹ് ഒരു തത്വചിന്തകനായ വ്യക്തിയാണെന്ന് തോന്നുന്നു. ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം വളരെ മനോഹരമായിരുന്നു. അദ്ദേഹത്തിന്റെ സമാധാന പ്രിയ പ്രകൃതം അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റെ വിഷയത്തെ സാക്ഷ്യപ്പെടുത്തുന്നു. അദ്ദേഹം പറയുന്നു, മുസ്‌ലിംകളെ സംബന്ധിച്ച് ധാരാളം തെറ്റായ ആരോപണങ്ങൾ ഉന്നയിക്കപ്പെടുകയും അവർക്ക് അതിന്റെ മറുപടിയായി തെളിവുകൾ സമർപ്പിക്കേണ്ടിവരികയും ചെയ്യുന്നു എന്നത് ദുഖകരം തന്നെ. എന്നാൽ ഏതെങ്കിലും പാശ്ചാത്യ നാടുകളിലെ വ്യക്തി അല്ലെങ്കിൽ ക്രിസ്ത്യാനി ഏതെങ്കിലും അക്രമപരമായ ദ്രോഹം ചെയ്യുകയാണെങ്കിൽ, ഉദാഹരണമായി നോർവേയിൽ ഒരു കൊലയാളി ക്രിസ്തുമതത്തിന്റെ പേരിൽ കൊലപാതകം നടത്തുകയുണ്ടായി അത്തരം അവസരങ്ങളിൽ അത് മതത്തിന്റെ കുഴപ്പമാണെന്ന് ആരും തന്നെ പറയുന്നില്ല.

അതിഥിയായ ഒരു സ്ത്രീ Kerstin സാഹിബ, അവർ സംസ്ഥാന എം.പിയുമാണ്, പറയുന്നു: ഖലീഫത്തുൽ മസീഹിന് സ്വാഗതം പറയാൻ കഴിഞ്ഞതും അദ്ദേഹവുമായി കൂടിക്കാഴ്ച നടത്താൻ കഴിഞ്ഞതും അവർക്ക് ലഭിച്ച വലിയൊരു ബഹുമതിയാണ്. ഖലീഫത്തുൽ മസീഹ് വളരെ ബുദ്ധിയുള്ള ഒരു വ്യക്തിയാണ്. വളരെ സൂക്ഷിച്ചാണ് വാക്കുകൾ തിരഞ്ഞെടുക്കുന്നത്. അദ്ദേഹത്തിൽ സമാധാനവും ശാന്തിയും അനുഭവിക്കാൻ കഴിയുന്നു. അദ്ദേഹം വളരെ harmonic ഉം soveregin ഉം ആയ വ്യക്തിയാണെന്ന് തോന്നുന്നു.

മാർബുർഗ് യൂണിവേഴ്സിറ്റിയിൽ ലിറ്ററേച്ചർ പഠിപ്പിക്കുന്ന ഫിലിപ് സാഹിബ് പറയുന്നു: ഈ പരിപാടി വളരെ വിജയകരമാണ്. ഇവിടെ വളരെ നല്ലതായി അനുഭവപ്പെടുന്നു. ഖലീഫത്തുൽ മസീഹ് വിശ്വാസത്തിന്റെ അവതാരമായ ദീർഘവിക്ഷണമുള്ള വ്യക്തിയാണെന്ന് തോന്നുന്നു. അദ്ദേഹം വളരെ അഗാധമായി ചിന്തിക്കുന്ന വ്യക്തിയാണെന്ന് കാണുമ്പോൾ മനസ്സിലാകുന്നു. എന്തെല്ലാമാണോ അദ്ദേഹം പറയുന്നത് അത് അദ്ദേഹം സ്വയം പ്രാവർത്തികമാക്കുകയും ചെയ്യുന്നുണ്ട് എന്നത് വളരെ സ്പഷ്ടമായി നിലയിൽ മനസ്സിലാകുന്നുണ്ട്. ഖലീഫത്തുൽ മസീഹിന്റെ പരാമർശങ്ങളെ നിയമപുസ്തകത്തിൽ എഴുതിച്ചേർക്കേണ്ടതാണ്.

ഒരു അതിഥിയായ സ്ത്രീ Simone Irle പറയുന്നു: ഖലീഫത്തുൽ മസീഹിൽ ഒരു പ്രത്യേക തരത്തിലുള്ള ഗംഭീരതയുണ്ട്. ശാന്തിയുടെയും സ്നേഹത്തിന്റെയും അതുപോലെ പരസ്പരം മതങ്ങൾ തമ്മിലുള്ള സൗഹാർദ്ദത്തെയും കുറിച്ച് ഖലീഫത്തുൽ മസീഹ് പറഞ്ഞ കാര്യങ്ങൾ കേൾക്കുമ്പോൾ ആർക്കും തന്നെ ഇസ്‌ലാമിനെ കുറിച്ച് ഭയം തോന്നില്ല. അത് എന്നെ വളരെ ആകർഷിച്ചു.

ഒരു അതിഥിയായ Maximilan പറയുന്നു: ഈ പരിപാടിയിലൂടെ ഒരു ഗാർഹിക ചുറ്റുപാട് ലഭിച്ചു. ഖലീഫത്തുൽ മസീഹ് വളരെ സമാധാനപ്രിയനാണെന്ന് മനസ്സിലാകുന്നു. അദ്ദേഹത്തിന് തന്റെ മനസ്സിലുള്ളത് വളരെ ഭംഗിയായി അവതരിപ്പിക്കാൻ അറിയാം. അദ്ദേഹത്തിന്റെ പ്രഭാഷണത്തിലെ ഏറ്റവും കാതലായ ഭാഗം ഇതായിരുന്നു. അതായത് എല്ലാവരും പരസ്പരം സമാധാനത്തോടും സൗഹാർദ്ദത്തോടും കൂടി കഴിയാൻ ശ്രമിക്കേണ്ടതാണ്. അങ്ങനെയെങ്കിൽ ഇൻശാഅല്ലാഹ് എല്ലാം ഭംഗിയാകും.

ഒരു അതിഥി Wieland Stotzle പറയുന്നു: ഇത് സൗഹൃദപരമായ വലിയൊരു വേദിയാണ്. അദ്ദേഹത്തിന് വിശേഷിച്ച് അതിഥികളെ സ്വീകരിക്കുന്ന രീതി വളരെ ഇഷ്ടപ്പെട്ടു. തൽസമയം പരിഭാഷയും ഉണ്ടായിരുന്നു എന്നത് അദ്ദേഹത്തെ വളരെ സ്വാധീനിച്ചു. ഖലീഫത്തുൽ മസീഹ് വളരെ വിശേഷപ്പെട്ട ഒരു വ്യക്തിയാണ്. സമാധാനത്തെയും സൗഹാർദ്ദത്തേയും കുറിച്ച് ഖലീഫത്തുൽ മസീഹ് പറഞ്ഞത് എനിക്ക് വളരെ ഇഷ്ടപ്പെട്ടു.

അതിഥിയായ ഒരു സ്ത്രീ Rufman സാഹിബ പറയുന്നു, ഖലീഫത്തുൽ മസീഹ് വളരെയധികം പ്രഭാവം ചെലുത്തുന്ന വ്യക്തിയാണ്. ഇസ്‌ലാമിന്റെ പേരിൽ തെറ്റായ കാര്യങ്ങൾ ചെയ്യുന്ന മറ്റ് മുസ്‌ലിംകളിലും യഥാർഥ മുസ്‌ലിംകളിലും ഉള്ള വ്യതിരിക്തത വിവരിച്ചത് അവർക്ക് വളരെ ഇഷ്ടപ്പെട്ടു.

ഒരു അതിഥിയായ സ്ത്രീ Metzger പറയുന്നു, അവർക്ക് ക്ഷണം ലഭിച്ചപ്പോൾ ഒരു സ്ത്രീ എന്ന നിലയിൽ ആദ്യം അവർ ഒന്ന് സങ്കോചപ്പെട്ടു. എന്നാൽ ഇവിടെ വന്നപ്പോൾ അവർക്ക് അതെല്ലാം വിരുദ്ധമായിട്ടാണ് അനുഭവപ്പെട്ടത്. അവർക്കിവിടെ സമാധാനം അനുഭവപ്പെട്ടു. അവർ പറയുന്നു, അവരുടെ പട്ടണത്തിൽ ഏതാനും തുർക്കി സമുദായത്തിവെ ആളുകളുണ്ട്. അവർ സ്വയം തങ്ങളെ സമുദായത്തിൽ നിന്ന് അകറ്റി നിർത്തുന്നു. ആ സ്ത്രീ പറയുന്നു, ഖലീഫ സാഹിബ് വളരെ വിശാലഹൃദയാണെന്ന് മനസ്സിലാകുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ വളരെ മഹത്തായതാണ്. ഖലീഫത്തുൽ മസീഹ് വിവരിച്ച സമാധാനത്തിന്റെയും ഒത്തൊരുമയുടെയും കാര്യങ്ങൾ കേട്ട് അവർ അദ്ഭുതപ്പെടുകയുണ്ടായി. അത് വളരെ പ്രാധാന്യമർഹിക്കുന്നതാണെന്ന് തോന്നുകയും അവർക്കത് ഇഷ്ടമാകുകയും ചെയ്തു. ഇത്തരത്തിൽ സമുദായത്തിൽ ഉന്നമനം സംജാതമാക്കാൻ സാധിക്കുന്നതാണ്. സ്ത്രീകളും തറക്കല്ലിട്ടത് അവർക്ക് വളരെ ബോധിക്കുകയുണ്ടായി.

ഹൈസ്കൂളിലെ അധ്യാപകനായ ഒരു അതിഥി Manfred Witting പറഞ്ഞു: ഇന്നത്തെ പരിപാടിയിലെ ആതിഥ്യമര്യാദ വളരെ ഉന്നതമായിരുന്നു. ഖലീഫത്തുൽ മസീഹിൽ നിന്ന് ഒരു പ്രഭാവം വെളിപ്പെടുന്നു. അദ്ദേഹം നൽകിയ പ്രഭാഷണം വളരെ ഗംഭീരമായിരുന്നു. ഒരു ക്രിസ്ത്യാനി എന്ന നിലയിൽ താൻ കേട്ടതെല്ലാം അയാൾ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. എല്ലാ മതങ്ങളും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പാഠമാണ് നൽകുന്നതെന്ന ഖലീഫത്തുൽ മസീഹിന്റെ വാക്കുകൾ അദ്ദേഹത്തിന് വളരെ ഇഷ്ടമായി.

ഒരു ഹൈസ്കൂൾ അധ്യാപകനായ Martin Jenneman തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു കൊണ്ട് പറയുന്നു: ഖലീഫത്തുൽ മസീഹ് വളരെ ഉന്നത ധാർമിക ഗുണങ്ങളുടെ ഉടമസ്ഥനാണ്. അയാൾ പറയുന്നു, ഖലീഫത്തുൽ മസീഹിൽ നിന്ന് കാരുണ്യവും സ്നേഹവും വെളിപ്പെടുകയായിരുന്നു. പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്യുന്നുണ്ട് എന്നും വ്യക്തമായിരുന്നു. ഖലീഫത്തുൽ മസീഹ് പറഞ്ഞ സൗഹാർദ്ദത്തിന്റെ കാര്യവും അദ്ദേഹത്തിൽ കാണാൻ കഴിഞ്ഞു.

ഒരു അതിഥി Frandt സാഹിബ് പറയുന്നത് അദ്ദേഹത്തിന് ഈ പരിപായിയുടെ ചുറ്റുപാട് വളരെ ഇഷ്ടപ്പെട്ടു എന്നാണ്. അദ്ദേഹം പറയുന്നു, ഖലീഫത്തുൽ മസീഹ് ശാന്തസ്വഭാവക്കാരനായ സമാധാനപ്രിയനായ വ്യക്തിയാണെന്ന് മനസ്സിലാകുന്നു.

ഒരു അതിഥി Stefan Jesberg പറയുന്നു, ഖലീഫത്തുൽ മസീഹ് ഒരു നിക്ഷ്പക്ഷമതിയായ സൗഹൃദ പ്രകൃതക്കാരനായ വ്യക്തിയാണെന്നാണ് തോന്നുന്നത്. ഖലീഫത്തുൽ മസീഹിൽ മാനുഷിക സവിശേഷതകൾ സമ്മേളിച്ചിരിക്കുന്നു. തറക്കല്ലിടുന്ന പരിപാടിയിൽ സ്ത്രീകൾക്കും കുട്ടികൾക്കും കല്ലിടുന്നതിനുള്ള അവസരം നൽകിയത് എന്നെ വളരെ സ്വാധീനിക്കുകയുണ്ടായി.

ഒരു അതിഥിയായ സ്ത്രീ Edith പറയുന്നു, അയൽക്കാരെ സംബന്ധിച്ച് ഖലീഫത്തുൽ മസീഹ് സമർപ്പിച്ച അദ്ധ്യാപനം വളരെ മഹത്തരമാണ്. ക്രിസ്ത്യാനിയായിരുന്നിട്ടും അദ്ദേഹം പറഞ്ഞത് ഞങ്ങളിലും ആ അദ്ധ്യാപനങ്ങൾ ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു.!

ഒരു അതിഥി Martin പറയുന്നു, സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ച് ഖലീഫത്തുൽ മസീഹ് പറഞ്ഞത് സ്ത്രീകളുടെ എല്ലാ അവകാശങ്ങളും ഹനിക്കപ്പെടുന്ന സംസ്കാരത്തെ അപേക്ഷിച്ച് വളരെ മഹത്തായതാകുന്നു.

ഒരു മുസ്‌ലിമായ സുഹൃത്ത് പരിപാടി നടക്കുന്ന സമയത്ത് രണ്ടാമത്തെ നിരയിൽ ഇരുന്ന് നിശ്ശബ്ദമായി ഹുസൂർ തിരുമനസ്സിന്റെ പ്രഭാഷണം ശ്രവിക്കുകയായിരുന്നു. അതിനു ശേഷം അദ്ദേഹത്തിന് ഹുസൂർ തിരുമനസ്സുമായി ഹസ്തദാനം ചെയ്യുന്നതിനുള്ള സൗഭാഗ്യം ലഭിക്കുയുണ്ടായി. അത് അദ്ദേഹത്തെ എത്രത്തോളം സ്വാധീനിച്ചെന്നാൽ അദ്ദേഹത്തിന് തന്റെ വികാരങ്ങളെ നിയന്ത്രിക്കാൻ സാധിച്ചില്ല. അനിയന്ത്രിതമായി അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ പുറപ്പെട്ടു. പറയുന്നു, എന്നെപ്പോലെ നിസ്സാരനായ ഒരാൾക്ക് ഇത്ര വലിയ വ്യക്തിയുമായി കൈകൊടുക്കാനുള്ള സൗഭാഗ്യം ലഭിച്ചു. എന്റെ വികാരങ്ങളെ പ്രകടിപ്പിക്കാനുള്ള വാക്കുകൾ എനിക്ക് ലഭിക്കുന്നില്ല.

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin